Centre for Public Policy Research

ദുരന്തങ്ങൾ: തയ്യാറെടുപ്പും നേരിടലും

സമൂഹത്തിന് ഒരു കൈപ്പുസ്തകം

സെപ്റ്റംബർ 2020

**'അമേരിക്ക വിത്ത് കേരള' ശില്പശാലയിൽ നിന്നുള്ള
വിവരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട്
ചെന്നൈ യുഎസ് കോൺസുലേറ്റ് ജനറലിന്റെ പിന്തുണയോടെ
സെന്റർ ഫോർ പബ്ലിക് പോളിസി റിസർച്ച് തയ്യാറാക്കിയത്**

Centre for Public Policy Research

ദുരന്തങ്ങൾ: തയ്യാറെടുപ്പും നേരിടലും

സമൂഹത്തിന് ഒരു കൈപ്പുസ്തകം

ഉള്ളടക്കം

ആമുഖം
പ്രധാന നിർദേശങ്ങൾ

1. **ദുരന്തനിവാരണം ആമുഖം**
   1.1 അപകടങ്ങൾ
   1.2 വിവിധ തരം ദുരന്തങ്ങൾ
   1.3. ദുരന്തത്തിന്റെ വിവിധ തലങ്ങൾ
2. **ദുരന്തങ്ങൾ നേരിടാനുള്ള തയ്യാറെടുപ്പുകൾ**
   2.1. വിവിധ തരം ദുരന്തങ്ങൾ നേരിടാനുള്ള തയ്യാറെടുപ്പുകൾ
   2.1.1. ഭൂകമ്പം
   2.1.2. ചുഴലിക്കാറ്റ്
   2.1.3. ഉഷ്ണവാതം (ചൂടുകാറ്റ്)
   2.1.4. പ്രളയം
   2.2. കുടുംബത്തിന് വേണ്ടിയുള്ള ദുരന്ത തയ്യാറെടുപ്പ് പദ്ധതി
   2.2.1 തയ്യാറെടുപ്പിൻറെ നാലു ഘട്ടങ്ങൾ
   ഒന്നാം ഘട്ടം: അറിഞ്ഞിരിക്കുക
   രണ്ടാം ഘട്ടം: ദുരന്ത നിവാരണപദ്ധതി തയ്യാറാക്കുക
   മൂന്നാം ഘട്ടം: എമർജൻസി കിറ്റ് തയ്യാറാക്കുക
   നാലാം ഘട്ടം: ദുരന്തം നേരിടാനുള്ള മാതൃകാ പരിശീലനം (മോക്ക് ഡ്രിൽ) നടത്തുക
   2.3. എമർജൻസി കിറ്റ് തയ്യാറാക്കൽ
   2.4. പ്രായമായ വ്യക്തികൾക്ക് വേണ്ടിയുള്ള ദുരന്ത തയ്യാറെടുപ്പ് പദ്ധതി
   2.4.1. ദുരന്തത്തെക്കുറിച്ച് മുന്നറിയിപ്പ് കിട്ടിയാൽ ചെയ്യേണ്ട കാര്യങ്ങൾ
   2.4.2. ദുരന്തസമയത്ത് ചെയ്യേണ്ട കാര്യങ്ങൾ
   2.5. ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് വേണ്ടിയുള്ള ദുരന്ത തയ്യാറെടുപ്പ് പദ്ധതി
   2.6. വളർത്തുമൃഗങ്ങൾക്ക് വേണ്ടിയുള്ള ദുരന്ത തയ്യാറെടുപ്പ്
3. **അപായ സൂചനാ സംവിധാനങ്ങളും അംഗീകൃത നടപടി ക്രമങ്ങളും**
   3.1. മഴയും പ്രളയവും
   3.2. ചുഴലിക്കാറ്റ്/കൊടുങ്കാറ്റ്
   3.3. കടൽക്ഷോഭം
   3.4. സുനാമി
   3.5 മണ്ണിടിച്ചിൽ/ഉരുൾപൊട്ടൽ
4. **നേരത്തെയുള്ള അപായ സൂചനയും തയ്യാറെടുപ്പുകളും തദ്ദേശ ഭരണകൂടം, പൗരന്മാർ, മാധ്യമങ്ങൾ പങ്കും ഉത്തരവാദിത്തങ്ങളും**
   4.1. തയ്യാറെടുപ്പുകൾ നടത്തുന്നതിൽ വാർഡ് മെമ്പർമാരുടെ/കൗൺസിലർമാരുടെപങ്ക്
   4.2. പൗരന്റെ ഉത്തരവാദിത്തങ്ങൾ
   4.3. മാധ്യമങ്ങളുടെ പങ്കും ഉത്തരവാദിത്തങ്ങളും

5. ദുരന്തം നേരിടൽ (പ്രതികരണം)
5.1. ദുരന്തം നേരിടാനുള്ള (പ്രതികരണത്തിനുള്ള) സ്ഥാപനപരമായ ചട്ടക്കൂട്
5.2. പ്രധാന ചുമതലകളും ഉത്തരവാദിത്തങ്ങളും

6. ദുരന്ത നിവാരണ ആശയവിനിമയവും ഇൻഫർമേഷൻ സിസ്റ്റവും
6.1. ദേശീയ-സംസ്ഥാന-ജില്ലാ അടിയന്തര പ്രവർത്തന കേന്ദ്രങ്ങൾ
ദേശീയ അടിയന്തര പ്രവർത്തന കേന്ദ്രം
സംസ്ഥാന അടിയന്തര പ്രവർത്തന കേന്ദ്രം
ജില്ലാ അടിയന്തര പ്രവർത്തന കേന്ദ്രം
കോർപ്പറേഷൻ/മുനിസിപ്പാലിറ്റി/പഞ്ചായത്ത് തലങ്ങളിലെ ദുരന്ത നിവാരണ സമിതികൾ

7. ദുരന്ത മുക്തിയും പുനരധിവാസവും
7.1. ദുരന്തമുക്തി പ്രക്രിയ
7.2. പുനരധിവാസം
ശാരീരിക പുനരധിവാസം
സാമൂഹിക പുനരധിവാസം
സാമ്പത്തിക പുനരധിവാസം
മാനസിക പുനരധിവാസം

8. പ്രതിരോധവും ലഘൂകരണവും: പൗരന്മാർക്കുള്ള അവബോധം
ദുരന്ത സാധ്യതാ വിലയിരുത്തലും മാപ്പിംഗും
അടിസ്ഥാനസൗകര്യ നിരീക്ഷണം
പാരിസ്ഥിതികമായ സുസ്ഥിര വികസനം
ഭൂവിനിയോഗ ആസൂത്രണം
സുരക്ഷിതമായ നിർമ്മാണ രീതികൾ

അനുബന്ധം
A1. അടിയന്തര സാഹചര്യങ്ങളിൽ ഉപയോഗിക്കാവുന്ന പ്രധാനപ്പെട്ട ഫോൺ നമ്പറുകൾ
A2. ദേശീയ-സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റികൾ സമൂഹമാധ്യമങ്ങളിൽ
A3. ജില്ലാ അടിയന്തര പ്രവർത്തന കേന്ദ്രങ്ങൾ
A4. ജില്ലാ കളക്ടർ, ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ ഫയർ ആൻഡ് റെസ്ക്യൂ ഓഫീസർ എന്നിവരുടെ ഫോൺ നമ്പറുകൾ
A5. ജില്ലാ പോലീസ് മേധാവികളുടെ ഫോൺ നമ്പറുകൾ
A6. ജില്ലാ സാമൂഹിക നീതി വകുപ്പ് ഓഫീസുകൾ
A7. ഇന്ത്യയിലെ ദുരന്ത നിവാരണ സംവിധാനത്തിന്റെ ഘടന
A8. കേരളത്തിലെ ദുരന്ത നിവാരണ സംവിധാനത്തിന്റെ ഘടന
ചുരുക്കെഴുത്ത്

ആമുഖം

കേരളത്തിൽ 2018, 2019 വർഷങ്ങളിൽ ഉണ്ടായ മഴക്കാല ദുരന്തങ്ങളെത്തുടർന്ന് കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും (KSDMA), കൊച്ചി കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന സെൻറർ ഫോർ പബ്ലിക് പോളിസി റിസർച്ചും, ചെന്നൈയിലെ അമേരിക്കൻ കോൺസുലേറ്റും സംയുക്തമായി 2019 ജൂൺ മുതൽ ഒക്ടോബർ വരെ നടപ്പാക്കിയ 'അമേരിക്ക വിത്ത് കേരള' എന്ന പദ്ധതിയുടെ ഭാഗമായി ദുരന്തങ്ങൾ നേരിടാനുള്ള തയ്യാറെടുപ്പും ദുരന്ത നിവാരണവും സംബന്ധിച്ച വിവരങ്ങൾ ഉൾക്കൊള്ളിച്ച് സമൂഹത്തെ സജ്ജമാക്കാൻ ലക്ഷ്യമിട്ടുകൊണ്ടാണ് ഈ കൈപ്പുസ്തകം തയ്യാറാക്കിയിട്ടുള്ളത്.

ദുരന്ത നിവാരണം സംബന്ധിച്ച് അമേരിക്കയിൽ നിന്നുള്ള മികച്ച മാതൃകകളും പിന്തുടരാവുന്ന രീതികളും ഇന്ത്യൻ ഏജൻസികളുമായി പങ്കുവെക്കുന്നതോടൊപ്പം അമേരിക്കയിൽ നിന്നുള്ള വിദഗ്ധർക്ക് കേരളം നേരിട്ട ദുരന്തത്തെക്കുറിച്ച് പഠിക്കുവാനും വിലയിരുത്തുവാനും അവസരം ഒരുക്കുക എന്നതായിരുന്നു 'അമേരിക്ക വിത്ത് കേരള' യുടെ ലക്ഷ്യം. അഞ്ചു മാസങ്ങൾ നീണ്ട പദ്ധതിയിൽ ദുരന്ത നിവാരണ പ്രവർത്തനങ്ങളുടെ നാലു ഘട്ടങ്ങളും – തയ്യാറെടുപ്പ്, ആഘാതം ലഘൂകരിക്കൽ, ദുരന്തം നേരിടൽ, ദുരന്തമുക്തി– സംബന്ധിച്ച ചർച്ചകൾ നടന്നു.

2019 ജൂണിൽ തിരുവനന്തപുരത്താണ് 'അമേരിക്ക വിത്ത് കേരള' പദ്ധതിക്ക് തുടക്കം കുറിച്ചത്. ആശയവിനിമയം, വിമർശനാത്മക ചിന്ത, സാങ്കേതിക കഴിവുകൾ എന്നിവയിലൂന്നിയ അമേരിക്കൻ രീതികൾക്ക് മുൻതൂക്കം കൊടുത്തുകൊണ്ട് കേരളത്തിൻറെ ഭൂപ്രകൃതിക്ക് യോജിച്ച, അടിയന്തര സാഹചര്യം നേരിടുന്നതിന് സഹായകരമായ ഒരു പാഠ്യപദ്ധതിക്കുള്ള ആശയം രൂപീകരിച്ചു. സിയാറ്റിലിലെ യൂണിവാഴ്സിറ്റി ഓഫ് വാഷിങ്ടണിൽ നിന്നുമുള്ള ഡോക്ടർ ഹിമാൻഷു ഗ്രോവർ ആയിരുന്നു 'അമേരിക്ക വിത്ത് കേരള' ശില്പശാലകളിൽ പങ്കെടുത്ത വിദഗ്ദ്ധൻ.

2019 ജൂലൈയിൽ കൊച്ചിയിൽ നടന്ന ശില്പശാലയിൽ സുസ്ഥിര നയ പരിപാലനം, പലവിധ അപകടഭീഷണികൾ, അടിസ്ഥാനസൗകര്യ നവീകരണം എന്നീ വിഷയങ്ങളിൽ ഊന്നിയാണ് ചർച്ചകൾ നടന്നത്.

സുസ്ഥിര അടിസ്ഥാനസൗകര്യ വികസനത്തെ കുറിച്ചാണ് ശില്പശാലയിൽ പങ്കെടുത്ത, ന്യൂയോർക് ആസ്ഥാനമായി പ്രവർത്തിക്കുന്ന റീബിൽഡ് ബൈ ഡിസൈൻ എന്ന സർക്കാരിതര സ്ഥാപനത്തിൻറെ സിഇഒ ആമി ചെസ്റ്റർ അടിവരയിട്ടു പറഞ്ഞത്.

2019 ഒക്ടോബറിൽ കോഴിക്കോട് നടന്ന ശില്പശാലയിൽ പ്രധാനമായും ചർച്ച ചെയ്തത് സമൂഹത്തിൻറെ ഏറ്റവും താഴെത്തട്ടിൽ നടപ്പാക്കേണ്ട ദുരന്ത ആഘാത ലഘൂകരണ നടപടികളെക്കുറിച്ചായിരുന്നു. നെബ്രാസ്ക യൂണിവേഴ്സിറ്റിയിൽ നിന്നുള്ള ഡോക്ടർ സമാന്ത മൊൺടാനോ, സാമൂഹിക പ്രതിരോധം തീർക്കുന്നതുമായി ബന്ധപ്പെട്ട മികച്ചതും പിന്തുടരാവുന്നതുമായ മാതൃകകളെ പരിചയപ്പെടുത്തി. ദുരന്ത നിവാരണവുമായി ബന്ധപ്പെട്ട പ്രാഥമിക കാര്യങ്ങൾ, ദുരന്തമുക്തിയിൽ സർക്കാരിതര സ്ഥാപനങ്ങളുടെ പങ്ക് എന്നീ വിഷയങ്ങളിലാണ് കോഴിക്കോട് ശില്പശാലയിൽ ചർച്ചകൾ നടന്നത്.

കേരളം 2018, 2019 വർഷങ്ങളിൽ നടത്തിയ മഴക്കാല ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ ഏറ്റവും താഴെത്തട്ടിൽ പ്രവർത്തിച്ച സന്നദ്ധ പ്രവർത്തകരുടെയും, മറ്റു അമേരിക്കൻ-ഇന്ത്യൻ വിദഗ്ധരുടെയും, ദേശീയ-സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റികളിൽ നിന്നും ശേഖരിച്ച വിവരങ്ങളും, നിർദേശങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ടാണ് ഈ പുസ്തകം തയ്യാറാക്കിയിരിക്കുന്നത്.

പ്രധാന നിർദേശങ്ങൾ

- വിദ്യാഭ്യാസ സ്ഥാപനങ്ങൾ ദുരന്ത നിവാരണത്തെക്കുറിച്ച് (എല്ലാ വിധ അപകടങ്ങളെക്കുറിച്ചും) 40 മണിക്കൂർ ദൈർഘ്യമുള്ള കോഴ്സ് നടത്തുന്നത് പ്രോത്സാഹിപ്പിക്കേണ്ടതാണ്. യൂണിവേഴ്സിറ്റികളിലും, സ്വയംഭരണ പദവി ലഭിച്ചിട്ടുള്ള കോളേജുകളിലും നിലവിലുള്ള കോഴ്സുകളുടെ ഭാഗമായി ഇത് നടപ്പാക്കാൻ കഴിയും.

- യൂണിവേഴ്സിറ്റി വിദ്യാർത്ഥികൾക്ക് ദുരന്ത നിവാരണത്തെക്കുറിച്ചുള്ള മൂന്ന് മണിക്കൂർ സെമിനാർ നിർബന്ധമാക്കുക. കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും മറ്റു വിദഗ്ധ ഏജൻസികളും ഇതിനു വേണ്ട സൗകര്യങ്ങൾ ചെയ്തുകൊടുക്കണം.

- ദുരന്ത നിവാരണം സംബന്ധിച്ച അറിവുകൾ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ഓൺ ലൈൻ കോഴ്സുകളായി അവതരിപ്പിക്കുക. മറ്റു വിഷയങ്ങൾ പഠിക്കുന്ന വിദ്യാർത്ഥികൾക്കും ഇത് സഹായകരമായിരിക്കും.

- ഏതു തരം ദുരന്തത്തെയും നേരിടാൻ സഹായകരമായ ഒരു പൊതു ചട്ടക്കൂട് വികസിപ്പിക്കുക. അത് ഫലപ്രദമായി നടപ്പാക്കാൻ ജനങ്ങളെ തന്നെ പ്രാപ്തരാക്കുകയും അതിനായി പ്രവർത്തിക്കുകയും ചെയ്യുക. ദുരന്ത ആഘാത ലഘൂകരണ നടപടികളും തയ്യാറെടുപ്പുകളും ദുരന്തം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾ വലിയൊരളവുവരെ കുറക്കാൻ സഹായിക്കുന്നുണ്ട് എന്ന് അമേരിക്കൻ ദുരന്ത നിവാരണ രീതികളെക്കുറിച്ചുള്ള പഠനത്തിൽ കണ്ടെത്തിയിട്ടുണ്ട്.

- ഓരോ ദുരന്ത സംഭവങ്ങൾക്ക് ശേഷവും നിവാരണ രീതികൾ കാലാനുസൃതമായി പുതുക്കുക.

- മുൻകൂർ അപായ സൂചനകൾ നൽകാൻ പൊതു-സ്വകാര്യ പങ്കാളിത്ത രീതി അവലംബിക്കുക. മെസ്സേജുകൾ അയക്കുന്നതോടൊപ്പം Damini: The Lightining അലെർട് പോലുള്ള അപായ സൂചനകൾ തരുന്ന ആപ്പ് ഉപയോഗിക്കുന്നതിന് പൊതുജനത്തെ പ്രോത്സാഹിപ്പിക്കുക. ഇതിനു പുറമെ അപായ മുന്നറിയിപ്പ് നൽകുന്നതിനുള്ള ഒരു പൊതു സംവിധാനം ഒരുക്കുക.

- എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും എൻഎസ്എസ്, എൻസിസി പോലുള്ള വിദ്യാർത്ഥി സന്നദ്ധ സംഘങ്ങളെ ഉപയോഗിച്ച് ദുരന്ത നിവാരണ സെൽ രൂപീകരിക്കുക.

2. തിരച്ചിൽ, രക്ഷപ്പെടുത്തൽ, ഒഴിപ്പിക്കൽ

- ദുരന്തമേഖലയിൽ കാണാതായവർക്ക് വേണ്ടിയുള്ള തിരച്ചിലും രക്ഷപ്പെടുത്തലും നടപ്പാക്കുന്നതിനുള്ള അധികാരം താഴേത്തട്ടിലേക്ക് വ്യാപിപ്പിക്കുക. ഈ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഉപകരണങ്ങളും മനുഷ്യവിഭവശേഷിയും തദ്ദേശ ഭരണകൂടങ്ങളുടെ കീഴിൽ ഏതു സമയത്തും സജ്ജമായിരിക്കണം. തദ്ദേശഭരണ നേതൃത്വത്തെയും പ്രദേശവാസികളെയും ഇതിനായി പരിശീലിപ്പിക്കുക.

- പൗരന്മാർ, പ്രാദേശിക നേതാക്കൾ, ജനപ്രതിനിധികൾ, മറ്റു ബന്ധപ്പെട്ട നിയമപരമായ സംഘടനകൾ എന്നിവരെ ഉൾപ്പെടുത്തി സംഘങ്ങൾ രൂപീകരിക്കുകയും അതുവഴി ജനങ്ങളുടെ പങ്കാളിത്തം ഉറപ്പു വരുത്തുകയും ചെയ്യുക.

- ദുരന്ത നിവാരണവുമായി ബന്ധപ്പെട്ട സംഘടനകൾ/വകുപ്പുകൾ/ വ്യക്തികൾ/സ്ഥാപനങ്ങൾ എന്നിവയെ ഓൺലൈൻ സൗകര്യം ഉപയോഗിച്ച് ഒരു കുടക്കീഴിൽ കൊണ്ടുവരിക. ഇതിലേക്ക് അഗ്നിശമന സേന, പോലീസ്, തദ്ദേശഭരണകൂടം, പ്രതിരോധ സേനകൾ, അണക്കെട്ട് പരിപാലന അതോറിറ്റി, സർക്കാരിതര സംഘടനകൾ, മെഡിക്കൽ സംഘം, റവന്യു വകുപ്പ് എന്നിവരുടെ പങ്കാളിത്തം ഉൾപ്പെടുത്തുക.

- പ്രാദേശിക തലത്തിൽ നടത്തുന്ന തിരച്ചിലും രക്ഷപ്പെടുത്തലും പോലുള്ള ദുരന്ത നിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ ഒരു ഓൺലൈൻ സൗകര്യം ഏർപ്പെടുത്തുക. ലഭിക്കുന്ന വിവരങ്ങളുടെ സത്യാവസ്ഥ ഉറപ്പുവരുത്തിയതിനു ശേഷം ഈ വിവരം വിവിധ മാർഗങ്ങളിലൂടെ പോർട്ടലിൽ ലഭ്യമാക്കുക.

3. ദുരിതാശ്വാസ/അഭയകേന്ദ്രങ്ങളുടെ നടത്തിപ്പ്

- ദുരിതാശ്വാസ സാധങ്ങൾ കുമിഞ്ഞുകൂടി പാഴായിപ്പോകുന്നത് ഒഴിവാക്കാൻ സംഭാവനയായി കിട്ടുന്ന സാധനങ്ങൾ ശേഖരിക്കാൻ കേന്ദ്രീകൃതവും ഏകോപനം ഉള്ളതുമായ ഒരു സംവിധാനം ഉണ്ടായിരിക്കണം.

- ദുരിതാശ്വാസ സാധനങ്ങളുടെ കാര്യക്ഷമമായ വിതരണം ഉറപ്പാക്കാൻ പൊതുവിതരണ സംവിധാനം ഉപയോഗപ്പെടുത്തുന്നതിനെക്കുറിച്ച് പരിഗണിക്കാവുന്നതാണ്.

- എല്ലാ ജില്ലകളിലും സ്ഥിരം ദുരിതാശ്വാസ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നത് സാധ്യമാണോ എന്ന കാര്യം പരിഗണിക്കണം. എളുപ്പത്തിൽ എത്തിപ്പെടാവുന്നതും ഏതെങ്കിലും തരത്തിലുള്ള അപകട ഭീഷണി ഇല്ലാത്തതും ആയിരിക്കണം അത്തരം കേന്ദ്രങ്ങൾ.

- ദുരിതാശ്വാസ കേന്ദ്രങ്ങൾ പ്രായമായവരുടെയും ഭിന്നശേഷിക്കാരുടെയും ആവശ്യങ്ങൾ നിറവേറ്റാനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് നിർമിക്കണം.

- സ്കൂൾ പോലെ ദുരിതാശ്വാസ കേന്ദ്രമായി ഉപയോഗിക്കാൻ കഴിയുന്ന കെട്ടിടങ്ങളിൽ വൈദ്യുതി ഉറപ്പുവരുത്താൻ ജനറേറ്റർ സൗകര്യം ഏർപ്പെടുത്തുക.

4. വീടും അടിസ്ഥാന സൗകര്യങ്ങളും

- ദുരന്ത നിവാരണ പരിശീലന/പഠന പരിപാടികളിൽ ഭൂമിയുടെ ഉപയോഗം, ജിയോഗ്രാഫിക് ഇൻഫർമേഷൻ സിസ്റ്റം (GIS) സംബന്ധിച്ച സാങ്കേതികത, പ്രകൃതി വിഭവങ്ങളുടെ പരിപാലനം, നിയമങ്ങളും ചട്ടങ്ങളും, അടിസ്ഥാനസൗകര്യ വികസനം, പരിസ്ഥിതി സംബന്ധിച്ച വിഷയങ്ങൾ എന്നിവ കൂടി ഉൾപ്പെടുത്തണം.

- സുസ്ഥിര നിർമാണ രീതികൾ, ഭൂമിയുടെ ഉപയോഗം, ജലവിഭവ പരിപാലനം, കെട്ടിടവും ഭൂമി ഉപയോഗവും സംബന്ധിച്ച ചട്ടങ്ങൾ (പ്രത്യേകിച്ച് തീരപ്രദേശങ്ങളിൽ) എന്നിവക്ക് ഊന്നൽ കൊടുക്കുക.

- പാരിസ്ഥിതിക സന്തുലിതാവസ്ഥ തകർക്കുന്ന ഖനനവും നിർമാണ പ്രവൃത്തികളും നിർത്തിവെക്കുക. നിർമാണങ്ങൾ കൃത്യമായ ആസൂത്രണത്തോടുകൂടിയും ദുരന്തങ്ങളെ ചെറുക്കാൻ കഴിയുന്ന രീതിയിലുമായിരിക്കണം.

- ഏറ്റവും ഫലപ്രദമായി ഭൂമി വിനിയോഗിക്കാൻ കഴിയുന്നതും ദുരന്തങ്ങളെ ചെറുക്കാൻ കഴിയുന്നതുമായ നിർമാണ രീതികൾ പിന്തുടരുക. പുതിയ മാസ്റ്റർ പ്ലാനുകളും ബിൽഡിങ്ങ് നിയമങ്ങളും തയ്യാറാക്കി ഇത് നടപ്പിലാക്കാം.

- സൗരോർജം ഉപയോഗിക്കുന്ന നിർമാണ രീതികൾ, പദ്ധതികൾ എന്നിവ പ്രോത്സാഹിപ്പിക്കുക.

- അപകട സാധ്യതകളുടെ മാപ്പിംഗ് നടത്തി ആ വിവരം ജനങ്ങൾക്ക് ലഭ്യമാക്കുക.

- കെട്ടിട നിർമാണ ചട്ടങ്ങൾ ഏകീകരിക്കുക, മേഖല തിരിച്ച് നിയന്ത്രണങ്ങൾ നടപ്പാക്കുക, കെട്ടിടങ്ങളുടെ രൂപരേഖ പരിശോധിക്കുന്നത് അംഗീകാരം കൊടുക്കുന്നതിനുള്ള നടപടിക്രമങ്ങളിൽ ഉൾപ്പെടുത്തുക.
- പരമ്പരാഗത നിർമാണ രീതികൾ പ്രോത്സാഹിപ്പിക്കുക. പരമ്പരാഗത രീതിയിൽ നിർമിക്കപ്പെട്ട കെട്ടിടങ്ങൾ പലപ്പോഴും പുതിയവയെക്കാൾ ദുരന്തങ്ങളെ അതിജീവിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്.

5. പൊതുജനാരോഗ്യം

- പൊതുജനാരോഗ്യം സംബന്ധിച്ച പാഠ്യ പദ്ധതിയിൽ പ്രഥമ ശുശ്രൂഷക്ക് മുൻതൂക്കം നൽകേണ്ടതാണ്. പ്രാദേശികമായി ലഭ്യമായിരുന്ന വൈദ്യസഹായ സൗകര്യങ്ങളെക്കുറിച്ചും, ഉപകരണങ്ങൾ ഉപയോഗിക്കേണ്ടത് എങ്ങനെയെന്നതിനെക്കുറിച്ചും അടിസ്ഥാന അവബോധം വിദ്യാർത്ഥികളിൽ സൃഷ്ടിക്കുക. സ്വരക്ഷ ഉറപ്പാക്കുന്നതിലും രക്ഷാപ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നതിനുമുള്ള പരിശീലനം നൽകുക.
- പൊതുജനാരോഗ്യം സംബന്ധിച്ച് സംസ്ഥാന ആരോഗ്യ വകുപ്പ് ഒരു ദീർഘകാല ദുരന്ത ആഘാത ലഘൂകരണ പദ്ധതി തയ്യാറാക്കണം. സർക്കാരിൻറെ സ്ഥാപനപരമായ ശേഷി വർധിപ്പിക്കുകയും ഡോക്ടർമാരുടെയും മെഡിക്കൽ ഓഫീസർമാരുടെയും മറ്റു പ്രവർത്തകരുടെയും പങ്ക് കൃത്യമായി നിർവചിക്കുകയും ചെയ്യുക.
- ആരോഗ്യപരിപാലന സൗകര്യങ്ങളുടെ ശേഷി, ശൃംഖല, അടിയന്തര യാത്രാ സൗകര്യങ്ങൾ എന്നിവയുടെ വിവരശേഖരണം നടത്തുക.
- ദുരന്ത കാലത്ത് രോഗങ്ങൾ കൃത്യമായി റിപ്പോർട്ട് ചെയ്യാനും നിരീക്ഷിക്കാനും ഒരു സോഫ്റ്റ്‌വെയർ വികസിപ്പിക്കുക.

6. അടിസ്ഥാന ജീവൻ രക്ഷാ പ്രഥമ ശുശ്രൂഷ

- ദുരന്തത്തിന് ഇരയായവർക്ക് മുൻഗണന അടിസ്ഥാനത്തിൽ വൈദ്യസഹായം എത്തിക്കുക. പ്രാഥമിക വിലയിരുത്തലുകൾക്ക് ശേഷം രോഗികളെ ചുവപ്പ് (അടിയന്തര ചികിത്സ ആവശ്യമുള്ളത്) മഞ്ഞ (അടിയന്തര ചികിത്സ ആവശ്യമില്ലാത്തത്) പച്ച (ചികിത്സ ആവശ്യമില്ലാത്തത്) കറുപ്പ് (ജീവൻ നഷ്ടപ്പെട്ടത്) എന്നിങ്ങനെ തരംതിരിക്കുക.

- ഏറ്റവും അടുത്തുള്ള ആശുപത്രിയിലെ ആരോഗ്യ പ്രവർത്തകരുടെ സംഘത്തെ ആവശ്യം വന്നാൽ ഉപയോഗിക്കാനായി പരിശീലിപ്പിച്ചു തയ്യാറാക്കി നിർത്തുക. അതാതു പ്രദേശങ്ങളിലോ തൊട്ടടുത്ത സ്ഥലങ്ങളിലോ ഉള്ള രക്ത ബാങ്കുകൾ രക്തദാതാക്കളുടെ പുതുക്കിയ പട്ടികയുമായി തയ്യാറായിരിക്കണം.

- വിവിധ ആശുപത്രികളിലെ വിവിധ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുക, ഒപ്പം ആംബുലൻസ് ഡ്രൈവർമാർക്ക് പരിശീലനം നൽകുകയും ചെയ്യുക.

- സാന്ത്വന ചികിത്സ ആവശ്യമുള്ള രോഗികൾക്കും, മാരക രോഗങ്ങൾ നേരിടുന്ന രോഗികൾക്കും, മുതിർന്നവർക്കും, ഭിന്ന ശേഷിയുള്ളവർക്കും വേണ്ട പരിചരണത്തിനായി നേരത്തെ തന്നെ പദ്ധതി തയ്യാറാക്കുക.

- ദുരന്തം കാരണം മാനസികമായി തളർന്നു പോയവർക്ക് പിന്തുണ നൽകുക.

ശില്പശാലയിൽ പങ്കെടുത്തവർ നിർദേശിച്ച നയപരമായ മാറ്റങ്ങൾ

- സർക്കാരിതര സ്ഥാപനങ്ങൾ, നാഷണൽ സർവീസ് സ്കീം , എൻസിസി, കുടുംബശ്രീ, തുടങ്ങിയ സംഘടനകളിൽ നിന്നുള്ള സന്നദ്ധ പ്രവർത്തകർക്കും കോളേജ് വിദ്യാർഥികൾക്കും അടിസ്ഥാന ജീവൻ രക്ഷാ പ്രഥമ ശുശ്രൂഷയിൽ പരിശീലനം നൽകുക.

- ഏകീകൃത ശിശു സംരക്ഷണ പദ്ധതി രൂപീകരിക്കുക.

- അടിസ്ഥാന ജീവൻ രക്ഷാ പ്രഥമ ശുശ്രൂഷയിൽ പരിശീലനം നേടുന്ന സന്നദ്ധ പ്രവർത്തകർക്ക് ഇന്ത്യൻ മെഡിക്കൽ കൗൺസിൽ, കേരള ആരോഗ്യ സർവ്വകലാശാല പോലുള്ള സ്ഥാപനങ്ങളുടെ അംഗീകാരമുള്ള സർട്ടിഫിക്കറ്റ് നൽകുക.

- പ്രാദേശിക ആശുപത്രികളിൽ അടിയന്തര പരിചരണവും അതിനുവേണ്ട അടിസ്ഥാന സൗകര്യ വികസനവും നിയമം വഴി ഉറപ്പാക്കുക.

- ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി സർക്കാരിതര മേഖല ശക്തിപ്പെടുത്തുക.

- അടിസ്ഥാന ജീവൻ രക്ഷാ പ്രഥമ ശുശ്രൂഷ സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുക.

അടിസ്ഥാന ജീവൻ രക്ഷാ പ്രഥമ ശുശ്രൂഷയിൽ ഉൾപ്പെടുത്താവുന്ന സംഘടനകൾ

- സർക്കാർ-സ്വകാര്യ ആശുപത്രികൾ
- ആവശ്യമായ പരിശീലനം ലഭിച്ചിട്ടുള്ള സർക്കാരിതര സംഘടനകൾ
- ആംബുലൻസ് സേവനങ്ങൾ
- എൻസിസി, എൻഎസ്എസ്, സ്കൗട്ട് തുടങ്ങിയ വിദ്യാർത്ഥി സംഘടനകൾ
- മതസമുദായ സംഘടനകൾ

7. സാമൂഹിക പ്രതിരോധം

- തദ്ദേശ ഭരണകൂടങ്ങളുടെ പങ്ക് വർധിപ്പിക്കുക. മിക്ക ദുരന്ത സ്ഥലങ്ങളിലും ദുരന്ത നിവാരണ സേനയോ രക്ഷാപ്രവർത്തകരോ എത്തുന്നതിനു മുൻപേ തന്നെ പ്രാദേശിക ഭൂപ്രകൃതിയെക്കുറിച്ച് അറിയാവുന്ന തദ്ദേശ ഭരണകൂടം തിരച്ചിലും രക്ഷാപ്രവർത്തനങ്ങളും തുടങ്ങാറുണ്ട്. ദുരന്ത സാധ്യത സ്ഥലം ഏതാണെന്നു തിരിച്ചറിയാൻ തദ്ദേശ ഭരണകൂടത്തിന് കഴിയും. ആരോഗ്യ-കൃഷി വകുപ്പുകളിൽ നിന്നുള്ള ഉദ്യോഗസ്ഥർ, സ്കൂളുകൾ, വാഹനങ്ങൾ, ആശുപത്രികൾ, സംഘടനകൾ, കുടുംബശ്രീ ഗ്രൂപ്പുകൾ എന്നിങ്ങനെ ആവശ്യമായ വിഭവങ്ങളും തദ്ദേശ തലത്തിൽ ലഭ്യമാണ്. നദീ തടങ്ങൾ, നീർത്തടങ്ങൾ, വനവൽക്കരണം തുടങ്ങിയവയുടെ സംരക്ഷണത്തിനും നിരീക്ഷണത്തിനുമുള്ള പദ്ധതികൾ തദ്ദേശ ഉദ്യോഗസ്ഥർക്ക് മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികളെ ഉപയോഗിച്ച് ഫലപ്രദമായി നടപ്പാക്കാൻ കഴിയും.

- റവന്യു വകുപ്പ് ഉദ്യോഗസ്ഥർ, വിദ്യാർഥികൾ, അധ്യാപകർ, പഞ്ചായത്ത് അംഗങ്ങൾ എന്നിവർക്ക് ദുരന്ത നിവാരണ പരിശീലനം നൽകുക.

- മുൻപ് ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ പങ്കെടുത്തിട്ടുള്ളവരെ മറ്റുള്ളവരെ പരിശീലിപ്പിക്കാൻ നിയോഗിക്കുക.

- പ്രാദേശിക സന്നദ്ധ സംഘടനകളെയും, വ്യക്തിഗത സന്നദ്ധ പ്രവർത്തകരെയും തയ്യാറാക്കി നിർത്തുക. ദുരന്തത്തിന് മുൻപും, ദുരന്ത സമയത്തും, ദുരന്തത്തിന് ശേഷവും ഗണ്യമായ പങ്ക് വഹിക്കുന്ന സർക്കാരിതര സംഘടനകളുടെ പങ്ക് മുന്നൊരുക്കങ്ങൾ, അടിയന്തര സേവനങ്ങൾ, പുനരധിവാസം അടക്കം വിവിധ ഘട്ടങ്ങളിൽ ഉപയോഗപ്പെടുത്താൻ കഴിയും.

- കേരളത്തിൽ 2018ലെ മഹാപ്രളയത്തിനു ശേഷം തയ്യാറാക്കിയ ദുരന്താനന്തര ആവശ്യങ്ങൾ വിലയിരുത്തുന്ന റിപ്പോർട്ടിൽ (Post-Disaster Needs Assessment) ശുപാർശ ചെയ്തിരിക്കുന്നത് പോലെ വിദ്യാഭ്യാസ മേഖലയിൽ ദുരന്ത ആഘാതം കുറക്കുന്നതിന് വേണ്ടി ഹരിത സ്കൂളുകൾ നിർമിക്കുക.

- വിദ്യാർത്ഥികളുടെ സുരക്ഷക്കായി നിശ്ചിത ഇടവേളകളിൽ സ്കൂളുകളിൽ മോക്ക് ഡ്രിൽ നടത്തുക. പൊതു അവബോധം, പ്രഥമ ശുശ്രൂഷ, ഒഴിപ്പിക്കൽ, സ്ഥലത്തെക്കുറിച്ചുള്ള അറിവ്, അപകട സാധ്യതാ മാപ്പുകൾ തയ്യാറാക്കൽ എന്ന കാര്യങ്ങളെക്കുറിച്ച് അറിവുള്ള, അടിയന്തര സാഹചര്യം നേരിടാൻ സജ്ജമായ ഒരു ടീം എല്ലാ സ്കൂളുകളിലും ഉണ്ടായിരിക്കണം.

- സാമൂഹിക പ്രതിരോധം എന്ന ആശയം എല്ലാത്തരം ജീവികളെയും ഉൾപ്പെടുത്തുന്ന തരത്തിൽ വിപുലീകരിക്കുക.

8. ദുരന്തബാധിതരാകാൻ സാധ്യതയുള്ളവരെ രക്ഷിക്കലും പുനരധിവസിപ്പിക്കലും

- ദുരന്തങ്ങളെ ചെറുക്കാനും നേരിടാനും ശേഷി ഉള്ള ഒരു സമൂഹത്തെ വാർത്തെടുക്കുക. ഒരു സമൂഹത്തിൻറെ ദുരന്തബാധിത സാധ്യത നിർവചിക്കപ്പെടുന്നത് ദുരന്തം പ്രതീക്ഷിക്കാനും, അതിനെ നേരിടാനും, ചെറുക്കാനും, ആഘാതത്തിൽ നിന്നും മുക്തി നേടാനുമുള്ള ശേഷിയുടെ അടിസ്ഥാനത്തിലാണ്. പ്രായം, ലിംഗം, സാമൂഹ്യ-സാമ്പത്തിക പശ്ചാത്തലം, ഏതു തരത്തിലുള്ള അപകട ഭീഷണി നേരിടുന്നു എന്നതെല്ലാം ഒരു വ്യക്തിയുടെയോ, ഒരുകൂട്ടം ആളുകളുടെയോ ദുരന്ത ബാധിത സാധ്യത നിർണയിക്കുന്നതിൽ പ്രധാന ഘടകങ്ങൾ ആണ്.

- കൃത്യമായ കർമ്മ പരിപാടികൾ തയ്യാറാക്കിയിട്ടുള്ള സ്ഥാപനങ്ങളുമായി സഹകരിക്കുക. ശില്പശാലകൾ പോലുള്ള പരിപാടികൾ സംഘടിപ്പിച്ച് അത്തരം സ്ഥാപനങ്ങളെ കൂടുതൽ ശക്തിപ്പെടുത്തുക.

- അപായ സൂചന നേരത്തെ നൽകാൻ കഴിയുന്ന ഒരു സംവിധാനം ഏർപ്പെടുത്തുക. ഒഴിപ്പിക്കപ്പെട്ടവർക്ക് സുരക്ഷിതമായ സ്ഥലങ്ങളിൽ എത്തിച്ചേരാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക.

- ഭിന്നശേഷിയുള്ളവരെയും, പ്രത്യേക ശ്രദ്ധ ആവശ്യമുള്ളവരെയും സഹായിക്കാൻ കഴിയുന്ന രീതിയിൽ രക്ഷാപ്രവർത്തകരെയും ആരോഗ്യ

പ്രവർത്തകരെയും പരിശീലിപ്പിക്കുക. ദുരിതാശ്വാസ കേന്ദ്രങ്ങളിലെ ശുചിമുറികൾ പോലുള്ള സൗകര്യങ്ങൾ ഇവർക്ക് കൂടി ഉപയോഗിക്കാൻ കഴിയുന്ന രീതിയിൽ സജ്ജീകരിക്കുക. ഇവർക്ക് അവശ്യ മരുന്നുകൾ ലഭ്യമാക്കാനും ശ്രദ്ധിക്കുക.

- ദുരന്തബാധ സാധ്യതയുടെ മാപ്പിംഗ് നടത്തുകയും അതിൽ പ്രത്യേക സഹായം ആവശ്യമുള്ളവരെ കൂടി ഉൾപ്പെടുത്തുകയും ചെയ്യുന്നത് ദുരന്ത സമയത്ത് അവർക്ക് ആവശ്യമായ സഹായം പെട്ടെന്ന് എത്തിക്കാനും പുനരധിവാസത്തിനും സഹായകരമായിരിക്കും.

- ശാരീരിക വൈകല്യം നേരിടുന്നവരെ തിരയാനും, കണ്ടുപിടിച്ച് രക്ഷപ്പെടുത്താനും സഹായകരമായ ഉപകരണങ്ങൾ വികസിപ്പിക്കുക. റേഡിയോ ഫ്രീക്വൻസി ടാഗ് പോലുള്ള സൗകര്യങ്ങൾ ആവശ്യമായ മാറ്റങ്ങളോടെ ഇതിനു വേണ്ടി ഉപയോഗിക്കാം.

9. അപകട സാധ്യതാ ആശയവിനിമയം

- ദുരന്തത്തിന് മുൻപും, ദുരന്ത സമയത്തും, ദുരന്തത്തിന് ശേഷവും ഉള്ള ആശയവിനിമയത്തെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കുക. സാങ്കേതിക പദങ്ങൾ പൂർണമായും ഒഴിവാക്കി എളുപ്പത്തിൽ മനസ്സിലാക്കാൻ കഴിയുന്ന രീതിയിൽ ആയിരിക്കണം ദുരന്തവുമായി ബന്ധപ്പെട്ട ആശയവിനിമയം.

- ദുരന്തവുമായി ബന്ധപ്പെട്ട ആശയവിനിമയം വികേന്ദ്രീകരിക്കുന്നതിനെ കുറിച്ച് കേരള സംസ്ഥാന സർക്കാർ പരിഗണിക്കണം. ശരിയായ വിവരങ്ങൾ മാത്രമേ പുറത്തു വിടാവൂ എന്നും, ദുരന്തസമയത്തെ വാർത്തകളിൽ അതിശയോക്തി പാടില്ലെന്നും മാധ്യമങ്ങൾക്ക് നിർദേശം നൽകണം .

- അപകട സാധ്യതാ ആശയവിനിമയത്തിന് ഒരു ഏകീകൃത നടപടിക്രമം കൊണ്ട് വരാനും, ആശയവിനിമയത്തിനായി ഒരു പൊതുഇടം സ്ഥാപിക്കുന്നതും സംസ്ഥാന സർക്കാർ പരിഗണിക്കണം. ചുമതലപ്പെടുത്തിയിട്ടുള്ളവർ മാത്രമേ ദുരന്തസമയത്ത് വിവരങ്ങൾ പങ്കുവയ്ക്കാൻ പാടുള്ളൂ. ഇവർ ആരൊക്കെയെന്ന് ജനങ്ങൾ അറിഞ്ഞിരിക്കുകയും വേണം.

10. ജലവിതരണം, മാലിന്യ സംസ്കരണം, ശുചിത്വം

- ദുരന്തസമയത്തെ ഉപയോഗത്തിനായി ബയോ ടോയ്‌ലെറ്റുകളും ഡ്രൈ സാനിറ്റേഷൻ സംവിധാനങ്ങളും സ്ഥാപിക്കുക. മാലിന്യ സംസ്കരണത്തിന് ശാസ്ത്രീയമായ രീതികൾ പിന്തുടരുക.
- നീർത്തടങ്ങളുടെ മാപ്പ് തയ്യാറാക്കി പൊതുജനങ്ങൾക്ക് വേണ്ടി പ്രസിദ്ധീകരിക്കുക.
- പ്രാദേശിക തലത്തിൽ ജലാശയങ്ങളുടെ സംരക്ഷണം പ്രോത്സാഹിപ്പിക്കുക.

1

ദുരന്തനിവാരണം: ആമുഖം

സമൂഹത്തിന് ആകെത്തന്നെയോ അല്ലെങ്കിൽ ഏതെങ്കിലും ഒരു സമുദായത്തിനോ വളരെയധികം നാശമുണ്ടാക്കുകയും അതിനെ അതിജീവിക്കാൻ ആ സമൂഹത്തിനോ സമുദായത്തിനോ പുറമെ നിന്നുള്ള സഹായം ആവശ്യമായി വരികയും ചെയ്യുന്ന ഒരു സംഭവത്തെ ദുരന്തം എന്ന് വിശേഷിപ്പിക്കാം. ഭൂകമ്പം പോലുള്ള പ്രകൃതിക്ഷോഭങ്ങളോ, പകർച്ചവ്യാധികളോ, വ്യാവസായിക അപകടങ്ങളോ, മാത്രമല്ല ദുരന്തങ്ങൾ. മനുഷ്യജീവിതത്തെ പ്രതികൂലമായി ബാധിക്കുന്ന ഏതൊരു സംഭവവും ദുരന്തമാകാം. ജീവനെയും, സ്വത്തിനെയും, സാമ്പത്തിക സ്ഥിരതയെയും, സാമൂഹ്യ-സാംസ്കാരിക ജീവിതത്തെയും തകർക്കുന്ന പ്രതിഭാസമാണ് ദുരന്തങ്ങൾ.

1.1. അപകടങ്ങൾ

ജീവനും, സ്വത്തിനും, പരിസ്ഥിതിക്കും നാശകരമാകുന്ന, അല്ലെങ്കിൽ അതിനു ശേഷിയുള്ള സാഹചര്യങ്ങളോ സംഭവങ്ങളോ ആണ് അപകടങ്ങൾ. ഇതിൽ തന്നെ സ്വാഭാവികമായി സംഭവിക്കുന്നതും മനുഷ്യപ്രവൃത്തി കാരണം സംഭവിക്കുന്നതും ഉണ്ട്.

സ്വാഭാവിക അപകടങ്ങൾ

ഭൗമോപരിതലത്തിലോ അകത്തോ ഉള്ള ഭൗതിക കാരണങ്ങൾ മൂലം സംഭവിക്കുന്ന ഭൂകമ്പം, അഗ്നിപർവത സ്ഫോടനം, വെള്ളപ്പൊക്കം, വരൾച്ച, ചുഴലിക്കാറ്റ് എന്നിവ സ്വാഭാവിക അപകടങ്ങൾക്ക് ഉദാഹരണങ്ങൾ ആണ്. അവ ഉണ്ടാകുന്നത് മനുഷ്യനിയന്ത്രിതമല്ലാത്ത ഭൗതിക കാരണങ്ങളാലാണ് എന്നതുകൊണ്ട് അവയെ തടയാൻ സാധ്യമല്ല. എങ്കിലും, ശരിയായ ആസൂത്രണത്തിലൂടെയും നയരൂപീകരണത്തിലൂടെയും അതുമൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങളുടെ ആഘാതം കുറക്കുവാൻ കഴിയും.

മനുഷ്യപ്രേരിത അപകടങ്ങൾ (അസ്വാഭാവികം)

ഇത്തരം അപകടങ്ങൾക്ക് കാരണം മനുഷ്യൻറെ പ്രവൃത്തികളോ അല്ലെങ്കിൽ അപകട സാധ്യതയോടുള്ള അവഗണനയോ ആണ്. തീവ്രവാദ പ്രവർത്തനങ്ങൾ, അക്രമങ്ങൾ എന്നിവയൊക്കെ ഇവക്ക് ഉദാഹരണങ്ങൾ ആണ്. ബോധവൽക്കരണം, മികച്ച വിദ്യാഭ്യാസം, സുസ്ഥിര നഗര-ഗ്രാമ മാനേജ്മെൻറ് എന്നിവയിലൂടെ അസ്വാഭാവിക അപകടങ്ങൾ തടയാൻ കഴിയും.

ദുരന്തനിവാരണം

അടിയന്തര സാഹചര്യങ്ങളെ നിയന്ത്രിക്കാനും, ഒപ്പം അപകട സാധ്യതയുള്ളവരെ അതിനെ ചെറുക്കാനും, ആഘാതത്തിൽ നിന്ന് കരകയറ്റാനും സഹായിക്കുന്നതിനുള്ള ഒരു ചട്ടക്കൂട് ഉണ്ടാക്കുക എന്ന ഉദ്ദേശ്യത്തോടെ നടപ്പാക്കുന്ന ഒരുകൂട്ടം പ്രവൃത്തികൾ ആണ് ദുരന്ത നിവാരണം. മുൻകൂട്ടിയുള്ള തയാറെടുപ്പുകൾ, അടിയന്തര സാഹചര്യം നേരിടൽ, ദുരന്ത മുക്തിയും അനുബന്ധ കാര്യങ്ങളും ഒക്കെ ഇതിൻറെ ഭാഗമാണ്. അപകടം ഒഴിവാക്കുക, അല്ലെങ്കിൽ നാശനഷ്ടങ്ങളുടെ തോത് കുറക്കുക, ദുരന്തം ബാധിച്ചിരിക്കുന്ന ആളുകൾക്ക് എത്രയും പെട്ടെന്ന് സഹായം എത്തിക്കുക, അവർക്ക് വേഗത്തിൽ ദുരന്തമുക്തി ഉറപ്പാക്കുക എന്നതൊക്കെയാണ് ദുരന്തനിവാരണ പ്രവൃത്തികളുടെ ലക്ഷ്യം.

പൊതുവായ സമീപനം

സാധ്യമായിടത്തെല്ലാം അപകട സാധ്യത ഉള്ള സ്ഥലങ്ങളെല്ലാം മുൻകൂർ അപായസൂചന സംവിധാനങ്ങളുമായി ബന്ധപ്പെടുത്തണം. എല്ലാ പ്രവർത്തനങ്ങളും അപകട സാധ്യതകൂടി പരിഗണിക്കുന്ന വിവിധോദ്ദേശ്യ സംവിധാനത്തിൽ കൊണ്ടു വരാൻ കഴിഞ്ഞാൽ അതു സാമ്പത്തിക വളർച്ചക്കും, സുസ്ഥിരതക്കും, പ്രവർത്തനക്ഷമതക്കും സഹായകരമായിരിക്കും. എല്ലാ അപായസൂചന സംവിധാനങ്ങളും പ്രവർത്തനക്ഷമ മായിരിക്കുന്നത് ഏതെങ്കിലും ഒരെണ്ണം മാത്രം പ്രവർത്തിക്കുന്നതിനേക്കാൾ നല്ലതാണ്, പ്രത്യേകിച്ച് ചുഴലിക്കാറ്റ് പോലെ ഇടയ്ക്കിടെ ആവർത്തിക്കുന്ന അപകടങ്ങളുടെ കാര്യത്തിൽ. അത് പൊതുജനങ്ങളെ അവർ അഭിമുഖീകരിക്കുന്ന അപകടസാധ്യതകളുടെ വ്യാപ്തി നന്നായി മനസ്സിലാക്കാനും, ഇതുവഴി അവരുടെ തയ്യാറെടുപ്പ് പ്രവർത്തനങ്ങളും, പ്രതികരണ ശേഷിയും ശക്തിപ്പെടുത്താനും സഹായിക്കും.

ചിത്രം 1 . ദുരന്ത നിവാരണ ചക്രം

ചിത്രത്തിൽ കാണിച്ചിരിക്കുന്ന ദുരന്തനിവാരണത്തിൻറെ നാലു ഘട്ടങ്ങൾ, ഏതെങ്കിലും ഒരെണ്ണം മാത്രമായോ, ചിലപ്പോൾ പൊതുവായി ത്തന്നെയോ, എപ്പോഴും അതേ ക്രമത്തിൽ സംഭവിക്കണമെന്നില്ല. പലപ്പോഴും ഒരു ഘട്ടം മറ്റൊന്നിനു മുൻപേ സംഭവിക്കുകയോ, ദുരന്തത്തിന്റെ തീവ്രത അനുസരിച്ച് അതിന്റെ ദൈർഘ്യം കൂടുകയോ ചെയ്തേക്കാം.

ലഘൂകരണം: ദുരന്തത്തിൻറെ ഫലങ്ങൾ കുറയ്ക്കുക

ഉദാ: കെട്ടിടങ്ങൾ അടയാളപ്പെടുത്തലും മേഖലകളായി തിരിക്കലും; അപകട സാധ്യതാ വിലയിരുത്തൽ; പൊതുജനബോധവൽക്കരണം.

മുന്നൊരുക്കങ്ങൾ: എങ്ങനെ പ്രതികരിക്കണമെന്ന് ആസൂത്രണം ചെയ്യുക

ഉദാ: മുന്നൊരുക്കങ്ങൾ ആസൂത്രണം ചെയ്യൽ; അടിയന്തര സാഹചര്യം നേരിടാനുള്ള പരിശീലനം; അപായസൂചനകൾ.

പ്രതികരണം: ദുരന്തത്തിന്റെ ആഘാതം കുറക്കുവാനുള്ള ശ്രമങ്ങൾ

ഉദാ: രക്ഷാപ്രവർത്തനങ്ങൾ; അടിയന്തര സഹായം എത്തിക്കൽ

ദുരന്തമുക്തി: ദുരന്തബാധിതരെ സാധാരണ ജീവിതത്തിലേക്ക് മടക്കി കൊണ്ടുവരിക

ഉദാ: താത്കാലിക വാസസ്ഥലങ്ങൾ ഒരുക്കൽ; ധനസഹായവിതരണം; വൈദ്യസഹായം

1.2. വിവിധ തരം ദുരന്തങ്ങൾ

സ്വാഭാവിക കാരണങ്ങൾ കൊണ്ടോ മനുഷ്യപ്രേരിത കാരണങ്ങൾ കൊണ്ടോ ഇവ രണ്ടും മൂലമോ ദുരന്തങ്ങൾ സംഭവിക്കാം. 2016 ലെ കേരള സംസ്ഥാന ദുരന്തനിവാരണ പദ്ധതി ദുരന്തങ്ങളെ പ്രകൃതിദുരന്തങ്ങളും മനുഷ്യപ്രേരിത അപകടങ്ങളുമായി തരംതിരിക്കുന്നു.

പ്രകൃതിദുരന്തങ്ങൾ

1. വെള്ളപ്പൊക്കം
2. ഉരുൾപൊട്ടലും മണ്ണിടിച്ചിലും
3. വരൾച്ച
4. തീരപ്രദേശങ്ങളിലെ കടൽക്ഷോഭം (സുനാമി, കള്ളക്കടൽ തുടങ്ങിയവ)
5. കാറ്റ് (കൊടുങ്കാറ്റ്, ചുഴലിക്കാറ്റ്)

6. ഇടിമിന്നൽ

7. ഭൂകമ്പം

8. മനുഷ്യരിലെ പകർച്ചവ്യാധികൾ

9. സസ്യരോഗങ്ങളും കീടങ്ങളുടെ ആക്രമണവും

10. പക്ഷികളിലെ പകർച്ചവ്യാധികൾ

11. മൃഗങ്ങളിലെ പകർച്ചവ്യാധികൾ

12. മനുഷ്യവാസ പ്രദേശങ്ങളിൽ കീടങ്ങളുടെ ആക്രമണം

13. കാട്ടുതീ

14. ഉൽക്കാപതനം

15. മണ്ണൊലിപ്പ്

16. അമിതമായ ചൂട് (സൂര്യാഘാതം, ചൂടുകാറ്റ്)

17. സ്വാഭാവിക അണുവികിരണം

മനുഷ്യപ്രേരിത ദുരന്തങ്ങൾ (അസ്വാഭാവികം)

1. തിക്കും തിരക്കും കൊണ്ടുള്ള അപകടങ്ങൾ

2. വെടിക്കെട്ട് അപകടം

3. പെട്രോൾ-രാസവസ്തുക്കൾ കടത്തുമ്പോൾ ഉണ്ടാകുന്ന അപകടങ്ങൾ

4. വ്യാവസായിക അപകടങ്ങൾ

5 അണക്കെട്ട് തകർച്ച

6. അണക്കെട്ട് സ്പിൽവെ പ്രവർത്തനതകരാർ കൊണ്ടുള്ള വെള്ളപ്പൊക്കം

7. എണ്ണച്ചോർച്ച

8. റോഡ് അപകടങ്ങൾ

9. മനുഷ്യൻ കാരണമുള്ള കാട്ടുതീ

10. മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള സംഘർഷം

11. ചന്തകളിലെയും കെട്ടിടങ്ങളിലെയും തീപിടുത്തം

12. ബോട്ട് അപകടം

13. മുങ്ങിമരണം

14. കെട്ടിടം തകരൽ

15. വ്യാജമദ്യദുരന്തം

16. ആകാശ അപകടങ്ങൾ

17. റെയിൽ അപകടങ്ങൾ

18. തീവ്രവാദം, കലാപങ്ങൾ, നക്സൽ ആക്രമണങ്ങൾ

19. ആണവ അപകടങ്ങൾ

20. ബഹിരാകാശ മാലിന്യങ്ങൾ

21. ജൈവശാസ്ത്ര അപകടങ്ങൾ

22. തൊഴിൽ – വിനോദ കേന്ദ്രങ്ങളിലെ അപകടങ്ങൾ

23. പട്ടാള അധീനതയിൽ ഉള്ള പ്രദേശങ്ങളിലെ അപകടങ്ങൾ

1.3. ദുരന്തത്തിൻറെ വിവിധ തലങ്ങൾ

ദുരന്ത നിവാരണ ഉന്നതാധികാര സമിതി 2016 ലെ ദേശീയ ദുരന്ത നിവാരണ പദ്ധതിയിൽ (NDMP) ദുരന്തങ്ങളെ വിവിധ തലങ്ങളായി തരംതിരിച്ചിട്ടുണ്ട്. ദുരന്തത്തിൻറെ വ്യാപ്തിയെയും പുനരധിവാസത്തിന് എത്രമാത്രം സർക്കാർ സഹായം ആവശ്യമായിവരും എന്നും സൂചിപ്പിക്കാനാണിത്.

ദുരന്ത വ്യാപ്തി എത്രമാത്രമാണെന്നത് കണക്കാക്കുന്നത് തയ്യാറെടുപ്പുകൾ എന്തൊക്കെ വേണമെന്ന് നിർണ്ണയിക്കുന്നതിൽ പ്രധാനഘടകമാണ്. ഒന്നാമത്തെ തലം (Level 0) സാധാരണ അവസ്ഥയെ സൂചിപ്പിക്കുന്നു. ഈ സമയത്താണ് ദുരന്ത ആഘാത ലഘൂകരണ പ്രവർത്തനങ്ങളും നേരിടാനുള്ള തയ്യാറെടുപ്പുകളും നടത്തേണ്ടത്.

Level 0
സാധാരണ കാലയളവ്. ദുരന്ത സാധ്യത കുറയ്ക്കുന്നതിനും തയ്യാറെടുപ്പ് പ്രവർത്തനങ്ങൾക്കുമായി ഉപയോഗപ്പെടുത്തണം.

Level 1
ജില്ലാതലത്തിൽ ലഭ്യമായ ശേഷികളും വിഭവങ്ങളും ഉപയോഗിച്ച് കൈകാര്യം ചെയ്യാൻ കഴിയുന്ന തോതിലുള്ള ദുരന്തം. എങ്കിലും, ആവശ്യമെങ്കിൽ സംസ്ഥാന അധികൃതരിൽ നിന്നും സഹായം ലഭിക്കും.

Level 2

സംസ്ഥാന തലത്തിൽ വിഭവങ്ങൾ സമാഹരിക്കുകയും, ദുരന്തനിവാരണത്തിനായി സംസ്ഥാനതല ഏജൻസികളെ വിന്യസിക്കുകയും വേണ്ടിവരുന്ന ദുരന്ത സാഹചര്യങ്ങളാണ് രണ്ടാമത്തെ തലത്തിൽ. വേണ്ടി വന്നാൽ അടിയന്തര വിന്യാസത്തിനായി കേന്ദ്ര ഏജൻസികൾ ജാഗരൂകരായിരിക്കണം.

Level 3

വലിയ തോതിലുള്ള ഒരു ദുരന്തസാഹചര്യത്തെ ഇത് സൂചിപ്പിക്കുന്നു. സംസ്ഥാനത്തിനും ജില്ലാ അധികാരികൾക്കും സാഹചര്യം നേരിടാനാകാത്ത അവസ്ഥ ഉണ്ടാകുകയും, ദേശീയ തലത്തിലുള്ള വിഭവസമാഹരണവും അധികൃതരുടെ ഇടപെടലും ആവശ്യമായി വരികയും ചെയ്യുന്നു.

2

ദുരന്തങ്ങൾ നേരിടാനുള്ള തയ്യാറെടുപ്പുകൾ

2.1. വിവിധ തരം ദുരന്തങ്ങൾ നേരിടാനുള്ള തയ്യാറെടുപ്പുകൾ

വിവിധ തരം ദുരന്തങ്ങൾ നേരിടാൻ വ്യക്തിസുരക്ഷയും, കുടുംബസുരക്ഷയും, സമൂഹസുരക്ഷ പൊതുവായും ഉറപ്പാക്കുന്ന പ്രത്യേക തയ്യാറെടുപ്പുകൾ ആവശ്യമാണ്. ഭൂകമ്പം, ചുഴലിക്കാറ്റ്, പ്രളയം, ചൂടുകാറ്റ് തുടങ്ങിയ ദുരന്തങ്ങളെ നേരിടാനുള്ള മാർഗനിർദേശങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത്.

2.1.1. ഭൂകമ്പം

ഭൂകമ്പങ്ങൾ യാതൊരു മുന്നറിയിപ്പും, പ്രതികരിക്കാൻ സമയവും നൽകാറില്ല. അതിനാൽ, നിങ്ങൾക്കും നിങ്ങളുടെ കുടുംബത്തിനും വേണ്ടിയുള്ള ഒരു സുരക്ഷാ പദ്ധതി രൂപീകരിക്കേണ്ടത് അത്യാവശ്യമാണ്. താഴെപറയുന്ന സുരക്ഷാ നടപടികൾ സ്വീകരിക്കുക.

ഭൂകമ്പത്തിന് മുൻപ്

- ഭൂകമ്പം ഉണ്ടായാൽ സുരക്ഷിതമായി മാറിനിൽക്കാനുള്ള ഒരു സ്ഥലം വീടിനുള്ളിൽ തന്നെ കണ്ടെത്തുക.
- കണ്ടെത്തുന്ന സ്ഥലത്ത് കുടിക്കാനുള്ള വെള്ളം, ജലാംശം ഇല്ലാത്ത ഭക്ഷണം (ഡ്രൈ ഫ്രൂട്സ്, ബിസ്കറ്റുകൾ തുടങ്ങിയവ), പ്രഥമ ശുശ്രൂഷ കിറ്റ്, ഒരു ടോർച്ച്, റേഡിയോ എന്നിവ എല്ലായ്പ്പോഴും കരുതി വെക്കുക.
- സഹായിക്കാൻ കഴിയുന്ന സുഹൃത്തുക്കളുടെ ഫോൺ നമ്പർ, അഡ്രസ്സ് എന്നിവ കയ്യിൽ കരുതുക.
- നിങ്ങൾ താമസിക്കുന്ന കെട്ടിടത്തിൻറെ ഭൂകമ്പ പ്രതിരോധശേഷി വിലയിരുത്തുക. കെട്ടിടത്തിൻറെ അടിത്തട്ട് ബലപ്പെടുത്തുക. മൺകട്ടകൾ കൊണ്ട് നിർമിച്ച കെട്ടിടങ്ങളാണെങ്കിൽ അവയെ ശക്തിപ്പെടുത്തുക.
- കെട്ടിടത്തിൻറെ മുകളിലുള്ള വാട്ടർ ടാങ്ക് ഉറപ്പിച്ചിരിക്കുന്നത് ബലമുള്ള സ്ഥാനത്താണോ എന്ന് പരിശോധിക്കുക.
- പുറത്തേക്കുള്ള വഴി തടസ്സപ്പെടുത്തുന്ന രീതിയിൽ അലമാരകൾ സ്ഥാപിക്കരുത്.
- കുടുംബത്തിനായി ഒരു മുന്നൊരുക്ക പദ്ധതി തയ്യാറാക്കി വെക്കുക. (സെക്ഷൻ 2.2 വായിക്കുക).
- ഭൂകമ്പം ഉണ്ടായാൽ എന്ത് ചെയ്യണം, കുടുംബത്തെ പിന്നീട് എവിടെ വച്ച് കാണാൻ കഴിയും എന്നൊക്കെ അറിഞ്ഞുവെക്കുക.

ഭൂകമ്പം ഉണ്ടാകുമ്പോൾ

- ഹുങ്കാരവത്തോടെയുള്ള മുഴങ്ങുന്ന ശബ്ദം ആയിരിക്കാം മുഖ്യ സൂചന.
- എന്തെങ്കിലും ഒരു മറ കണ്ടെത്തുക. മേശയുടെയോ, ഏതെങ്കിലും ഫർണിച്ചറിന് അടിയിലേക്കോ മാറുക.
- തൊട്ടടുത്തായി മറയൊന്നും ഇല്ലെങ്കിൽ ഏറ്റവും അടുത്തുള്ള ഉറപ്പുള്ള ചുമരിനരികിൽ കൈ രണ്ടും തറയിൽ ഉറപ്പിച്ച് ഇരിക്കുക.
- വാതിലിനടുത്ത് നിൽക്കരുത്.
- ജനലുകൾ, കണ്ണാടികൾ, പുസ്തക അലമാര എന്നിവക്കടുത്ത് നിൽക്കരുത്.
- ഇളകിക്കിടക്കുന്ന വൈദ്യുതി വയറിൽ തൊടരുത്.
- ഗ്യാസ്, വൈദ്യുതി എന്നിവ ഓഫ് ചെയ്യുക.
- മൺകട്ടകൾ കൊണ്ട് നിർമിച്ച വീട്ടിലാണ് നിങ്ങൾ താമസിക്കുന്നതെങ്കിൽ മരങ്ങളോ, വൈദ്യുതി ലൈനുകളോ, ടെലിഫോൺ ലൈനുകളോ ഇല്ലാത്ത തുറസ്സായ ഒരു സ്ഥലത്തേക്ക് മാറി നിൽക്കുക.
- ഭൂകമ്പം അവസാനിക്കുന്നത് വരെ അവിടെത്തന്നെ നിൽക്കുക.
- വീഴാൻ സാധ്യതയുള്ള മതിലുകൾ, ഉയർന്ന കെട്ടിടങ്ങൾ, പോസ്റ്റുകൾ, മറ്റു വസ്തുക്കൾ എന്നിവയുടെ അടുത്ത് നിൽക്കാതിരിക്കാൻ ശ്രദ്ധിക്കുക.
- ഭൂകമ്പത്തിൽ തകർന്നതോ, സാരമായ കേടുപാടുകൾ സംഭവിച്ചിട്ടുള്ളതോ ആയ കെട്ടിടങ്ങളുടെ അടുത്ത് പോവുകയോ അവയ്ക്കുള്ളിൽ പ്രവേശിക്കുകയോ ചെയ്യരുത്.

ഭൂകമ്പത്തിന് ശേഷം

- അവശിഷ്ടങ്ങളിൽ നിന്നും പരിക്കേൽക്കുന്നത് ഒഴിവാക്കാൻ ചെരുപ്പ്/ഷൂസ് എന്നിവ ധരിക്കുക.
- ആദ്യത്തെ ഭൂകമ്പത്തിന് ശേഷം തുടർന്നുള്ള മിനിട്ടുകളിലോ, മണിക്കൂറുകളിലോ, ദിവസങ്ങളിലോ, ആഴ്ചകളിലോ, ചിലപ്പോൾ മാസങ്ങളിലോ തുടർചലനങ്ങൾ ഉണ്ടാകാൻ സാധ്യത കൂടുതലാണെന്ന് അറിഞ്ഞിരിക്കുക.

- തീ കൊണ്ടുള്ള അപകട സാദ്ധ്യതകൾ കണക്കിലെടുക്കുക. മെഴുകുതിരിക്ക് പകരം ടോർച്ച് ഉപയോഗിക്കുക.
- പരിക്കേറ്റവരെയും കുടുങ്ങിപ്പോയവരെയും സഹായിക്കുക. അവർക്ക് പ്രഥമ ശുശ്രൂഷ നൽകിയതിന് ശേഷം വിദഗ്ധ സഹായം തേടുക.
- പരിചരണം ആവശ്യമുള്ള പ്രായമായവരെ സഹായിക്കുക.
- കേടുപാട് സംഭവിച്ച കെട്ടിടങ്ങളുടെ അടുത്ത് പോകാതിരിക്കുക.
- താമസിക്കുന്ന കെട്ടിടത്തിൻറെ കേടുപാടുകൾ വിലയിരുത്തി സുരക്ഷ ഉറപ്പാക്കിയതിന് ശേഷം മാത്രം കുടുംബത്തെ കൂട്ടിക്കൊണ്ടുവരിക.
- വൈദ്യുതി തകരാറോ, വാതക ചോർച്ചയോ, തീപിടിക്കാൻ സാധ്യതയുള്ള മറ്റു വസ്തുക്കളോ ചോർന്നിട്ടുണ്ടോ എന്ന് പരിശോധിക്കുക. തീയണക്കാൻ സഹായിക്കുക.
- ആരും സഹായം ആവശ്യപെട്ടിട്ടില്ലെങ്കിൽ അപകടത്തിൽ തകർന്ന സ്ഥലത്തേക്ക് പോകരുത്.
- അപകടസമയത്ത് ഒരുപാട് പേർ ഉപയോഗിക്കുമെന്നത് കൊണ്ട് ഏറ്റവും അത്യാവശ്യം ഉള്ളപ്പോൾ മാത്രം ടെലിഫോൺ ഉപയോഗിക്കുക.
- ആവശ്യമെങ്കിൽ കുടുംബത്തെ മറ്റൊരു സ്ഥലത്തേക്ക് മാറ്റിപ്പാർപ്പിക്കുക.

2.1.2. ചുഴലിക്കാറ്റ്

ചുഴലിക്കാറ്റിന് മുൻപ്

- മാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്ന കാലാവസ്ഥ റിപ്പോർട്ടുകളും അപകട മുന്നറിയിപ്പുകളും ശ്രദ്ധിക്കുക.
- ഊഹാപോഹങ്ങൾ പ്രചരിപ്പിക്കരുത്. ലഭിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തുക.
- കുടിവെള്ളം, ജലാംശം ഇല്ലാത്ത ഭക്ഷണം, ചൂട് നൽകുന്ന വസ്ത്രങ്ങൾ, അത്യാവശ്യ മരുന്നുകൾ, വിലപിടിപ്പുള്ള വസ്തുക്കൾ, പ്രധാനരേഖകൾ, വെള്ളം കയറാത്ത ബാഗ് എന്നിവ അടങ്ങിയ ഒരു അടിയന്തര സാഹചര്യ കിറ്റ് (എമർജൻസി കിറ്റ്) ഒരുക്കി വെക്കുക.

- പ്രധാനരേഖകൾ വെള്ളം കയറാത്ത ബാഗിൽ സൂക്ഷിക്കുക.
- ആവശ്യത്തിന് മരുന്നുകൾ, വെള്ളം, ജലാംശം ഇല്ലാത്ത ഭക്ഷണം എന്നിവ വെള്ളം കയറാത്ത ഒരു ബാഗിൽ സൂക്ഷിക്കുക.
- പ്രധാനഫോൺ നമ്പറുകൾ, വിലാസങ്ങൾ എന്നിവ എളുപ്പത്തിൽ എടുക്കാൻ കഴിയുന്ന രീതിയിൽ സൂക്ഷിക്കുക.
- ചുഴലിക്കാറ്റ് ബാധിക്കാനിടയില്ലാത്ത ഉയർന്ന സ്ഥലത്തുള്ള അഭയ കേന്ദ്രത്തിലേക്ക് കുടുംബത്തെയും വളർത്തുമൃഗങ്ങളെയും മാറ്റുക.
- വീട്ടിലെ മുറികളുടെ മേൽക്കൂര പരിശോധിച്ച് ചോർച്ച ഉണ്ടെങ്കിൽ ആവശ്യമായ അറ്റകുറ്റപണികൾ ചെയ്യുക.
- ഉണങ്ങിപ്പോയ മരങ്ങൾ വെട്ടിമാറ്റി അവശിഷ്ടങ്ങൾ നീക്കം ചെയ്യുക.
- കാറ്റിൽ പറന്നുപോകാൻ സാധ്യതയുള്ള വസ്തുക്കൾ നന്നായി കെട്ടി വെക്കുകയോ അഴിച്ചുമാറ്റി വെക്കുകയോ ചെയ്യുക.
- നിങ്ങളുടെ പ്രദേശത്തിൻറെ അപകട സാധ്യതാ വിവരങ്ങളും മാപ്പും മനസിലാക്കുക. (ഇതിനായി കേരള സംസ്ഥാനദുരന്ത നിവാരണ അതോറിറ്റിയുടെ വെബ്സൈറ്റ് https://sdma.kerala.gov.in സന്ദർശിക്കുക)
- കുടുംബാംഗങ്ങളെ പങ്കെടുപ്പിച്ച് മോക്ക് ഡ്രിൽ നടത്തുക. തിരച്ചിൽ, രക്ഷിക്കൽ, പ്രഥമ ശുശ്രൂഷ തുടങ്ങിയ പ്രവർത്തനങ്ങൾ അതിൽ ഉൾപ്പെടുത്തുക.

ചുഴലിക്കാറ്റ് സംബന്ധിച്ച അപായ സൂചന ലഭിച്ചാൽ

- ഏറ്റവും പുതിയ വിവരങ്ങൾക്കായി റേഡിയോ, ടെലിവിഷൻ, മറ്റ് അപായ സൂചനസ്രോതസ്സുകൾ എന്നിവ ശ്രദ്ധിക്കുക.
- കടലിൽ പോകരുത്.
- സുരക്ഷിതമായ വഴിയിലൂടെ നേരത്തെ കണ്ടുവച്ചിരിക്കുന്ന സുരക്ഷിത സ്ഥാനത്തേക്ക് പോകുക.
- വസ്തുവകകളുടെയും, ബന്ധുക്കളുടെയും, സുഹൃത്തുക്കളുടെയും വിവരങ്ങൾ അടങ്ങിയ ഒരു ലിസ്റ്റ് തയ്യാറാക്കി അത് മറ്റുള്ളവരുമായി പങ്കുവെക്കുക.

- വഞ്ചി, കാളവണ്ടി, സൈക്കിൾ ഇതിൽ ഏതെങ്കിലും ഉണ്ടെങ്കിൽ തയ്യാറാക്കി വെക്കുക.
- വീട്ടിൽ നിന്നും ഒഴിഞ്ഞുപോക്ക് അത്യന്താപേക്ഷിതമാണെങ്കിൽ പാചക വാതകം, വൈദ്യുതി, ജലവിതരണ പൈപ്പുകൾ എന്നിവ ഓഫ് ചെയ്യുക.
- അടിയന്തര സാഹചര്യത്തിൽ ഉപയോഗിക്കേണ്ട സാധനങ്ങൾ അടങ്ങിയ കിറ്റും മറ്റ് അത്യാവശ്യ വസ്തുക്കളും എടുക്കുക.

ചുഴലിക്കാറ്റ് വീശുമ്പോൾ

- വൈദ്യുതിയും പാചകവാതകവും ഓഫ് ചെയ്യുക.
- റേഡിയോ വാർത്തകൾ ശ്രദ്ധിക്കുക.
- സ്വരക്ഷക്കായി പരവതാനി, കിടക്കകൾ, കമ്പിളിപ്പുതപ്പുകൾ എന്നിവ ഉപയോഗിക്കുക.
- വീടിൻറെ മേൽക്കൂര തകർന്നുവീഴുമെന്ന് തോന്നിയാൽ മേശയുടെ അടിയിലേക്ക് നീങ്ങുക.
- അല്പനേരത്തെ ശാന്തതക്ക് ശേഷം ശക്തിയായ കാറ്റ് വീണ്ടും വീശാനുള്ള സാധ്യതയുണ്ട്. അതുകൊണ്ട് സുരക്ഷ ഉറപ്പാക്കുന്നത് വരെ പുറത്തേക്ക് പോകരുത്.
- വെള്ളത്തിലിറങ്ങരുത്. ഇറങ്ങേണ്ടി വന്നാൽ കയ്യിൽ ഒരു വടി കരുതുക.
- പൊട്ടിക്കിടക്കുന്ന വൈദ്യുതി ലൈനുകൾ, കേടുപാട് സംഭവിച്ച പാലങ്ങൾ, കടപുഴകിവീണ മരങ്ങൾ, തുറന്നുകിടക്കുന്ന അഴുക്കുചാലുകൾ എന്നിവ ശ്രദ്ധിക്കുക.
- പാമ്പുകടിയേൽക്കാതെ ശ്രദ്ധിക്കുക.

ചുഴലിക്കാറ്റിന് ശേഷം

- സുരക്ഷ സംബന്ധിച്ച് ഔദ്യോഗിക പ്രഖ്യാപനം ഉണ്ടാകുന്നത് വരെ പുറത്ത് പോകരുത്.
- പാചകവാത ചോർച്ചയോ, വൈദ്യുതിലൈൻ പൊട്ടിക്കിടക്കുന്നുണ്ടോ എന്ന് പരിശോധിക്കുക.

- അതാത് സമയത്ത് റേഡിയോ വഴി കിട്ടുന്ന ഉപദേശങ്ങളും മുന്നറിയിപ്പുകളും ശ്രദ്ധിക്കുക.
- അനുമതി ലഭിക്കുന്നത് വരെ വീട്ടിലേക്ക് മടങ്ങരുത്.
- രക്ഷാപ്രവർത്തനത്തിലും ദുരിതാശ്വാസ പ്രവർത്തനങ്ങളിലും പങ്കുചേരുക.

2. 1 .3. ഉഷ്ണവാതം (ചൂടുകാറ്റ്)

സുരക്ഷാ മുൻകരുതലുകൾ

- ഉച്ചക്ക് 12 മണിക്കും 3 മണിക്കുമിടയിൽ പുറത്ത് പോകുന്നത് ഒഴിവാക്കുക.
- വീടിനുള്ളിൽ തണുപ്പ് നിലനിർത്തുക. കർട്ടനുകൾ, ഷട്ടറുകൾ, സൺഷേഡുകൾ എന്നിവ ഉപയോഗിക്കുക. രാത്രി നേരങ്ങളിൽ ജനലുകൾ തുറന്നിടുക.
- വളർത്തുമൃഗങ്ങളെ തണൽ ഉള്ള സ്ഥലത്ത് നിർത്തുകയും ധാരാളം വെള്ളം കുടിക്കാൻ കൊടുക്കുകയും ചെയ്യുക.
- ധാരാളം വെള്ളം കുടിക്കുക. യാത്ര ചെയ്യുമ്പോൾ കയ്യിൽ ഒരു കുപ്പി വെള്ളം കരുതുക.
- ഭാരം കുറഞ്ഞ, ഇളം നിറങ്ങളിലുള്ള, അയഞ്ഞ പരുത്തി വസ്ത്രങ്ങൾ ധരിക്കുക.
- പുറത്ത് പോകുമ്പോൾ കുട, തൊപ്പി, ഗോഗിൾസ്, ഷൂസ്/ചെരുപ്പ് ഉപയോഗിക്കുക.
- ചൂടുള്ള സമയത്ത് പുറത്ത് നിന്ന് കൊണ്ട് പ്രയാസമുള്ള ജോലികൾ ചെയ്യാതിരിക്കുക.
- മദ്യം, ചായ, കാപ്പി, ശീതളപാനീയങ്ങൾ എന്നിവ നിർജ്ജലീകരണ ത്തിന് കാരണമാകുമെന്നതിനാൽ ഒഴിവാക്കുക.
- ഉയർന്ന അളവിൽ പ്രോട്ടീൻ അടങ്ങിയിരിക്കുന്ന ഭക്ഷണം ഒഴിവാക്കുക.
- പുറത്തുപോകുമ്പോൾ ഈർപ്പമുള്ള തുണി തലയിലോ കഴുത്തിലോ ചുറ്റുക.

- അസ്വസ്ഥത തോന്നിയാൽ എത്രയും പെട്ടെന്ന് വൈദ്യസഹായം തേടുക.
- നിർജ്ജലീകരണം തടയുന്ന ORS ലായനിയും, വീട്ടിലുണ്ടാക്കുന്ന നാരങ്ങാ വെള്ളം, മോര്, ലസ്സി തുടങ്ങിയ പാനീയങ്ങങ്ങൾ കുടിക്കുക.
- ഫാൻ ഉപയോഗിക്കുക. ഈർപ്പമുള്ള തുണി കഴുത്തിലും, കൈത്തണ്ടയിലും, ചുമലിലും ചുറ്റുക. തണുത്ത വെള്ളത്തിൽ കുളിക്കുക.

സൂര്യാഘാതമേറ്റാൽ ചെയ്യേണ്ട പ്രഥമശുശ്രൂഷ

- സൂര്യാഘാതമേറ്റ ആളെ തണലത്ത് കിടത്തുക.
- നനഞ്ഞ തുണി കൊണ്ട് ദേഹം ഇടയ്ക്കിടെ തുടച്ചുകൊടുക്കുക.
- ഇളം ചൂടുവെള്ളം തലയിൽ ഒഴിച്ച് കൊടുക്കുക.
- ശരീരോഷ്മാവ് കുറച്ച് കൊണ്ടുവരാൻ ശ്രമിക്കുക.
- നിർജ്ജലീകരണം തടയാൻ ORS ലായനി കുടിക്കാൻ കൊടുക്കുക.
- കഴിയുന്നത്ര വേഗത്തിൽ വൈദ്യസഹായം ലഭ്യമാക്കുക.
- സൂര്യാഘാതം മരണത്തിലേക്ക് നയിക്കാമെന്നതിനാൽ പ്രഥമ ശുശ്രൂഷയും വൈദ്യസഹായവും എത്രയും പെട്ടെന്ന് നൽകുക.

2.1.4. പ്രളയം

പ്രളയത്തിൽ നിന്ന് രക്ഷ നേടാൻ ഏറ്റവും പ്രധാനമായി ശ്രദ്ധിക്കേണ്ട കാര്യം പ്രളയ സാധ്യതയുള്ള സ്ഥലത്ത് വീട് നിർമ്മിക്കാതിരിക്കുക എന്നതാണ്.

പ്രളയം നേരിടാനുള്ള മുന്നൊരുക്കങ്ങൾ

- റേഡിയോ, ടോർച്ച്, കുടിവെള്ളം, ജലാംശം ഇല്ലാത്ത ഭക്ഷണം, മണ്ണെണ്ണ, മെഴുകുതിരി, തീപ്പെട്ടി, വിലപിടിപ്പുള്ള വസ്തുക്കൾ സൂക്ഷിക്കാൻ ഒരു പോളിത്തീൻ ബാഗ്, കുട, മുളവടി, ഉപ്പ്, പഞ്ചസാര (നിർജ്ജലീകരണ വിരുദ്ധ ലായനി തയ്യാറാക്കാൻ) എന്നിവ അടങ്ങിയ ഒരു എമർജൻസി കിറ്റ് തയ്യാറാക്കി വെക്കുക.
- എമർജൻസി കിറ്റ്, ദുരന്ത നിവാരണ കൈപ്പുസ്തകം, ഉറപ്പുള്ള കയർ എന്നിവ പെട്ടെന്ന് എടുക്കാവുന്ന സ്ഥലത്ത് സൂക്ഷിക്കുക.

- നിങ്ങൾ താമസിക്കുന്ന പ്രദേശത്തെ തദ്ദേശഭരണകൂടം സജ്ജമാക്കിയിരിക്കുന്ന അഭയകേന്ദ്രത്തിലേക്ക് ഏറ്റവും എളുപ്പത്തിലും സുരക്ഷിതമായും എത്താൻ കഴിയുന്ന വഴി അറിഞ്ഞിരിക്കുക.
- നിങ്ങളുടെ വീട് പ്രളയജലത്തെ പ്രതിരോധിക്കുമെന്ന് ഉറപ്പുവരുത്തുക. താഴത്തെ നിലയിലേക്ക് വെള്ളം കയറാത്ത രീതിയിൽ ചുമരുകൾ അടക്കുക.

പ്രളയത്തെക്കുറിച്ചുള്ള മുന്നറിയിപ്പ് ലഭിച്ചാൽ

- മാധ്യമ വാർത്തകൾ ശ്രദ്ധിക്കുക.
- പ്രാദേശിക ഭരണകൂടം നൽകുന്ന മുന്നറിയിപ്പുകൾ ശ്രദ്ധിക്കുക.
- നിങ്ങൾ താമസിക്കുന്ന സ്ഥലത്തെ വീടുകളിലേക്ക് പ്രളയജലം എത്തുന്നത് തടയാൻ അധികൃതർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് അന്വേഷിക്കുക.
- പരിഭ്രാന്തി അരുത്. കേട്ടുകേൾവികളുടെ സത്യാവസ്ഥ ഉറപ്പു വരുത്തുക.
- പ്രഥമശുശ്രൂഷ കിറ്റ്, ജലാംശം ഇല്ലാത്ത ഭക്ഷണം, വെള്ളം, അത്യാവശ്യ വസ്ത്രങ്ങൾ എന്നിവ എളുപ്പം എടുക്കാൻ കഴിയുന്ന സ്ഥലത്ത് തയ്യാറാക്കി വെക്കുക.
- കാളവണ്ടികളും വളർത്തുമൃഗങ്ങളെയും സുരക്ഷിതമായ ഒരു സ്ഥാനത്തേക്ക് മാറ്റുക.
- വീട്ടിലുള്ള വസ്തുക്കൾ ഒഴുകിപ്പോകുന്നത് തടയാൻ പരസ്പരം കൂട്ടിക്കെട്ടി വെക്കുക.
- പ്രളയജലം വീട്ടിലേക്ക് പ്രവേശിക്കാൻ സാധ്യതയുള്ള ഭാഗങ്ങൾ പരിശോധിക്കുക.
- വളരെപ്പെട്ടെന്ന് ജലനിരപ്പുയരുന്നതിനെക്കുറിച്ച് കരുതിയിരിക്കുക. അത്തരമൊരു സാഹചര്യത്തിൽ അധികൃതരുടെ നിർദേശങ്ങൾക്ക് കാത്തുനിൽക്കാതെ എത്രയും പെട്ടെന്ന് ഉയർന്ന സ്ഥാനങ്ങളിലേക്ക് മാറുക.

- കവിഞ്ഞൊഴുകാൻ സാധ്യതയുള്ള അരുവികൾ, അഴുക്കുചാലുകൾ, കനാലുകൾ എന്നിവ ശ്രദ്ധിക്കുക. കനത്ത മഴയോ മുന്നറിയിപ്പുകളോ ഇല്ലാതെ ഇവിടങ്ങളിൽ വളരെപ്പെട്ടെന്ന് ജലനിരപ്പുയരാൻ സാധ്യതയുണ്ട്.

പ്രളയ സമയത്ത് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

- സർക്കാർ നിർദേശങ്ങൾ കൃത്യമായി പാലിക്കുക.
- വീടൊഴിഞ്ഞുപോകേണ്ട സാഹചരമുണ്ടെങ്കിൽ ബന്ധപ്പെട്ട അധികൃതരുടെ നിർദേശങ്ങൾ പാലിക്കുക. സമയമുണ്ടെങ്കിൽ വീട്ടുപകരണങ്ങളും മറ്റും മുകളിലത്തെ നിലയിലേക്ക് മാറ്റുക.
- നിർദേശം ലഭിച്ചാൽ മെയിൻ സ്വിച് ഓഫ് ചെയ്യുക, വാൽവുകൾ അടക്കുക. വൈദ്യുതോപകരണങ്ങളുടെ ബന്ധം വേർപ്പെടുത്തുക. ഗ്യാസ് സ്റ്റോവും സിലിണ്ടറുമായുള്ള ബന്ധം വേർപെടുത്തിയിടുക. നനവുള്ളതോ വെള്ളമുള്ളതോ ആയ സ്ഥലത്ത് നിന്നുകൊണ്ട് വൈദ്യുതോപകരണങ്ങളിൽ തൊടരുത്.
- ഭിന്നശേഷിയുള്ളവർ ഉണ്ടെങ്കിൽ അവരുടെ സ്ഥിരം ഉപയോഗങ്ങൾക്കുള്ള ഉപകരണങ്ങൾ എടുക്കുക.
- പ്രളയമുള്ള സ്ഥലത്തേക്ക് ഡ്രൈവ് ചെയ്തു പോകരുത്. യാത്ര ചെയ്യുന്ന വഴിയിൽ ജലനിരപ്പുയരുന്നത് കണ്ടാൽ വാഹനം നിർത്തി പുറത്തിറങ്ങി സുരക്ഷിത സ്ഥാനത്തേക്ക് മാറി നിൽക്കുക .
- മാലിന്യങ്ങൾ കലർന്നിട്ടുണ്ടാകുമെന്നതിനാലും, വിഷമേൽപ്പിക്കാൻ കഴിയുന്ന ജീവികളോ പാമ്പുകളോ ഒഴുകിവരുമെന്നതിനാലും പ്രളയജലവുമായി ശാരീരിക സമ്പർക്കം വരുന്നത് ഒഴിവാക്കുക.
- ഒഴുകുന്ന വെള്ളത്തിലൂടെ നടക്കരുത്. ആറിഞ്ച് ആഴത്തിൽ ഒഴുകുന്ന വെള്ളത്തിന് നിങ്ങളെ വീഴ്ത്താൻ കഴിയും. വെള്ളത്തിലൂടെ നടക്കേണ്ടി വന്നാൽ ഒഴുക്ക് കുറഞ്ഞ ഭാഗത്തുകൂടി നടക്കുക. കയ്യിൽ ഒരു വടി കരുതുക. മുൻപോട്ട് ചുവടു വെക്കുന്നതിന് മുമ്പ് വടി തറയിൽ കുത്തി തറയുടെ ഉറപ്പ് പരിശോധിച്ച് മുന്നോട്ട് നീങ്ങുക.
- കടൽത്തീരത്തോ നദീതീരങ്ങളിലോ പോകരുത്.
- പ്രളയജലത്തിലോ അതിനടുത്തോ കളിക്കാൻ കുട്ടികളെ അനുവദിക്കരുത്.

- അടിപ്പാതകൾ, താഴ്ന്ന പ്രദേശങ്ങൾ, കനാലുകൾ തുടങ്ങിയ പ്രളയ സാധ്യതയുള്ള സ്ഥലങ്ങളൽ നിന്നും അകന്നു നിൽക്കുക.
- അണുവിമുക്തമാക്കിയ വെള്ളം മാത്രം കുടിക്കുക.
- വയറിളക്കം പോലുള്ള അസുഖങ്ങൾ ഉണ്ടായാൽ ധാരാളം വെള്ളം കുടിക്കുക.
- ഭക്ഷണം മൂടി സൂക്ഷിക്കുക, കട്ടിയാഹാരം ഒഴിവാക്കി ലഘുഭക്ഷണം കഴിക്കുക.
- പ്രളയജലം ഭക്ഷണത്തിൽ കലരാതെ സൂക്ഷിക്കുക, പരിസരം ബ്ലീച്ചിങ് പൗഡർ പോലുള്ള വസ്തുക്കൾ കൊണ്ട് അണുവിമുക്തമാക്കുക. വൈദ്യുതോപകരണങ്ങൾ ഉപയോഗിക്കരുത്.
- ദുരിതാശ്വാസ വസ്തുക്കൾ വിതരണം ചെയ്യാൻ അധികൃതരെയും സന്നദ്ധ പ്രവർത്തകരെയും സഹായിക്കുക.

2.2. കുടുംബത്തിന് വേണ്ടിയുള്ള ദുരന്ത തയ്യാറെടുപ്പ് പദ്ധതി

അടിയന്തര സാഹചര്യം നേരിടാൻ കുടുംബത്തിന് വേണ്ടി ഒരു ദുരന്ത തയ്യാറെടുപ്പ് പദ്ധതി തയ്യാറാക്കുന്നത് വളരെ പ്രധാനമാണ്, പ്രത്യേകിച്ചും ഭിന്നശേഷിക്കാർ, കുട്ടികൾ, പ്രായമായവർ, ഗർഭിണികൾ, സ്ത്രീകൾ ഉള്ള കുടുംബമാണെങ്കിൽ.

2. 2 .1. തയ്യാറെടുപ്പിൻറെ നാലു ഘട്ടങ്ങൾ

കുടുംബത്തിന് വേണ്ടിയുള്ള അടിയന്തര സാഹചര്യ പദ്ധതി നാലു ഘട്ടങ്ങളായി തിരിച്ചിരിക്കുന്നു

ഒന്നാം ഘട്ടം: അറിഞ്ഞിരിക്കുക

1) അപകടങ്ങളെക്കുറിച്ചും അപകട ഭീഷണികളെക്കുറിച്ചും അറിഞ്ഞിരിക്കുക. ദുരന്തം സംഭവിക്കുന്നത് ഭൂമിശാസ്ത്രപരമായ കാരണങ്ങൾ കൊണ്ടോ, പാരിസ്ഥിതിക കാരണങ്ങൾ കൊണ്ടോ, അതുമല്ലെങ്കിൽ മനുഷ്യപ്രേരിതമോ ആകാം.
2) നിങ്ങൾ താമസിക്കുന്ന പ്രദേശത്തെ സ്വാഭാവികമായതും മനുഷ്യപ്രേരിതവുമായ എല്ലാ അപകടഭീഷണികളും, ദുരന്ത സാധ്യതകളും അറിഞ്ഞിരിക്കുക.

3) നിങ്ങളുടെ പ്രദേശത്ത് ഒരു ദുരന്തമുണ്ടായാൽ ആഘാതം വർധിപ്പിക്കാൻ സാധ്യതയുള്ള ഭൂമിശാസ്ത്രപരവും, സാമൂഹികവും, സാമ്പത്തികവും, കാലാവസ്ഥപരവുമായ കാര്യങ്ങൾ അറിഞ്ഞിരിക്കുക.

4) നിങ്ങളുടെ കുടുംബത്തിൽ ഗർഭിണികൾ, ഭിന്നശേഷിക്കാർ, പ്രായമായവർ, രോഗികൾ, കുട്ടികൾ ഉണ്ടെങ്കിൽ ദുരന്തമുണ്ടായാൽ അവർക്ക് നേരിടേണ്ടി വന്നേക്കാവുന്ന ബുദ്ധിമുട്ടുകൾ എന്തൊക്കെയായിരിക്കും എന്ന് പറഞ്ഞുകൊടുക്കുക.

5) ദുരന്തമുണ്ടായാൽ എന്തൊക്കെ ചെയ്യണം എന്തൊക്കെ ചെയ്യരുത് തുടങ്ങിയ കാര്യങ്ങൾ സംസ്ഥാന/ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയിൽ നിന്നോ ബന്ധപ്പെട്ട സർക്കാർ വകുപ്പുകളിൽ നിന്നോ മനസ്സിലാക്കിയിരിക്കുക.

6) ദുരന്തമുണ്ടായാൽ ആരെയാണ് ആദ്യം ബന്ധപ്പെടേണ്ടത് എന്നറിഞ്ഞിരിക്കുക. ബന്ധപ്പെടുന്നവർക്ക് ഉടനെസഹായം എത്തിക്കാൻ കഴിയുന്നില്ലെങ്കിൽ വേറെ ആരെയാണ് ബന്ധപ്പെടേണ്ടത് എന്നറിയാൻ ഈ പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രധാനഫോൺ നമ്പറുകൾ (പേജ് :::::) നോക്കുക.

രണ്ടാം ഘട്ടം: ദുരന്തനിവാരണ പദ്ധതി തയ്യാറാക്കുക

1) ദുരന്തസമയത്ത് കുടുംബാംഗങ്ങൾ എല്ലാവരും ഏകോപനത്തോടെ പ്രവർത്തിക്കണം. അതുകൊണ്ടുതന്നെ ഓരോ അംഗത്തിനും എന്തൊക്കെ ചെയ്യാൻ കഴിയും എന്നത് നേരത്തെ ആലോചിച്ച് തീരുമാനിച്ച് ഒരു പദ്ധതി തയ്യാറാക്കണം.

2) സ്വരക്ഷ ഉറപ്പാക്കുന്നതോടൊപ്പം മറ്റു കുടുംബാംഗങ്ങളുടെ സുരക്ഷ കൂടി ഉറപ്പാക്കുന്ന തരത്തിൽ വേണം ഓരോ അംഗത്തിൻറെയും പ്രവർത്തനം.

3) തൊട്ടടുത്തുള്ള രണ്ട് അഭയ കേന്ദ്രങ്ങൾ (ഒന്ന് ഏറ്റവും അടുത്തുള്ളത്, മറ്റൊന്ന് അകലെയുള്ളത്) ഏതൊക്കെ എന്ന് കുടുംബത്തിലെ എല്ലാവരും അറിഞ്ഞിരിക്കണം. അങ്ങനെയാണെങ്കിൽ ദുരന്തസമയത്ത് കുടുംബാംഗങ്ങൾക്ക് അഭയകേന്ദ്രത്തിൽ ഒന്നിച്ചുകൂടാം.

4) ദുരന്തസമയത്തും അതിനുശേഷവും ബന്ധപ്പെടേണ്ട വ്യക്തികളുടെ പേര്, ഫോൺ നമ്പർ, മേൽവിലാസം എന്നിവ കുടുംബത്തിൽ എല്ലാവരുടെയും കൈവശം ഉണ്ടാവണം.

5) ഭൂമി, ബാങ്ക്, ഇൻഷുറൻസ്, വിദ്യാഭ്യാസ യോഗ്യത സർട്ടിഫിക്കറ്റുകൾ എന്നിവക്ക് കേടുപറ്റാതിരിക്കാൻ സുരക്ഷിതമായ ഒരിടത്ത് സൂക്ഷിക്കുക.

6) ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് വേണ്ടി ഒരു പ്രത്യേക പദ്ധതി തയ്യാറാക്കുക.

മൂന്നാം ഘട്ടം: എമർജൻസി കിറ്റ് തയ്യാറാക്കുക

1) ദുരന്തസമയത്ത് കുറച്ച് ദിവസത്തേക്ക് നിങ്ങൾക്കും കുടുംബത്തിനും അവശ്യസാധനങ്ങളുടെ ലഭ്യത കുറവായിരിക്കും. അതുകൊണ്ടുതന്നെ എമർജൻസി കിറ്റിൽ അത്യാവശ്യമുള്ള എല്ലാ സാധനങ്ങളും കരുതുന്നതാണ് നല്ലത്.

2) വെള്ളം കയറാത്ത, കൊണ്ടുനടക്കാൻ സൗകര്യമുള്ള ഒരു ബാഗ് ഉപയോഗിക്കുക. വീട്ടിൽ സുരക്ഷിതമായ ഒരിടത്ത് ഈ ബാഗ് സൂക്ഷിക്കുക.

3) എമർജൻസി കിറ്റ് എവിടെയാണ് സൂക്ഷിച്ചിരിക്കുന്നത് എന്ന് കുടുംബാംഗങ്ങൾ എല്ലാവരും അറിഞ്ഞിരിക്കണം.

4) എമർജൻസി കിറ്റിൻറെ വിശദാംശങ്ങൾക്കായി 2.3 നോക്കുക.

നാലാം ഘട്ടം: ദുരന്തംനേരിടാനുള്ള മാതൃകാ പരിശീലനം (മോക്ക് ഡ്രിൽ) നടത്തുക

1) ദുരന്ത മുന്നൊരുക്ക പദ്ധതി തയ്യാറാക്കിയതിന് ശേഷം കുടുംബാംഗങ്ങൾ എല്ലാവരും ആ പദ്ധതി പരിശീലിക്കണം. ശാരീരിക വൈകല്യം നേരിടുന്നവരെയും, പ്രായമായവരെയും, കുട്ടികളെയും ഒഴിപ്പിക്കുന്നത് പ്രായോഗികമായി ബുദ്ധിമുട്ടാണെങ്കിലും മാതൃകാ പരിശീലനങ്ങൾ അടിയന്തര സാഹചര്യം നേരിടാൻ അവരെയും സഹായിക്കും.

2) ഡ്രോപ്പ്-കവർ-ഹോൾഡ് (ഭൂകമ്പ സമയത്ത്), സ്റ്റോപ്പ്-ഡ്രോപ്പ്-ഹോൾഡ് (തീപിടുത്തമുണ്ടായാൽ) എന്നിങ്ങനെയുള്ള എക്സർസൈസുകൾ പരിശീലിക്കുക.

3) ദുരന്തമുണ്ടായാൽ ഏറ്റവും അടുത്തുള്ള അഭയകേന്ദ്രത്തിലേക്ക് എങ്ങനെ എത്തിച്ചേരാമെന്നത് മൂന്നുമാസത്തിൽ ഒരിക്കലെങ്കിലും പരിശീലിക്കുക.

4) എമർജൻസി കിറ്റിൽ കരുതിയിരിക്കുന്ന വെള്ളം, ജലാംശം ഇല്ലാത്ത ഭക്ഷണം എന്നിവ സമയാസമയങ്ങളിൽ മാറ്റി പുതിയത് വെക്കുക.

5) അടിയന്തര സാഹചര്യങ്ങളിൽ ബന്ധപ്പെടേണ്ട ഫോൺ നമ്പറുകൾ ഏതൊക്കെയെന്നും, അഭയ കേന്ദ്രത്തിലേക്കുള്ള വഴിയും കുട്ടികൾക്കും അറിയാമെന്ന് ഉറപ്പ് വരുത്തുക.

6) പ്രഥമശുശ്രൂഷ എങ്ങനെയാണ് ചെയ്യേണ്ടതെന്ന് പരിശീലനം നേടിയ വ്യക്തിയിൽ നിന്നും മനസ്സിലാക്കി സ്വയം പരിശീലിക്കുക. അറിവ് സമൂഹവുമായി പങ്കുവെച്ച് അവബോധം സൃഷ്ടിക്കുക.

2.3. എമർജൻസി കിറ്റ് തയ്യാറാക്കൽ

അടിസ്ഥാന എമർജൻസി കിറ്റ്

ഒരു എമർജൻസി കിറ്റിൽ ഉൾപ്പെടുത്തേണ്ട സാധനങ്ങൾ താഴെ കൊടുത്തിരിക്കുന്ന ചിത്രത്തിൽ കാണാം.

ചിത്രം 2: ഒരു എമർജൻസി കിറ്റിൽ ഉൾപ്പെടുത്തേണ്ട സാധനങ്ങൾ

**വിവരങ്ങൾ ശേഖരിച്ചത്:*
കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിൽ നിന്നും

ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള എമർജൻസി കിറ്റ്

ഈ കിറ്റ് ദുരന്തം നടന്ന് 72 മണിക്കൂർ വരെ കഴിയാൻ സഹായിക്കുന്ന രീതിയിലാണ് തയ്യാറാക്കിയിരിക്കുന്നത്.

ചിത്രം 3 : ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള എമർജൻസി കിറ്റിൽ ഉൾപ്പെടുത്തേണ്ട സാധനങ്ങൾ

ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള എമർജൻസി കിറ്റിൽ ഉൾപ്പെടുത്തേണ്ട സാധനങ്ങൾ

ഒരു ദുരന്തം/അടിയന്തര സാഹചര്യം ഉണ്ടാകുമ്പോൾ നിങ്ങൾക്ക് വീട്/താമസസ്ഥലം എത്രയും പെട്ടെന്ന് ഒഴിയേണ്ട സാഹചര്യമുണ്ടായേക്കാം. ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഇത് ശ്രമകരമായേക്കാം. അതുകൊണ്ട് ഒരു എമർജൻസി കിറ്റ് തയ്യാറാക്കി വയ്ക്കുന്നത് പെട്ടെന്ന് ഒഴിയേണ്ട സാഹചര്യത്തിൽ ഉപകാരപ്പെടും. മാനസിക വെല്ലുവിളികൾ നേരിടുന്നവരെ സന്നദ്ധപ്രവർത്തകർ സഹായിക്കേണ്ടതാണ്.

വെള്ളം കടക്കാത്ത ഒരു പ്ലാസ്റ്റിക് ബാഗ് എമർജൻസി കിറ്റായി ഉപയോഗിക്കാം. ഇതിൽ താഴെ പറയുന്ന സാധനങ്ങൾ ഉൾപ്പെടുത്തുക. കുടുംബത്തിലെ എല്ലാവർക്കും എടുക്കാൻ പറ്റുന്ന സ്ഥലത്ത് എമർജൻസി കിറ്റ് സൂക്ഷിക്കുക.

*വിവരങ്ങൾ ശേഖരിച്ചത്:
കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിൽ നിന്നും

2.4 പ്രായമായ വ്യക്തികൾക്ക് വേണ്ടിയുള്ള ദുരന്ത തയ്യാറെടുപ്പ് പദ്ധതി

2.4.1 ദുരന്തത്തെക്കുറിച്ച് മുന്നറിയിപ്പ് കിട്ടിയാൽ ചെയ്യേണ്ട കാര്യങ്ങൾ

വാർഡ്-സമൂഹ തലങ്ങളിൽ ചെയ്യേണ്ട കാര്യങ്ങൾ

1) രക്ഷാപ്രവർത്തകരെയും പ്രഥമശുശ്രൂഷ സംഘത്തെയും വിളിച്ചുകൂട്ടി ഒരു കർമ്മ പദ്ധതി തീരുമാനിക്കുക.
2) രക്ഷാപ്രവർത്തനത്തിൽ പങ്കെടുക്കേണ്ട സന്നദ്ധ പ്രവർത്തകർ ആരൊക്കെ എന്ന് തീരുമാനിക്കുക. പ്രായമായവരെ രക്ഷിക്കേണ്ട സന്നദ്ധ പ്രവർത്തകർ ആരൊക്കെയെന്ന് തീരുമാനിക്കുക.
3) ആരൊക്കെ ഏതൊക്കെ പ്രവർത്തനത്തിന് പോകുന്നു എന്ന് അറിഞ്ഞിരിക്കണം.
4) അഭയകേന്ദ്രത്തിൽ ആവശ്യമുള്ള വസ്തുക്കളുടെ ഒരു ലിസ്റ്റ് തയ്യാറാക്കുക.
5) അവശ്യവസ്തുക്കൾ എല്ലാവർക്കും പ്രവേശിക്കാൻ കഴിയുന്ന സ്ഥലത്ത് സൂക്ഷിക്കുക.
6) ഏറ്റവും പുതിയ വിവരങ്ങൾ ശേഖരിച്ച് സർക്കാരുമായും സർക്കാരിതര സംഘടനകളുമായും പ്രവർത്തനം ഏകോപിപ്പിക്കുക.
7) എല്ലാ സന്നദ്ധപ്രവർത്തകരും യഥാസ്ഥാനങ്ങളിൽ സജ്ജരായി ആവശ്യമായ വസ്തുക്കൾ ശേഖരിക്കുകയും സൂക്ഷിക്കുകയും ചെയ്യുക.
8) ഒഴിപ്പിക്കൽ വേണ്ടിവരുമെന്നതിനാൽ അതിന് തയ്യാറായിരിക്കുക. യാത്രാവാഹനവും അവശ്യവസ്തുക്കളുടെ വിതരണവും ഏകോപിപ്പിക്കുക.
9) സുരക്ഷിത സ്ഥലത്തേക്ക് മാറാനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.

കുടുംബങ്ങൾ ചെയ്യേണ്ട കാര്യങ്ങൾ

1) പ്രായമായവരെ കണ്ടെത്തി അവരുടെ ആവശ്യങ്ങളുടെ ഒരു ലിസ്റ്റ് തയാറാക്കുക.
2) രക്ഷാപ്രവർത്തങ്ങളുടെ ഏകോപനത്തിനും പ്രായമായവരുമായുള്ള ആശയവിനിമയത്തിനും സന്നദ്ധ പ്രവർത്തകരോട് സഹകരിക്കുക.
3) ഒഴിഞ്ഞുപോകൽ ആവശ്യമായി വന്നാൽ നടപ്പാക്കേണ്ട മുന്നൊരുക്ക പദ്ധതി തയ്യാറാക്കുക.
4) പ്രായമായവരുടെ ആവശ്യങ്ങൾ നിറവേറ്റാനുള്ള സാധനങ്ങൾ കുടുംബങ്ങൾ തയ്യാറാക്കി വെക്കണം.

5) പ്രായമായവരെ പരിചരിക്കാൻ സമൂഹം ചെയ്യുന്ന കാര്യങ്ങളെക്കുറിച്ച് കുടുംബാംഗങ്ങൾ അറിഞ്ഞിരിക്കണം.

6) ദുരന്തം നേരിടാൻ പ്രായമായവരെ മാനസികമായി തയ്യാറാക്കുകയും എല്ലാ മാർഗങ്ങളിലൂടെയുമുള്ള പിന്തുണ നൽകുകയും ചെയ്യുക.

7) രക്ഷാപ്രവർത്തകരുമായും പ്രഥമശുശ്രൂഷ സംഘവുമായും നിരന്തരം ബന്ധപ്പെടുകയും അവർ നൽകുന്ന നിർദേശങ്ങൾ പാലിക്കുകയും ചെയ്യുക.

8) നിങ്ങളുടെ കുടുംബാംഗങ്ങളുടെ സ്ഥലവിവരം ഈ സംഘങ്ങളെ അറിയിക്കുക.

9) വിലപിടിപ്പുള്ള വസ്തുക്കൾ പ്ലാസ്റ്റിക് ബാഗിലാക്കി സുരക്ഷിത സ്ഥാനത്ത് വെക്കുക. തയ്യാറാക്കി വച്ചിരിക്കുന്ന ലിസ്റ്റ് പരിശോധിച്ച് ഏറ്റവും അത്യാവശ്യമുള്ള സാധനങ്ങൾ മാത്രം കയ്യിൽ കരുതുക.

2.4.2. ദുരന്തസമയത്ത് ചെയ്യേണ്ട കാര്യങ്ങൾ

വാർഡ്-സമൂഹ തലങ്ങളിൽ ചെയ്യേണ്ടകാര്യങ്ങൾ

1) ദുരന്തത്തെക്കുറിച്ച് അതാതു സമയത്തെ ഏറ്റവും പ്രധാനവിവരങ്ങൾ ജനങ്ങളെ അറിയിച്ചുകൊണ്ടിരിക്കുക. ഇടയ്ക്ക് ചിലപ്പോൾ ശാന്തത കാണപ്പെട്ടാലും ദുരന്തം വീണ്ടും ആഞ്ഞടിച്ചേക്കാം. അത് നേരിടാൻ തയ്യാറായിരുക്കുക.

2) കാണാതായവരെക്കുറിച്ചും കുടുങ്ങിപ്പോയവരെക്കുറിച്ചുമുള്ള വിവരങ്ങൾ ശേഖരിച്ച് പട്ടിക തയ്യാറാക്കി സന്നദ്ധ പ്രവർത്തകരെ തയ്യാറാക്കുക.

3) അഭയകേന്ദ്രത്തിൽ പ്രായമായവർക്കുള്ള ഭക്ഷണം, വെള്ളം, മരുന്നുകൾ എന്നിവ സൂക്ഷിക്കാൻ പ്രത്യേ്യക സ്ഥലവും, ശുചിമുറി സൗകര്യവും ഒരുക്കുക.

4) പരിഭ്രാന്തരാകരുത്; പ്രവർത്തനങ്ങൾ യഥാസമയം ചെയ്യുക; ഒരു ബദൽ പദ്ധതി കൂടി തയ്യാറാക്കി വെക്കുക.

5) വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ പരസ്പരം സഹായിക്കാൻ വടിയും കയറും ഉപയോഗിക്കുന്നതാണ് നല്ലതെങ്കിലും ഒഴുക്കുണ്ടെങ്കിൽ അതിൻറെ വേഗത കൂടി കണക്കിലെടുക്കുക.

6) അഭയ കേന്ദ്രങ്ങൾ ശരിയായി പരിപാലിക്കപ്പെടുന്നുണ്ട് എന്നുറപ്പാക്കുക.

7) പ്രഥമശുശ്രൂഷ, മരുന്ന് വിതരണം, ശുചിമുറി സൗകര്യം, മൃഗങ്ങളുടെ ജഡം മറവു ചെയ്യൽ, വൃത്തിയാക്കൽ, നാശനഷ്ടങ്ങൾ വിലയിരുത്തൽ, വിവര ശേഖരണം എന്നിവക്ക് മുൻകയ്യെടുക്കുക.

കുടുംബങ്ങൾ ചെയ്യേണ്ട കാര്യങ്ങൾ

1) ഏറ്റവും പുതിയ വിവരങ്ങൾ അറിയുക, നിർദേശങ്ങൾ പാലിക്കുക, തീരുമാനങ്ങൾ നടപ്പാക്കാൻ സഹായിക്കുക.
2) പ്രായമായവരുടെ നേർക്ക് സഹായഹസ്തം നീട്ടുക.
3) വിവരങ്ങൾ പ്രായമായവരുമായി പങ്കുവെക്കുക.
4) പ്രായമായവരുടെ കയ്യിൽ ഊന്നുവടിയും ടോർച്ചും ഉണ്ടായിരിക്കണം.
5) അഭയകേന്ദ്രത്തിൽ പ്രായമായവരുടെ പ്രത്യേക ആവശ്യങ്ങൾ നിറവേറ്റപ്പെടുന്നുണ്ട് എന്നുറപ്പാക്കുക. അവർക്കുള്ള സൗകര്യങ്ങൾക്ക് മുൻഗണന കൊടുക്കുക.
6) കുടുംബാംഗങ്ങളിൽ ആരെയെങ്കിലും കാണാതായിട്ടുണ്ടെങ്കിൽ രക്ഷാപ്രവർത്തക സംഘത്തെ അറിയിക്കുക.
7) ദുരന്തശേഷം വീട്ടിലേക്ക് മടങ്ങുമ്പോൾ സൗകര്യങ്ങൾ എല്ലാം ഒരുക്കിയതിന് ശേഷം പ്രായമായവരെ കൂട്ടിക്കൊണ്ടുവരിക.
8) ആവശ്യമെങ്കിൽ പ്രായമായവർക്ക് കൗൺസിലിംഗ് നൽകുക.

2.5. ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് വേണ്ടിയുള്ള ദുരന്ത തയ്യാറെടുപ്പ് പദ്ധതി

ദുരന്തത്തിന് മുൻപും, ദുരന്തസമയത്തും, ദുരന്തത്തിന് ശേഷവും ശാരീരിക വെല്ലുവിളികൾ നേരിടുന്നവർ പാലിക്കേണ്ട കാര്യങ്ങൾ

ഉത്തരവാദിത്തങ്ങൾ	ദുരന്തത്തിന് മുൻപ്	ദുരന്ത സമയത്ത്	ദുരന്തത്തിന് ശേഷം
ശാരീരിക വെല്ലുവിളികൾ നേരിടുന്നവർ ഉറപ്പാക്കേണ്ട കാര്യങ്ങൾ	എമർജൻസി കിറ്റ് തയ്യാറാക്കുക ദുരന്തം നേരിടാനുള്ള പദ്ധതി തയ്യാറാക്കി വയ്ക്കുക	മറ്റുള്ളവരോട് സഹായം അഭ്യർത്ഥിക്കുക ഒഴിഞ്ഞുപോക്ക് വേണ്ടി വന്നാൽ വ്യക്തിഗത സഹായത്തിനായുള്ള ഉപകരണങ്ങൾ എടുത്തു എന്ന് ഉറപ്പാക്കുക	അപകട ഭീഷണി അവസാനിക്കുന്നത് വരെ വീട്ടിലേക്കു പോകരുത്

ഉത്തരവാദിത്തങ്ങൾ	ദുരന്തത്തിന് മുൻപ്	ദുരന്ത സമയത്ത്	ദുരന്തത്തിന് ശേഷം
ശാരീരിക വെല്ലുവിളികൾ നേരിടുന്നവർ ഉറപ്പാക്കേണ്ട കാര്യങ്ങൾ	ഒഴിഞ്ഞുപോകേണ്ടി വന്നാൽ സ്വീകരിക്കേണ്ട മാർഗങ്ങൾ ഉറപ്പ് വരുത്തുക വ്യക്തിഗത സഹായത്തിനായുള്ള ഉപകരണങ്ങൾ തയ്യാറാക്കി വയ്ക്കുക ഏറ്റവും ആദ്യം ബന്ധപ്പെടേണ്ട വ്യക്തികളുടെ ഫോൺ നമ്പറുകൾ അറിഞ്ഞിരിക്കുക അധികൃതരിൽ നിന്നുള്ള മുന്നറിയിപ്പുകൾ ശ്രദ്ധിക്കുക, ഉചിതമായ നടപടികൾ സ്വീകരിക്കുക	എമർജൻസി കിറ്റും മരുന്നുകളും എടുക്കുക	സഹായം സ്വീകരിക്കാൻ മടി കാണിക്കരുത്

ഉത്തരവാദിത്തങ്ങൾ	ദുരന്തത്തിന് മുൻപ്	ദുരന്ത സമയത്ത്	ദുരന്തത്തിന് ശേഷം
പരിചരണം നൽകുന്നവരു, പഞ്ചായത്ത് സ്ഥാപനങ്ങളും, സ്കൂൾ അധികൃതരും മറ്റുള്ളവരും ഉറപ്പാക്കേണ്ട കാര്യങ്ങൾ	ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് അവരുടെ ശേഷി വർധിപ്പിക്കാനുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുക. നിശ്ചിത ഇടവേളകളിൽ മാതൃകാ പരിശീലനം (മോക്ക് ഡ്രിൽ) സംഘടിപ്പിക്കുക വെല്ലുവിളികൾ നേരിടുന്നവർക്കും അല്ലാത്തവർക്കും വേണ്ടി ബോധവൽക്കരണം നടത്തുക	ലഭ്യമായ സൗകര്യങ്ങൾ ഉപയോഗിച്ച് അടിയന്തര ആശയവിനിമയം നടത്തുക ഒഴിപ്പിക്കൽ വേണ്ടി വന്നാൽ ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് മുൻഗണനനൽകുക അവരുടെ സഹായത്തിനായുള്ള എല്ലാ ഉപകരണങ്ങളും മരുന്നുകളും എടുക്കുക	ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് ആവശ്യമായ സൗകര്യങ്ങൾ അഭയ കേന്ദ്രങ്ങളിൽ ഉണ്ടെന്നും ആ സൗകര്യങ്ങൾ അവർക്ക് ലഭിക്കുന്നുണ്ടെന്നും ഉറപ്പ് വരുത്തുക
	ശാരീരിക വെല്ലുവിളികൾ നേരിടുന്നവരുടെ ആവശ്യങ്ങൾ എന്തൊക്കെയാണെന്ന് മനസ്സിലാക്കാനും, ആശയവിനിമയം നടത്താനും സന്നദ്ധ പ്രവർത്തകരെ പരിശീലിപ്പിക്കുക		ശാരീരിക വെല്ലുവിളികൾ നേരിടുന്നവരിൽ ചിലർ സ്വകാര്യത, മരുന്നുകൾ, വ്യാഖ്യാതാവിന്റെ സഹായം തുടങ്ങിയ ആവശ്യങ്ങൾ അറിയിച്ചേക്കാം. അവർക്ക് മാനസിക പിന്തുണ നൽകുക

2.6. വളർത്തുമൃഗങ്ങൾക്ക് വേണ്ടിയുള്ള ദുരന്ത തയ്യാറെടുപ്പ് പദ്ധതി

- നിങ്ങളുടെ വളർത്തുമൃഗം ഏറ്റവും സുരക്ഷിതമായിരിക്കുന്നത് നിങ്ങളോടൊപ്പമായിരിക്കുമ്പോൾ തന്നെയാണ്.
- ദുരന്ത തയ്യാറെടുപ്പുപദ്ധതികളിൽ വളർത്തുമൃഗങ്ങളെക്കൂടി ഉൾപ്പെടുത്തുക. മറ്റെവിടെയെങ്കിലും വളർത്തുമൃഗങ്ങളെ സൂക്ഷിക്കാൻ ഏൽപ്പിക്കുകയാണെങ്കിൽ അപകട ഭീഷണി ഇല്ലാത്ത സ്ഥലമാണെന്ന് ഉറപ്പ് വരുത്തുക.
- നിങ്ങളുടെയും വളർത്തുമൃഗങ്ങളുടെയും സുരക്ഷക്ക് വേണ്ടി അനുയോജ്യമായ വാഹനങ്ങളിൽ മാത്രം അവയെ മാറ്റുക.
- എളുപ്പത്തിൽ കാണാൻ കഴിയുന്ന തിരിച്ചറിയൽ കാർഡുകൾ മൃഗങ്ങളുടെ ദേഹത്ത് കെട്ടിക്കൊടുക്കുക.
- ആവശ്യമായ ഭക്ഷണവും വെള്ളവും ഉറപ്പാക്കുക.
- പ്രഥമ ശുശ്രൂഷ കിറ്റും മറ്റു മരുന്നുകളും കയ്യിൽ കരുതുക.
- തിരിച്ചറിയൽ ആവശ്യങ്ങൾക്കായി മൃഗങ്ങളുടെ ഫോട്ടോ എടുത്ത് സൂക്ഷിക്കുക.
- ദുരന്തസമയത്തോ ഒഴിപ്പിക്കൽ സമയത്തോ വളർത്തുമൃഗത്തെ കാണാതായാൽ അതാതു പ്രാദേശിക അധികൃതരുമായി ബന്ധപ്പെടുക. ഇങ്ങനെ ഒരു സാഹര്യത്തിൽ കാണാതായവയെ കണ്ടെത്താൻ നേരത്തെ എടുത്തു വച്ച ഫോട്ടോ ഒരു പരിധി വരെ സഹായിക്കും.

3

അപായ സൂചനാ സംവിധാനങ്ങളും അംഗീകൃത നടപടി ക്രമങ്ങളും

അപായ സൂചന നൽകാൻ ഔദ്യോഗികമായി ചുമതലയുള്ള സ്ഥാപനങ്ങൾ

(1) കാലാവസ്ഥ മുന്നറിയിപ്പ്: ഇന്ത്യൻ മെറ്റിയോറോളജിക്കൽ വകുപ്പ് (IMD)

(2) ചുഴലിക്കാറ്റ്: ഇന്ത്യൻ മെറ്റിയോറോളജിക്കൽ വകുപ്പ്

(3) വരൾച്ച: കൃഷി മന്ത്രാലയം, ഭാരത സർക്കാർ (MoAFW)

(4) ഭൂകമ്പം: ഇന്ത്യൻ മെറ്റിയോറോളജിക്കൽ വകുപ്പ്

(5) പകർച്ചവ്യാധി: ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം (MoHFW)

(6) പ്രളയം: കേന്ദ്ര ജല കമ്മീഷൻ (CWC)

(7) മണ്ണിടിച്ചിൽ/ഉരുൾപൊട്ടൽ: ജിയോളോജിക്കൽ സർവ്വേ ഓഫ് ഇന്ത്യ (GSI), നാഷണൽ സെൻറർ ഫോർ എർത് സയൻസ് സ്റ്റഡീസ് (NCESS)

(8) കടൽക്ഷോഭവും സുനാമിയും: ഇന്ത്യൻ നാഷണൽ സെൻറർ ഫോർ ഓഷ്യൻ ഇൻഫർമേഷൻ സർവീസസ് (INCOIS), നാഷണൽ സെൻറർ ഫോർ എർത് സയൻസ് സ്റ്റഡീസ്

(9) മഞ്ഞുവീഴ്ച: സ്നോ ആൻഡ് അവലാഞ്ച് സ്റ്റഡി എസ്റ്റാബ്ലിഷ്മെൻറ് (SASE)

- മേൽപറഞ്ഞ ഏതു തരം അപകടം സംബന്ധിച്ചും ദേശീയ-സംസ്ഥാന എമർജൻസി ഓപ്പറേഷൻ സെൻററുകൾക്കും, കേരള സംസ്ഥാന സർക്കാരിനും മുന്നറിയിപ്പ് പുറപ്പെടുവിക്കാം.

- മുന്നറിയിപ്പില്ലാതെ ഉണ്ടാകുന്ന ദുരന്തങ്ങൾ (അപകടങ്ങൾ, ഭീകരാക്രമണങ്ങൾ എന്നിവ) സംബന്ധിച്ച് ജില്ലാ എമർജൻസി ഓപ്പറേഷൻ സെൻററിനും ജില്ലാകളക്ടർക്കും മുന്നറിയിപ്പ് പുറപ്പെടുവിക്കാം. സംസ്ഥാന സർക്കാരുകളും ജില്ലാ ഭരണകൂടങ്ങളും മുന്നറിയിപ്പുകൾ സാധ്യമായ എല്ലാ മാർഗങ്ങളിലൂടെയും ജനങ്ങളിലേക്കെത്തിക്കുന്നു.

താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ശേഖരിച്ചിരിക്കുന്നത് കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ 'ഓറഞ്ച് ബുക്ക് ഓഫ് ഡിസാസ്റ്റർ മാനേജ്മെൻറ് 1-സ്റ്റാൻഡേർഡ് ഓപ്പറേഷൻ പ്രൊസീജേർസ് & എമർജൻസി സപ്പോർട്ട് ഫംഗ്ഷൻ പ്ലാൻ 2020' എന്ന പ്രസിദ്ധീകരണത്തിൽ നിന്നുമാണ്. അതുകൊണ്ടു തന്നെ ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ ഏതൊക്കെ സ്ഥാപനങ്ങൾ പങ്കാളികളാകുന്നുണ്ട് എന്നൊരു ധാരണ ജനങ്ങൾക്ക് കിട്ടുന്നു. വിവിധ കളർ കോഡുകൾ എന്ത് തരം അപായ സൂചനയാണ് നൽകുന്നത് എന്ന് മനസ്സിലാക്കുന്നത് വ്യക്തികളെയും സമൂഹത്തെ പൊതുവെയും മെച്ചപ്പെട്ട തയ്യാറെടുപ്പിന് സഹായിക്കുന്നു.

3.1. മഴയും പ്രളയവും

ജാഗ്രതാ നിർദേശങ്ങളും മാർഗനിർദേശങ്ങളും

കൂടുതൽ കൃത്യമായ നടപടികൾ സ്വീകരിക്കാൻ കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ഏറ്റവും പുതിയ മൺസൂൺ തയ്യാറെടുപ്പ് മാർഗനിർദേശങ്ങൾ (ഓറഞ്ച് ബുക്ക് 2) പാലിക്കുക.

നിലവിൽ കേരളത്തിലെ 39 സ്ഥലങ്ങളിലെ പ്രളയ മുന്നറിയിപ്പ് കേന്ദ്ര ജല കമ്മീഷനിൽ നിന്നും ലഭ്യമാണ്. മറ്റു സ്ഥലങ്ങളിൽ ജലസേചന വകുപ്പും വൈദ്യുതി ബോർഡും നദികളിലെ ജലനിരപ്പ് നിരീക്ഷിക്കുകയും വിവരങ്ങൾ യഥാസമയം ജില്ലാ എമർജൻസി ഓപ്പറേഷൻ കേന്ദ്രത്തിൽ അറിയിക്കുകയും ചെയ്യുന്നു.

യെല്ലോ അലർട്ട് **കനത്ത മഴ**	**ഏറ്റവും പുതിയ വിവരങ്ങൾ അറിയുക.** കനത്ത മഴ പ്രതീക്ഷിക്കുന്ന ജില്ലകളിൽ അപായ സൂചന പിൻവലിക്കുന്നത് വരെ ചെയ്യേണ്ട കാര്യങ്ങൾ: • **സംസ്ഥാന അടിയന്തര പ്രവർത്തന കേന്ദ്രം:** നോഡൽ വകുപ്പുകളിലെ എല്ലാ സംസ്ഥാന തല ഉദ്യോഗസ്ഥരെയും വിവരം അറിയിക്കുക. • **ജില്ലാ അടിയന്തര പ്രവർത്തന കേന്ദ്രം:** അടിയന്തര സാഹചര്യം നേരിടാൻ തയ്യാറാകുക. • **റവന്യൂ-പോലീസ് ജില്ലാ കൺട്രോൾ റൂമുകൾ:** 24 മണിക്കൂറും പ്രവർത്തിപ്പിക്കുക. • **തഹസിൽദാർ:** ആവശ്യമായി വന്നാൽ അഭയ കേന്ദ്രങ്ങൾ തയ്യാറാണെന്ന് ഉറപ്പ് വരുത്തുക. വില്ലേജ് ഓഫീസർമാരുടെ റിപ്പോർട്ടുകൾ പരിശോധിച്ച് ഖനനം പോലുള്ള ജോലികൾ 24 മണിക്കൂർ നേരത്തേക്ക് നിരോധിക്കുക. • **ഗതാഗത വകുപ്പ്:** ജില്ലയിൽ ലഭ്യമായ ക്രെയിനുകളും മണ്ണ് മാന്തി യന്ത്രങ്ങളും അത്യാഹിതമെന്തെങ്കിലും ഉണ്ടായാൽ ഉപയോഗിക്കാനായി തയ്യാറാക്കി നിർത്തുക. • **വൈദ്യുതി ബോർഡ് (KSEB), പൊതുമരാമത്ത് (PWD) വകുപ്പുകൾ:** അടിയന്തര കേടുപാടുകൾ നന്നാക്കാനുള്ള സംഘത്തെ തയ്യാറാക്കി നിർത്തുക.

യെല്ലോ അലർട്ട് **കനത്ത മഴ**	• **വിനോദസഞ്ചാര, വനം വകുപ്പുകൾ:** വിനോദ സഞ്ചാരികൾക്കുള്ള നിർദേശങ്ങൾ നൽകുക. പുഴയിൽ കുളിക്കുന്നത് ഒഴിവാക്കാനും, മണ്ണിടിച്ചിലിനോ ഉരുൾ പൊട്ടലിനോ സാധ്യതയുള്ളതിനാൽ മലപ്രദേശത്തേക്ക് യാത്ര ചെയ്യുന്നത് ഒഴിവാക്കാനും ഉപദേശിക്കുക. • **ജലസേചന, വൈദ്യുതി ബോർഡ് വകുപ്പുകൾ:** നദികളിലെയും അണക്കെട്ടുകളിലെയും ജലനിരപ്പ് നിരന്തരം നിരീക്ഷിച്ച് വിവരങ്ങൾ അതാത് ജില്ലാ തല അടിയന്തര പ്രവർത്തന കേന്ദ്രങ്ങളെ അറിയിക്കുക.
ഓറഞ്ച് അലർട്ട് **വളരെ കനത്ത മഴ**	**തയ്യാറായിരിക്കുക:** വളരെ കനത്ത മഴ ഉള്ള ജില്ലകളിൽ അപായ സൂചന പിൻവലിക്കുന്നത് വരെ ചെയ്യേണ്ട കാര്യങ്ങൾ • **ജില്ലാ അടിയന്തര പ്രവർത്തന കേന്ദ്രം, റവന്യൂ-പോലീസ് ജില്ലാ-താലൂക്ക് കൺട്രോൾ റൂമുകൾ** 24 മണിക്കൂറും പ്രവർത്തിപ്പിക്കുക. • **സംസ്ഥാന ദുരന്ത നിവാരണ സേനയും അഗ്നിശമന സേനയും** സംസ്ഥാന ഇൻസിഡന്റ് കമാണ്ടറുടെ (SIC) നിർദേശ പ്രകാരം അതാത് സ്ഥാനങ്ങളിൽ തയ്യാറായി നിൽക്കുക. • **കര-നാവിക-വ്യോമ സേനകളെയും സംസ്ഥാനത്തുള്ള മറ്റു കേന്ദ്ര സേനകളെയും** വിവരം അറിയിക്കുക. • **ദുരന്ത സാധ്യതാ പ്രദേശങ്ങളിലെ ആശുപത്രികൾ, സാമൂഹികാരോഗ്യകേന്ദ്രങ്ങൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ:** സാധാരണ പ്രവർത്തിക്കുന്നതിന് പുറമെ ഡോക്ടർമാർ, പാരാമെഡിക്കൽ ജീവനക്കാർ, ഫീൽഡ് ജീവനക്കാർ എന്നിവരുടെ സേവനം ആശുപത്രികളിലും ആവശ്യമെങ്കിൽ പുറത്തും ലഭ്യമാണെന്ന് ഉറപ്പ് വരുത്തുക.

ഓറഞ്ച് അലർട്ട് **വളരെ കനത്ത മഴ**	• **തഹസിൽദാർ:** നിർദ്ദിഷ്ട അഭയ കേന്ദ്രങ്ങളുടെ നിയന്ത്രണം ഏറ്റെടുക്കുക; വില്ലേജ് ഓഫീസർമാർ നൽകുന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഖനനം 24 മണിക്കൂർ നേരത്തേക്ക് നിരോധിക്കുക. • **തദ്ദേശ ഭരണകൂടം:** ജനങ്ങൾ നദികളും അരുവികളും മുറിച്ച് കടക്കുന്നതും, ദുർഘട പാതകളിലൂടെ യാത്ര ചെയ്യുന്നതും നിയന്ത്രിക്കുക. • **ഗതാഗത വകുപ്പ്:** ജില്ലയിൽ ലഭ്യമായ ക്രെയിനുകളും മണ്ണുമാന്തി യന്ത്രങ്ങളും അത്യാഹിതമെന്തെങ്കിലും ഉണ്ടായാൽ ഉപയോഗിക്കാനായി തയ്യാറാക്കി നിർത്തുക. • **വൈദ്യുതി ബോർഡ്, പൊതുമരാമത്ത് വകുപ്പുകൾ:** അടിയന്തര കേടുപാടുകൾ നന്നാക്കാനുള്ള സംഘത്തെ തയ്യാറാക്കി നിർത്തുക. • **പോലീസ്:** അപകട സാധ്യതയുള്ള സ്ഥലങ്ങളിലൂടെയുള്ള വാഹനഗതാഗതം നിയന്ത്രിക്കുക. അപകട മേഖലയിലെ (മണ്ണിടിച്ചിൽ സാധ്യതാ പ്രദേശം, താഴ്ന്ന സ്ഥലങ്ങൾ, പുറമ്പോക്ക് ഭൂമി, ദുർബല പ്രദേശങ്ങളിലെ കോളനികൾ, മറ്റു അപകട സാധ്യതാ പ്രദേശങ്ങൾ) താമസക്കാരോട് സ്വയം ഒഴിഞ്ഞു പോകാനുള്ള മുന്നറിയിപ്പ് നിർദ്ദേശം പുറപ്പെടുവിക്കുക. • **വിനോദ സഞ്ചാര, വനം വകുപ്പുകൾ:** വിനോദ സഞ്ചാരികൾക്കുള്ള നിർദേശങ്ങൾ നൽകുക. പുഴയിൽ കുളിക്കുന്നത് ഒഴിവാക്കാനും, മണ്ണിടിച്ചിലിനോ ഉരുൾ പൊട്ടലിനോ സാധ്യതയുള്ളതിനാൽ മലമ്പ്രദേശത്തേക്കുള്ള യാത്ര ഒഴിവാക്കാനും ഉപദേശിക്കുക. • **പൊതുജനം:** മണ്ണിടിച്ചിൽ/ഉരുൾപൊട്ടൽ ഭീഷണി ഉള്ള സ്ഥലങ്ങൾ, വെള്ളം കയറാൻ സാധ്യതയുള്ള താഴ്ന്ന പ്രദേശങ്ങൾ, പുറമ്പോക്ക് ഭൂമി, ദുർബല പ്രദേശങ്ങളിലെ കോളനികൾ, മറ്റു അപകട സാധ്യതാ പ്രദേശങ്ങളിൽ താമസിക്കുന്നവർ സുരക്ഷിതമായ മറ്റൊരു സ്ഥലത്തേക്ക് മാറുക.

റെഡ് അലർട്ട് **അതിശക്തമായ മഴ**	**പരമാവധി ജാഗ്രത:** അതിശക്തമായ മഴയുള്ള ജില്ലകളിൽ അപായ സൂചന പിൻവലിക്കുന്നത് വരെ ചെയ്യേണ്ട കാര്യങ്ങൾ • **സംസ്ഥാന-ജില്ലാ അധികൃതർ:** എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അവധി പ്രഖ്യാപിക്കുക. • **സംസ്ഥാന-ജില്ലാ അടിയന്തര പ്രവർത്തന കേന്ദ്രങ്ങൾ:** അടിയന്തര പ്രവർത്തനങ്ങൾ ആരംഭിക്കുക. • **റവന്യൂ-പോലീസ് സംസ്ഥാന-ജില്ലാ-താലൂക്ക് തല കൺട്രോൾ റൂമുകൾ** 24 മണിക്കൂറും പ്രവർത്തിപ്പിക്കുക. • **ദേശീയ-സംസ്ഥാന ദുരന്ത നിവാരണ സേനകൾ, ഫയർ ആൻഡ് റെസ്ക്യൂ:** സംസ്ഥാന ഇൻസിഡൻറ് കമാൻഡറുടെ നിർദേശാനുസരണം പ്രവർത്തനം ആവശ്യമായി വന്നേക്കാവുന്ന സ്ഥലങ്ങളിൽ തയ്യാറായി നിൽക്കുക. • **കര-നാവിക-വ്യോമസേനകൾ, സംസ്ഥാനത്തുള്ള മറ്റു കേന്ദ്ര സേനകൾ** , സംസ്ഥാനത്തിൻറെ ഏതു ഭാഗത്തേക്കും പോകാൻ തയ്യാറായി നിൽക്കുക. • **BSNL, പോലീസ്:** അടിയര ആശയവിനിമയ സൗകര്യമൊരുക്കുക. • **ദുരന്ത സാധ്യതാ ജില്ലകളിലെ ആശുപത്രികൾ, സമൂഹികാരോഗ്യ കേന്ദ്രങ്ങൾ (CHCs), പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ (PHCs):** പൂർണ ശേഷിയോടെ പ്രവർത്തിക്കാൻ തയ്യാറെടുക്കുക. ആവശ്യമായ മാനവവിഭവശേഷി ജില്ലാ തലത്തിൽ ഉറപ്പാക്കുക. ഫീൽഡ് തല ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്ക് മെഡിക്കൽ സംഘത്തെ തയ്യാറാക്കുക. പകർച്ചവ്യാധി വ്യാപനം തടയാനുള്ള നടപടികൾ സ്വീകരിക്കുക. താഴ്ന്ന സ്ഥലങ്ങളിൽ സ്ഥിതി ചെയ്യുന്ന ആശുപത്രികളും സാമൂഹികാരോഗ്യ കേന്ദ്രങ്ങളും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും എത്രയും പെട്ടെന്ന് ഒഴിപ്പിക്കുക.

റെഡ് അലർട്ട് **അതിശക്തമായ മഴ**	• **തഹസിൽദാർ:** അഭയ കേന്ദ്രങ്ങളുടെ പ്രവർത്തനം ആരംഭിക്കുക. വില്ലേജ് ഓഫീസർമാരുടെ റിപ്പോർട്ടുകൾ പരോധിച്ച് ഖനനം 24 മണിക്കൂർ നേരത്തേക്ക് നിരോധിക്കുക. • **തദ്ദേശ ഭരണകൂടം:** അപകട ഭീഷണി നേരിടുന്ന ജനങ്ങളെ അഭയ കേന്ദ്രങ്ങളിലേക്കോ, മറ്റു സുരക്ഷിത സ്ഥാനങ്ങളിലേക്കോ മാറ്റുക. • **ഗതാഗത വകുപ്പ്:** ജില്ലയിൽ ലഭ്യമായ ക്രെയിനുകളും മണ്ണുമാന്തി യന്ത്രങ്ങളും എന്തെങ്കിലും അത്യാഹിതമുണ്ടായാൽ ഉപയോഗിക്കാനായി തയ്യാറാക്കി നിർത്തുക. • **വൈദ്യുതി ബോർഡ്, പൊതുമരാമത്ത് വകുപ്പുകൾ:** അടിയന്തര കേടുപാടുകൾ നന്നാക്കാനുള്ള സംഘത്തെ തയ്യാറാക്കി നിർത്തുക. • **വൈദ്യുതി, പൊതുമരാമത്ത്, ആരോഗ്യം, ജലസേചനം, ഗതാഗതം എന്നീ വകുപ്പുകളുടെ ജില്ലാ ഓഫീസർമാർ** അതാത് കളക്ടറേറ്റുകളിൽ ഉണ്ടായിരിക്കണം. • **പോലീസ്:** മണ്ണിടിച്ചിൽ/ഉരുൾപൊട്ടൽ സാധ്യതയുള്ള പ്രദേശങ്ങളിലൂടെയും മലമ്പാതകളിലൂടെയുമുള്ള (അടിയന്തര സേവനങ്ങൾക്കായുള്ളതല്ലാത്ത) വാഹന ഗതാഗതം തടയുക. മലമ്പ്രദേശങ്ങൾ അടക്കുക. തീരദേശത്തുള്ള റിസോർട്ടുകൾ ഒഴിപ്പിച്ച് ജനങ്ങളെ സുരക്ഷിത സ്ഥാനത്തേക്ക് മാറ്റുക. • **വിനോദ സഞ്ചാര, വനം വകുപ്പുകൾ:** വിനോദ സഞ്ചാരികൾക്കുള്ള നിർദേശങ്ങൾ നൽകുക. പുഴയിൽ കുളിക്കുന്നത് ഒഴിവാക്കാനും, മണ്ണിടിച്ചിലിനോ ഉരുൾപൊട്ടലിനോ സാധ്യതയുള്ളതിനാൽ മലമ്പ്രദേശത്തേക്കുള്ള യാത്ര ഒഴിവാക്കാനും ഉപദേശിക്കുക. • **പൊതുജനം:** വീട്ടിൽ തന്നെ കഴിയുക. മണ്ണിടിച്ചിൽ/ഉരുൾപൊട്ടൽ സാധ്യതയുള്ള സ്ഥലങ്ങളിലെ താമസക്കാർ സുരക്ഷിത സ്ഥലങ്ങളിലേക്ക് മാറുക. ആൾക്കൂട്ടവും ആഘോഷങ്ങളും ഒഴിവാക്കുക. അധികൃതർ ആവശ്യപ്പെടുന്നതനുസരിച്ച് ദുരന്ത ഭീഷണി നേരിടുന്ന സ്ഥലങ്ങളിൽ നിന്നും ആളുകളെ ഒഴിപ്പിക്കുന്ന നടപടികളുമായി സഹകരിക്കുക.

3.2 ചുഴലിക്കാറ്റ്/കൊടുങ്കാറ്റ്

ജാഗ്രതാ നിർദേശങ്ങളും മാർഗനിർദേശങ്ങളും

ഓഖി ചുഴലിക്കാറ്റ് ദുരന്തത്തിൻറെ പശ്ചാത്തലത്തിൽ സ്വന്തമായി വികസിപ്പിച്ചെടുത്ത ചട്ടങ്ങളും അംഗീകൃത നടപടി ക്രമങ്ങളുമാണ് ചുഴലിക്കാറ്റ് നേരിടാൻ കേരളം പിന്തുടരുന്നത്. താഴെ കൊടുത്തിരിക്കുന്ന നടപടി ക്രമങ്ങൾ കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി പുറപ്പെടുവിച്ചിട്ടുള്ളതാണ്.

യെല്ലോ അലർട്ട് **ന്യൂനമർദ്ദം**	ന്യൂനമർദ്ദ മുന്നറിയിപ്പുള്ള സമയത്ത് മുന്നറിയിപ്പ് നല്കപ്പെട്ടിട്ടുള്ള സ്ഥലത്ത്, പ്രത്യേകിച്ച് മൽസ്യ ത്തൊഴിലാളികളുള്ള സ്ഥലങ്ങളിൽ ചെയ്യാൻ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പ്രവർത്തനങ്ങളാണ് താഴെ പറയുന്നത്. • **സംസ്ഥാന നിർവാഹക സമിതി (SEC) :** യോഗം ചേരുക. യോഗത്തിലേക്ക് മെറ്റിയോറോളജിക്കൽ സെന്റർ തിരുവനന്തപുരം കേന്ദ്രത്തിൻറെ ഡയറക്ടറേയും ക്ഷണിക്കണം. • **IMD :** അപകട മുന്നറിയിപ്പ് നൽകിയിട്ടുള്ള സ്ഥലങ്ങളിലെ മത്സ്യത്തൊഴിലാളികൾക്കായി മുന്നറിയിപ്പ് പുറപ്പെടുവിക്കുക. • **ജില്ലാ അടിയന്തര പ്രവർത്തന കേന്ദ്രങ്ങൾ:** മൈക്കിലൂടെ വിളിച്ചുപറഞ്ഞും മറ്റു മാർഗങ്ങളിലൂടെയും അപകട മുന്നറിയിപ്പ് തീരദേശ സമൂഹത്തെ അറിയിക്കാൻ ഫിഷറീസ് ഓഫീസർമാർക്ക് നിർദേശം നൽകുക. • **ഫിഷറീസ് വകുപ്പ് :** മൈക്കിലൂടെ വിളിച്ചു പറഞ്ഞും മറ്റു മാർഗങ്ങളിലൂടെയും മത്സ്യ തൊഴിലാളികൾക്കും തീരദേശ വാസികൾക്കും മുന്നറിയിപ്പ് സന്ദേശം കൈമാറൽ നടക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുക. • **പോലീസ്:** തീരപ്രദേശങ്ങളിൽ മൈക്കിലൂടെ വിളിച്ചുപറഞ്ഞും മറ്റു മാർഗങ്ങളിലൂടെയും മുന്നറിയിപ്പ് സന്ദേശം കൈമാറൽ നടക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുക.

ഓറഞ്ച് അലർട്ട് **അതിതീവ്ര ന്യൂനമർദ്ദവും കൊടുങ്കാറ്റും**	**തയ്യാറായിരിക്കുക:** മുന്നറിയിപ്പ് പിൻവലിക്കുന്നത് വരെ ദുരന്ത സാധ്യതയുള്ള വില്ലേജുകളിലും, താലൂക്കുകളിലും, ജില്ലകളിലും സ്വീകരിക്കേണ്ട നടപടികൾ. • **സംസ്ഥാന-ജില്ലാ അധികൃതർ:** എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അവധി പ്രഖ്യാപിക്കുക. യഥാക്രമം പണികഴിപ്പിച്ചിട്ടുള്ള ഉറപ്പുള്ള വീടുകളിൽ താമസിക്കുന്നവരോട് പുറത്തിറങ്ങരുതെന്ന് അറിയിക്കുക. ചുഴലിക്കാറ്റിന്റെ പാതയിലോ, മണ്ണിടിച്ചിൽ/ ഉരുൾപൊട്ടൽ എന്നിവ ഉണ്ടാകാൻ സാധ്യതയുള്ള സ്ഥലങ്ങളിലോ ഉള്ളവരോട് സുരക്ഷിത സ്ഥലത്തേക്ക് മാറാൻ നിർദേശം കൊടുക്കുക. ജനങ്ങൾ ഒത്തുകൂടാൻ സാധ്യതയുള്ള എല്ലാ പരിപാടികളും ആഘോഷങ്ങളും റദ്ദാക്കുക. • **സംസ്ഥാന-ജില്ലാ അടിയന്തര പ്രവർത്തന കേന്ദ്രങ്ങൾ:** അടിയന്തര പ്രവർത്തനങ്ങൾ ആരംഭിക്കുക. അപകട ഭീഷണി മൈക്കിലൂടെ വിളിച്ചുപറയുകയും മറ്റു പ്രവർത്തനങ്ങൾ നടത്താൻ പ്രാദേശിക ഫിഷറീസ് ഓഫിസർക്ക് നിർദേശം നൽകുകയും ചെയ്യുക. • **റവന്യൂ-പോലീസ് സംസ്ഥാന-ജില്ലാ താലൂക്ക് കൺട്രോൾ റൂമുകൾ:** 24 മണിക്കൂറും പ്രവർത്തിപ്പിക്കുക. • **പോലീസ്, സംസ്ഥാന ദുരന്ത നിവാരണ സേന, കോസ്റ്റൽ പോലീസ്:** തീരദേശ ഗ്രാമങ്ങളിലേക്ക് നിയോഗിക്കുക. • **കര-നാവിക-വ്യോമ സേനകൾ, സംസ്ഥാനത്തുള്ള മറ്റു കേന്ദ്ര സേനകൾ:** ജാഗ്രതയോടെ തയ്യാറായി നിൽക്കുക. • **മൊബൈൽ സേവനദാതാക്കൾ, പോലീസ്:** അടിയന്തര ആശയവിനിമയത്തിനുള്ള സൗകര്യങ്ങൾ ഒരുക്കുക. • **ദുരന്ത സാധ്യതയുള്ള ജില്ലകളിലെ ആശുപത്രികൾ, സാമൂഹിക ആരോഗ്യ കേന്ദ്രങ്ങൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ:** സാധാരണ പ്രവർത്തനങ്ങൾക്ക് പുറമെ ഡോക്ടർമാർ, പാരാമെഡിക്കൽ ജീവനക്കാർ, ഫീൽഡ് തല പ്രവർത്തനങ്ങൾക്കുള്ള ജീവനക്കാർ തുടിയങ്ങിയവരുടെ സേവനം ആശുപത്രിയിലും ആവശ്യമെങ്കിൽ പുറത്തും ലഭ്യമാണ് എന്ന് ഉറപ്പുവരുത്തുക.

ഓറഞ്ച് അലർട്ട് **അതിതീവ്ര ന്യൂനമർദ്ദവും കൊടുങ്കാറ്റും**	• **തഹസിൽദാർ:** അപകട ഭീഷണി നേരിടുന്ന ജനങ്ങളെ അഭയ കേന്ദ്രങ്ങളിലേക്ക് മാറ്റാനുള്ള നടപടികൾ സ്വീകരിക്കുക. ഖനന ജോലികൾ നടക്കുന്ന സ്ഥലത്തെ സ്ഫോടനങ്ങൾ നടത്തുന്നത് നിരോധിക്കുക. • **തദ്ദേശ ഭരണകൂടം:** അപകട ഭീഷണി നേരിടുന്ന ജനങ്ങളെ അഭയ കേന്ദ്രങ്ങളിലേക്ക് മാറ്റുക, പ്രത്യേകിച്ച് മൺകട്ടകൊണ്ട് നിർമിച്ച വീടുകളിലും, ഷീറ്റ്/ഓട് മേൽക്കൂരയായുള്ള വീടുകളിലും കഴിയുന്നവരെ. • **ഗതാഗത വകുപ്പ്:** ജില്ലയിൽ ലഭ്യമായ ക്രെയിനുകളും മണ്ണ് മാന്തി യന്ത്രങ്ങളും തയ്യാറാക്കി നിർത്തുക. • **വൈദ്യുതി ബോർഡ്, പൊതുമരാമത്ത് വകുപ്പ്:** അടിയന്തര അറ്റകുറ്റ പണികൾ ചെയ്യാനുള്ള സംഘത്തെ തയ്യാറാക്കി നിർത്തുക. • **വൈദ്യുതി ബോർഡ്, പൊതുമരാമത്ത്, ആരോഗ്യം, ജലസേചനം, ഗതാഗതം എന്നീ വകുപ്പുകളുടെ ജില്ലാ ഓഫീസർമാർ** അതാതു ജില്ലാ കേന്ദ്രങ്ങളിൽ തയ്യാറായിരിക്കുക. • **ഫിഷറീസ് വകുപ്പ്:** കടലിൽ അപകട ഭീഷണി ഉണ്ടെന്ന് കാലാവസ്ഥ നിരീക്ഷണ കേന്ദ്രം (IMD)/ ഇന്ത്യൻ നാഷണൽ സെൻറർ ഫോർ ഓഷ്യൻ ഇൻഫർമേഷൻ സർവീസസ് (INCOIS) കണ്ടെത്തിയിരിക്കുന്ന ഭാഗത്തേക്ക് മൽസ്യത്തൊഴിലാളികൾ പോകുന്നത് നിരോധിക്കുക. • **പോലീസ്:** അപകട ഭീഷണിയുള്ള സ്ഥലത്തേക്ക് അടിയന്തര ആവശ്യങ്ങൾക്കുള്ളതൊഴിച്ച് മറ്റുള്ള എല്ലാ വാഹന ഗതാഗതവും നിയന്ത്രിക്കുക. തീരപ്രദേശങ്ങളിൽ മൈക് വഴി വിളിച്ചുപറയലും, അപകട സാധ്യതാ സന്ദേശം കൈമാറലും നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക. • **വിനോദ സഞ്ചാര, വനം വകുപ്പുകൾ:** മണ്ണിടിച്ചിൽ/പെട്ടെന്നുള്ള വെള്ളപ്പൊക്കം എന്നിവക്ക് സാധ്യതയുള്ളതിനാൽ നദികളിലും കുളിക്കടവുകളിലും ഇറങ്ങരുതെന്ന് സഞ്ചാരികൾക്ക് നിർദേശം നൽകുക.

<table>
<tr>
<td>റെഡ് അലർട്ട്

പരമാവധി ജാഗ്രത</td>
<td>ചുഴലിക്കാറ്റ് ബാധിക്കാനിടയുള്ള വില്ലേജുകൾ, താലൂക്കുകൾ, ജില്ലകൾ എന്നിവിടങ്ങളിൽ അപകട മുന്നറിയിപ്പ് പിൻവലിക്കുന്നതുവരെ സ്വീകരിക്കേണ്ട നടപടികൾ

സംസ്ഥാന-ജില്ലാ അധികൃതർ: വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി പ്രഖ്യാപിക്കുക.
ജനങ്ങൾക്കുള്ള നിർദേശം പുറപ്പെടുവിക്കുക: ഉറപ്പുള്ള വീടുകളിൽ താമസിക്കുന്നവരോട് വീടുകളിൽ തന്നെ തുടരാൻ നിർദേശിക്കുക. ചുഴലിക്കാറ്റിൻെറ പാതയിലോ മണ്ണിടിച്ചിൽ/ ഉരുൾപൊട്ടൽ എന്നിവ ഉണ്ടാകാൻ സാധ്യതയുള്ള സ്ഥലങ്ങളിലോ ഉള്ളവരോട് സുരക്ഷിത സ്ഥലത്തേക്ക് മാറാൻ നിർദേശം കൊടുക്കുക. ജനങ്ങൾ ഒത്തുകൂടാൻ സാധ്യതയുള്ള എല്ലാ പരിപാടികളും ആഘോഷങ്ങളും റദ്ദാക്കുക.
സംസ്ഥാന-ജില്ലാ അടിയന്തര പ്രവർത്തന കേന്ദ്രങ്ങൾ: അടിയന്തര പ്രവർത്തനങ്ങൾ ആരംഭിക്കുക. അപകട ഭീഷണി മൈക്കിലൂടെ വിളിച്ചു പറയുകയും, അപകട മുന്നറിയിപ്പ് ജനങ്ങളിലേക്കെത്തിക്കാനുള്ള മറ്റു പ്രവർത്തനങ്ങൾ നടത്താൻ പ്രാദേശിക ഫിഷറീസ് ഓഫിസർമാർക്ക് നിർദേശം നൽകുകയും ചെയ്യുക.
റവന്യൂ-പോലീസ് സംസ്ഥാന-ജില്ലാ-താലൂക്ക് കൺട്രോൾ റൂമുകൾ: 24 മണിക്കൂറും പ്രവർത്തിപ്പിക്കുക.
ദേശീയ-സംസ്ഥാന ദുരന്ത നിവാരണ സേനകൾ, കോസ്റ്റൽ പോലീസ്: തീരദേശ ഗ്രാമങ്ങളിലേക്ക് നിയോഗിക്കുക.
കര-നാവിക-വ്യോമ സേനകൾ, സംസ്ഥാനത്തുള്ള മറ്റു കേന്ദ്ര സേനകൾ: നിർദിഷ്ട സ്ഥലങ്ങളിലേക്ക് നിയോഗിക്കുക.
BSNL, പോലീസ്: അടിയന്തര ആശയവിനിമയത്തിനുള്ള സൗകര്യങ്ങൾ ഒരുക്കുക.
പോലീസ്: അടിയന്തര ആവശ്യങ്ങൾക്കുള്ളതൊഴിച്ച് മറ്റുള്ള എല്ലാ വാഹന ഗതാഗതവും നിയന്ത്രിക്കുക. മണ്ണിടിച്ചിൽ / ഉരുൾപൊട്ടൽ എന്നിവ ഉണ്ടാകാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ ഉള്ളവരെ സുരക്ഷിത സ്ഥലങ്ങളിലേക്ക് മാറ്റുക. ഷീറ്റ്/ഓട് മേൽക്കൂരയായുള്ള വീടുകളിൽ

</td>
</tr>
</table>

റെഡ് അലർട്ട് **പരമാവധി ജാഗ്രത**	കഴിയുന്നവരെ ദുരിതാശ്വാസ കേന്ദ്രങ്ങളിലേക്ക് മാറ്റുക. തീരപ്രദേശങ്ങളിൽ മൈക് വഴി വിളിച്ചുപറയലും അപകട സാധ്യതാ സന്ദേശം കൈമാറൽ നടക്കുന്നുണ്ടെന്നും ഉറപ്പുവരുത്തുക. • **ദുരന്ത സാധ്യതയുള്ള ജില്ലകളിലെ ആശുപത്രികൾ, സാമൂഹിക ആരോഗ്യ കേന്ദ്രങ്ങൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ:** 24 മണിക്കൂറും പ്രവർത്തിപ്പിക്കുക. ഫീൽഡ് തല ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്ക് മെഡിക്കൽ സംഘം തയ്യാറായിരിക്കുക. പകർച്ചവ്യാധി വ്യാപനം തടയാനുള്ള നടപടികൾ സ്വീകരിക്കുക. • **തഹസിൽദാർ:** അപകട ഭീഷണി നേരിടുന്ന ജനങ്ങളെ അഭയ കേന്ദ്രങ്ങളിലേക്ക് മാറ്റാനുള്ള നടപടികൾ സ്വീകരിക്കുക. ഖനന ജോലികൾ നടക്കുന്ന സ്ഥലത്തെ സ്ഫോടനങ്ങൾ നടത്തുന്നത് നിരോധിക്കുക. • **തദ്ദേശ ഭരണകൂടം:** അപകട ഭീഷണി നേരിടുന്ന ജനങ്ങളെ അഭയ കേന്ദ്രങ്ങളിലേക്ക് മാറ്റുക, പ്രത്യേകിച്ച് മൺകട്ട കൊണ്ട് നിർമിച്ച വീടുകളിലും, ഷീറ്റ്/ഓട് മേൽക്കൂരയായുള്ള വീടുകളിലും കഴിയുന്നവരെ. • **ഗതാഗത വകുപ്പ്:** ജില്ലയിൽ ലഭ്യമായ ക്രെയിനുകളും മണ്ണ്മാന്തിയന്ത്രങ്ങളും തയ്യാറാക്കി നിർത്തുക. • **വൈദ്യുതി ബോർഡ്, പൊതുമരാമത്ത് വകുപ്പ്:** അടിയന്തര അറ്റകുറ്റപണികൾ ചെയ്യാനുള്ള സംഘത്തെ തയ്യാറാക്കി നിർത്തുക. • **ഫിഷറീസ് വകുപ്പ്:** കടലിൽ അപകട ഭീഷണി ഉണ്ടെന്ന് കാലാവസ്ഥ നിരീക്ഷണ കേന്ദ്രം (IMD)/ഇന്ത്യൻ നാഷണൽ സെൻറർ ഫോർ ഓഷ്യൻ ഇൻഫർമേഷൻ സർവീസസ് (INCOIS) കണ്ടെത്തിയിരിക്കുന്ന ഭാഗത്തേക്ക് മൽസ്യത്തൊഴിലാളികൾ പോകുന്നത് നിരോധിക്കുക. • **വൈദ്യുതി ബോർഡ്, പൊതുമരാമത്ത്, ആരോഗ്യം, ജലസേചനം, ഗതാഗതം എന്നീ വകുപ്പുകളുടെ ജില്ലാ ഓഫിസർമാർ** അതാതു ജില്ലാ കേന്ദ്രങ്ങളിൽ തയ്യാറായിരിക്കുക

റെഡ് അലർട്ട് **പരമാവധി ജാഗ്രത**	• **വിനോദ സഞ്ചാര, വനം വകുപ്പുകൾ:** മണ്ണിടിച്ചിൽ/പെട്ടെന്നുള്ള വെള്ളപ്പൊക്കം എന്നിവക്ക് സാധ്യതയുള്ളതിനാൽ നദികളിലും കുളിക്കടവുകളിലും ഇറങ്ങരുതെന്ന് സഞ്ചാരികൾക്ക് നിർദേശം നൽകുക. തീരദേശങ്ങളിലും താഴ്ന്ന പ്രദേശങ്ങളിലുമുള്ള എല്ലാ ഹിൽ സ്റ്റേഷനുകളും റിസോർട്ടുകളും അടയ്ക്കുക. പൊതുജനങ്ങളെ സുരക്ഷിത പ്രദേശങ്ങളിലേക്ക് മാറ്റുക. • **റയിൽവേ, എയർപോർട്ട് അധികൃതർ:** ചുഴലി ക്കാറ്റിൻറെ സ്വാധീന പ്രദേശത്തുള്ള എല്ലാ സർവീസുകളും നിർത്തിവെക്കുക.

3.3 കടൽക്ഷോഭം

ജാഗ്രതാ നിർദേശങ്ങളും മാർഗനിർദേശങ്ങളും

ഏറ്റവും പുതിയ തയ്യാറെടുപ്പ് പദ്ധതികൾക്കായി കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ വാർഷിക മഴക്കാല തയ്യാറെടുപ്പ് മാർഗനിർദേശങ്ങൾ കാണുക.

യെല്ലോ അലർട്ട് **(തിരമാല 1 മുതൽ 3 മീറ്റർ വരെ ഉയരത്തിൽ)**	ഏറ്റവും പുതിയ വിവരം അറിയുക: അപകട ഭീഷണി നിലനിൽക്കുന്ന വില്ലേജ്, താലൂക്ക്, ജില്ല എന്നിവിടിങ്ങളിൽ മുന്നറിയിപ്പ് പിൻവലിക്കുന്നത് വരെ സ്വീകരിക്കേണ്ട നടപടികൾ • **സംസ്ഥാന-ജില്ലാ അടിയന്തര പ്രവർത്തന കേന്ദ്രങ്ങൾ:** ഇന്ത്യൻ നാഷണൽ സെൻറർ ഫോർ ഓഷ്യൻ ഇൻഫർമേഷൻ പുറപ്പെടുവിക്കുന്ന ബുള്ളറ്റിനുകൾ അതാതു സമയങ്ങളിൽ പരിശോധിക്കുക. • **റവന്യൂ-പോലീസ്, സംസ്ഥാന-ജില്ലാ-താലൂക്ക് കൺട്രോൾ റൂമുകൾ** 24 മണിക്കൂറും പ്രവർത്തിപ്പിക്കുക. എല്ലാ ജില്ലാ ഭരണകൂട ങ്ങളും ബന്ധപ്പെട്ട മറ്റു വകുപ്പുകളും ജാഗ്രത പാലിക്കുക.

ഓറഞ്ച് അലർട്ട് **തിരമാല 3 മീറ്റർ വരെ ഉയരത്തിൽ**	**തയ്യാറായിരിക്കുക:** അപകട ഭീഷണി നിലനിൽക്കുന്ന വില്ലേജ്, താലൂക്ക്, ജില്ല എന്നിവിടിങ്ങളിൽ മുന്നറിയിപ്പ് പിൻവലിക്കുന്നത് വരെ സ്വീകരിക്കേണ്ട നടപടികൾ • **ജനം:** കടൽത്തീരത്തിന് 250 മീറ്റർ പരിധിയിൽ താമസിക്കുന്നവർ ഉയർന്ന സ്ഥലങ്ങളിലേക്ക് മാറാൻ തയ്യാറായിരിക്കുക. • **സംസ്ഥാന-ജില്ലാ അടിയന്തര പ്രവർത്തന കേന്ദ്രങ്ങൾ:** ജാഗ്രത പാലിക്കുക. • **റവന്യു-പോലീസ് സംസ്ഥാന-ജില്ലാ-താലൂക്ക് കൺട്രോൾ റൂമുകൾ:** ജാഗ്രത പാലിക്കുക. • **കോസ്റ്റൽ പോലീസ്, മറൈൻ എൻഫോഴ്സ്മെൻറ്:** എത്രയും പെട്ടെന്ന് പ്രവർത്തിക്കാൻ തയ്യാറായിരിക്കുക. • **കര-നാവിക-വ്യോമ സേനകളും സംസ്ഥാനത്തുള്ള മറ്റു കേന്ദ്രസേനകളും:** ജാഗ്രത പാലിച്ച് തയ്യാറായി നിൽക്കുക. • **BSNL, പോലീസ്:** തീരദേശത്തേക്ക് ആവശ്യമായ അടിയന്തര ആശയവിനിമയ സൗകര്യം ഒരുക്കുക. • **പോലീസ്:** ആവശ്യമെങ്കിൽ അടിയന്തര ആവശ്യങ്ങൾക്കൊഴിച്ചുള്ള വാഹനഗതാഗതം നിയന്ത്രിക്കുക. • **അപകടസാധ്യതയുള്ള ജില്ലകളിൽ തീരത്തുനിന്നും കുറഞ്ഞത് 250 മീറ്റർ അകലെയെങ്കിലുമുള്ള ഉയർന്ന സ്ഥലങ്ങളിലുള്ള ആശുപത്രികളും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും** ഫീൽഡ് തല പ്രവർത്തനങ്ങൾക്ക് മെഡിക്കൽ സംഘങ്ങളെ തയ്യാറാക്കി നിർത്തുക. • **തഹസിൽദാർ:** അഭയകേന്ദ്രങ്ങൾ തുറക്കാൻ തയ്യാറെടുക്കുക. തീരത്തു നിന്നും കുറഞ്ഞത് 250 മീറ്റർ ദൂരത്തേക്ക് ആളുകളെ ഒഴിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുക. • **തദ്ദേശ ഭരണകൂടം:** തീരത്തിന് 250 മീറ്റർ പരിധിയിലുള്ള ആളുകളോട് ഉയർന്ന സ്ഥലത്തേക്ക് മാറാൻ നിർദേശം നൽകുക.

ഓറഞ്ച് അലർട്ട് **തിരമാല 3 മീറ്റർ വരെ ഉയരത്തിൽ**	• **തുറമുഖ-ഹാർബർ എഞ്ചിനീയറിംഗ്, ഫിഷറിസ് വകുപ്പുകൾ:** കടൽയാത്രക്ക് യോഗ്യമായ എല്ലാ യാനങ്ങളും തയ്യാറാക്കുക. • **വൈദ്യുതി ബോർഡ്, പൊതുമരാമത്ത് വകുപ്പ്:** അടിയന്തര അറ്റകുറ്റപണികൾ ചെയ്യാനുള്ള സംഘത്തെ തയ്യാറാക്കി നിർത്തുക. • **വൈദ്യുതി, പൊതുമരാമത്ത്, ആരോഗ്യം, ജലസേചനം, ഗതാഗതം, തുറമുഖം** എന്നീ വകുപ്പുകളുടെ ജില്ലാ ഓഫിസർമാർ അതാതു ജില്ലാ കേന്ദ്രങ്ങളിൽ തയ്യാറായിരിക്കുക. • **വിനോദ സഞ്ചാര വകുപ്പ് :** തീരത്തിന് 250 മീറ്റർ പരിധിയിലും അഴിമുഖങ്ങളിലുമുള്ള റിസോർട്ടുകൾ വേണ്ടിവന്നാൽ അടച്ചിടേണ്ടി വരുമെന്ന് ജാഗ്രതാ നിർദേശം നൽകുക.

3.4 സുനാമി

ജാഗ്രതാ നിർദേശങ്ങളും മാർഗനിർദേശങ്ങളും

യെല്ലോ അലർട്ട് **നിരീക്ഷിക്കുക**	ഏറ്റവും പുതിയ വിവരം അറിയുക: അപകട ഭീഷണി നിലനിൽക്കുന്ന വില്ലേജ്, താലൂക്ക്, ജില്ല എന്നിവിടിങ്ങളിൽ മുന്നറിയിപ്പ് പിൻവലിക്കുന്നത് വരെ സ്വീകരിക്കേണ്ട നടപടികൾ • **സംസ്ഥാന-ജില്ലാ അടിയന്തര പ്രവർത്തന കേന്ദ്രങ്ങൾ:** ഇന്ത്യൻ നാഷണൽ സെൻറർ ഫോർ ഓഷ്യൻ ഇൻഫർമേഷൻ (INCOIS) വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്ന ഏറ്റവും പുതിയ വിവരങ്ങൾ പരിശോധിക്കുക. • **റവന്യു-പോലീസ് സംസ്ഥാന- ജില്ലാ-താലൂക്ക് കൺട്രോൾ റൂമുകൾ** 24 മണിക്കൂറും പ്രവർത്തിപ്പിക്കുക. എല്ലാ ജില്ലാ ഭരണകൂടങ്ങളും ബന്ധപ്പെട്ട മറ്റു വകുപ്പുകളും ജാഗ്രത പാലിക്കുക.

ഓറഞ്ച് അലർട്ട് **ജാഗ്രത പാലിക്കുക**	**തയ്യാറായിരിക്കുക:** അപകട ഭീഷണി നിലനിൽക്കുന്ന വില്ലേജ്, താലൂക്ക്, ജില്ലാ എന്നിവിടിങ്ങളിൽ മുന്നറിയിപ്പ് പിൻവലിക്കുന്നത് വരെ സ്വീകരിക്കേണ്ട നടപടികൾ • **സംസ്ഥാന-ജില്ലാ അധികൃതർ:** ജാഗ്രതാ നിർദ്ദേശമുള്ള സ്ഥലത്തെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അവധി പ്രഖ്യാപിക്കുക. • **ജനങ്ങൾ:** കടൽത്തീരത്തിന് 250 മീറ്റർ പരിധിയിൽ താമസിക്കുന്നവർ ഉയർന്ന സ്ഥലങ്ങളിലേക്ക് മാറാൻ തയ്യാറായിരിക്കുക. ആളുകൾ ഒത്തു ചേരുന്ന പരിപാടികളും ആഘോഷങ്ങളും റദ്ദാക്കുക. • **സംസ്ഥാന അടിയന്തര പ്രവർത്തന കേന്ദ്രം:** നാഷണൽ സെൻറർ ഫോർ ഓഷ്യൻ ഇൻഫർമേഷൻ അധികൃതരുമായി ടെലിഫോണിൽ ബന്ധപ്പെട്ട് ലഭിച്ചിരിക്കുന്ന മുന്നറിയിപ്പ് സ്ഥിരീകരിക്കുക. • **സംസ്ഥാന-ജില്ലാ അടിയന്തര പ്രവർത്തന കേന്ദ്രങ്ങൾ:** അടിയന്തര പ്രവർത്തനങ്ങൾ ആരംഭിക്കുക. • **റവന്യു-പോലീസ് സംസ്ഥാന-ജില്ലാ-താലൂക്ക് കൺട്രോൾ റൂമുകൾ** 24 മണിക്കൂറും പ്രവർത്തിപ്പിക്കുക. • **സംസ്ഥാന ദുരന്ത നിവാരണ സേന, കോസ്റ്റൽ പോലീസ്:** തീരദേശത്തേക്ക് നിയോഗിക്കുക. • **കര-നാവിക-വ്യോമ സേനകൾ, സംസ്ഥാനത്തുള്ള മറ്റു കേന്ദ്ര സേനകൾ:** തയ്യാറായി നിൽക്കുക • **BSNL, പോലീസ്:** അടിയന്തര ആശയവിനിമയത്തിനുള്ള സൗകര്യങ്ങൾ ഒരുക്കാൻ തയ്യാറായിരിക്കുക. • **പോലീസ്:** അടിയന്തര ആവശ്യങ്ങൾക്കുള്ള തൊഴിച്ച് മറ്റുള്ള എല്ലാ വാഹനഗതാഗതവും നിയന്ത്രിക്കുക.

ഓറഞ്ച് അലർട്ട് **ജാഗ്രത പാലിക്കുക**	• **അപകടസാധ്യതയുള്ള ജില്ലകളിൽ തീരത്തു നിന്നും കുറഞ്ഞത് 250 മീറ്റർ അകലെയെങ്കിലുമുള്ള, ഉയർന്ന സ്ഥലങ്ങളിലുള്ള ആശുപത്രികളും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും:** ജില്ലാതലത്തിൽ നിന്നും ലഭ്യമാക്കുന്ന മനുഷ്യ വിഭവശേഷി കൂടി ഉപയോഗിച്ച് പൂർണ ശേഷിയോടെ 24 മണിക്കൂറും പ്രവർത്തിക്കുക. ഫീൽഡ് തല ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്ക് മെഡിക്കൽ സംഘം തയ്യാറായിരിക്കുക. പകർച്ചവ്യാധി വ്യാപനം തടയാനുള്ള മുൻകരുതൽ നടപടികൾ എടുക്കുക. • **തഹസിൽദാർ:** അഭയ കേന്ദ്രങ്ങൾ തുറക്കാൻ തയ്യറെടുക്കുക. തീരത്തുനിന്നും കുറഞ്ഞത് 250 മീറ്റർ ദൂരത്തേക്ക് ആളുകളെ ഒഴിപ്പിക്കാനുള്ള നടപടികൾ ആരംഭിക്കുക. • **തദ്ദേശ ഭരണകൂടം:** തീരത്തിന് 250 മീറ്റർ പരിധിയിലുള്ള ആളുകളോട് ഉയർന്ന സ്ഥലത്തേക്ക് മാറാൻ നിർദേശം നൽകുക. • **തുറമുഖ-ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്:** കടലിലിറക്കാൻ യോഗ്യമായ എല്ലാ യാനങ്ങളും തയ്യാറാക്കുക. • **വൈദ്യുതി ബോർഡ്, പൊതുമരാമത്ത് വകുപ്പ്:** അടിയന്തര അറ്റകുറ്റ പണികൾ ചെയ്യാനുള്ള സംഘത്തെ തയ്യാറാക്കി നിർത്തുക. • **വൈദ്യുതി ബോർഡ്, പൊതുമരാമത്ത്,** ആരോഗ്യം, ജലസേചനം, ഗതാഗതം, തുറമുഖം -ഹാർബർ എൻജിനീയറിങ് എന്നീ വകുപ്പുകളുടെ ജില്ലാ ഓഫിസർമാർ അതാതു ജില്ലാ കേന്ദ്രങ്ങളിൽ തയ്യാറായിരിക്കുക. • **വിനോദ സഞ്ചാര വകുപ്പ്:** തീരത്തിന് 250 മീറ്റർ പരിധിയിലും അഴിമുഖങ്ങളിലുമുള്ള റിസോർട്ടുകൾക്ക് ഏതു നിമിഷവും അടക്കേണ്ടി വരുമെന്ന ജാഗ്രതാ നിർദേശം നൽകുക.

റെഡ് അലർട്ട് മുന്നറിയിപ്പ്	**അതീവ ജാഗ്രത:** അപകട ഭീഷണി നിലനിൽക്കുന്ന വില്ലേജ്, താലൂക്ക്, ജില്ല എന്നിവിടങ്ങളിൽ മുന്നറിയിപ്പ് പിൻവലിക്കുന്നത് വരെ സ്വീകരിക്കേണ്ട നടപടികൾ. • **സംസ്ഥാന-ജില്ലാ അധികൃതർ:** വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി പ്രഖ്യാപിക്കുക. • **ജനങ്ങൾ:** കടൽത്തീരത്തിന് 250 മീറ്റർ പരിധിയിൽ താമസിക്കുന്നവർ ഉയർന്ന സ്ഥലങ്ങളിലേക്ക് മാറാൻ തയ്യാറായിരിക്കുക. ആളുകൾ ഒത്തു ചേരുന്ന പരിപാടികളും ആഘോഷങ്ങളും റദ്ദാക്കുക. • **സംസ്ഥാന അടിയന്തര പ്രവർത്തന കേന്ദ്രം:** നാഷണൽ സെൻറർ ഫോർ ഓഷ്യൻ ഇൻഫർമേഷൻ അധികൃതരുമായി ടെലിഫോണിൽ ബന്ധപ്പെട്ട് ലഭിച്ചിരിക്കുന്ന മുന്നറിയിപ്പ് നേരത്തെ സ്ഥിരീകരിക്കുക. • **സംസ്ഥാന-ജില്ലാ അടിയന്തര പ്രവർത്തന കേന്ദ്രങ്ങൾ:** അടിയന്തര പ്രവർത്തനങ്ങൾ ആരംഭിക്കുക. • **റവന്യൂ-പോലീസ് സംസ്ഥാന ജില്ലാ താലൂക്ക് കൺട്രോൾ റൂമുകൾ:** 24 മണിക്കൂറും പ്രവർത്തിപ്പിക്കുക. • **ദേശീയ-സംസ്ഥാന ദുരന്ത നിവാരണ സേനകൾ, കോസ്റ്റൽ പോലീസ്:** തീരപ്രദേശങ്ങളിലേക്ക് നിയോഗിക്കുക. • **കര-നാവിക-വ്യോമ സേനകൾ, സംസ്ഥാനത്തുള്ള മറ്റു കേന്ദ്ര സേനകൾ:** തീരപ്രദേശങ്ങളിലേക്ക് നിയോഗിക്കുക. • **BSNL, പോലീസ്:** അടിയന്തര ആശയവിനിമയത്തിനുള്ള സൗകര്യങ്ങൾ പ്രവർത്തിപ്പിച്ച് തുടങ്ങുക. • **പോലീസ്:** അടിയന്തര ആവശ്യങ്ങൾക്കുള്ള തൊഴിച്ച് മറ്റുള്ള എല്ലാ വാഹനഗതാഗതവും നിയന്ത്രിക്കുക. വൺവേ ട്രാഫിക് കർശനമായി നടപ്പാക്കുക.

റെഡ് അലർട്ട് മുന്നറിയിപ്പ്	• **ദുരന്ത സാധ്യതയുള്ള ജില്ലകളിലെ ആശുപത്രികൾ, സാമൂഹിക ആരോഗ്യ കേന്ദ്രങ്ങൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ:** ജില്ലാതലത്തിൽ നിന്നും ലഭ്യമാക്കുന്ന മനുഷ്യ വിഭവശേഷി കൂടി ഉപയോഗിച്ച് പൂർണ ശേഷിയോടെ 24 മണിക്കൂറും പ്രവർത്തിക്കുക. ഫീൽഡ് തല ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്ക് മെഡിക്കൽ സംഘം തയ്യാറായിരിക്കുക. പകർച്ചവ്യാധി വ്യാപനം തടയാനുള്ള മുൻകരുതൽ നടപടികൾ എടുക്കുക . • **തഹസിൽദാർ:** തീരത്തുനിന്നും 250 മീറ്റർ പരിധിയിലുള്ള ആളുകളെ ഒഴിപ്പിക്കുക. അഭയ കേന്ദ്രങ്ങൾ തുറക്കാനുള്ള നടപടികൾ ആരംഭിക്കുക. • **തദ്ദേശ ഭരണകൂടം:** തീരത്തുനിന്നും 250 മീറ്റർ പരിധിയിലുള്ള ആളുകളെ ഉയർന്ന സ്ഥലങ്ങളിലേക്കോ അഭയ കേന്ദ്രങ്ങളിലേക്കോ മാറ്റുക. • **തുറമുഖ-ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്:** കടലിലിറക്കാൻ യോഗ്യമായ എല്ലാ യാനങ്ങളും തയ്യാറാക്കുക. • **വൈദ്യുതി ബോർഡ്, പൊതുമരാമത്ത് വകുപ്പ്:** അടിയന്തര അറ്റകുറ്റ പണികൾ ചെയ്യാനുള്ള സംഘത്തെ തയ്യാറാക്കി നിർത്തുക. • **വൈദ്യുതി ബോർഡ്, പൊതുമരാമത്ത്, ആരോഗ്യം, ജലസേചനം, ഗതാഗതം, തുറമുഖം എന്നീ വകുപ്പുകളുടെ ജില്ലാ ഓഫീസർമാർ** അതാതു ജില്ലാ കേന്ദ്രങ്ങളിൽ തയ്യാറായിരിക്കുക. • **വിനോദ സഞ്ചാര വകുപ്പ്:** തീരത്തിന് 250 മീറ്റർ പരിധിയിലും അഴിമുഖങ്ങളിലുമുള്ള റിസോർട്ടുകൾ അടക്കാൻ നിർദേശം നൽകുകയും ആളുകളെ ഒഴിപ്പിക്കുകയും ചെയ്യുക.

ഭീഷണി അവസാനിച്ചാൽ	• സംസ്ഥാന അടിയന്തര പ്രവർത്തന കേന്ദ്രം: നാഷണൽ സെന്റർ ഫോർ ഓഷ്യൻ ഇൻഫർമേഷൻ അധികൃതരുമായി ബന്ധപ്പെട്ട് ഭീഷണി അവസാനിച്ച കാര്യം ഉറപ്പാക്കുക . • ജില്ലാ അടിയന്തര പ്രവർത്തന കേന്ദ്രം: സംസ്ഥാന അടിയന്തര പ്രവർത്തന കേന്ദ്രവുമായി ബന്ധപ്പെട്ട് ഭീഷണി അവസാനിച്ചു എന്നുറപ്പാക്കുക.

3.5 മണ്ണിടിച്ചിൽ/ഉരുൾപൊട്ടൽ

ജാഗ്രതാ നിർദേശം എപ്പോൾ?

1. ഇന്ത്യൻ മെറ്റിയോറോളജിക്കൽ ഡിപ്പാർട്ട്മെൻറ് അതിതീവ്രമഴ പ്രവചിക്കുമ്പോൾ
2. ഒരു സ്ഥലത്ത് രണ്ടു ദിവസം ലഭിച്ച ആകെ മഴയുടെ അളവ് 8 സെൻറിമീറ്റർ കടന്നാൽ അതാതു ജില്ലാ ഭരണകൂടങ്ങൾക്ക് മണ്ണിടിച്ചിൽ ജാഗ്രതാ നിർദേശം നൽകുന്നു.
3. കൂടുതൽ കൃത്യമായ പ്രവർത്തനങ്ങൾക്ക് കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ വാർഷിക മഴക്കാല തയ്യാറെടുപ്പും അടിയന്തര പ്രവർത്തന പദ്ധതികളും കാണുക.

മണ്ണിടിച്ചിൽ ജാഗ്രത	**തയ്യാറായിരിക്കുക:** അപകടമുന്നറിയിപ്പ് കാലാവധി കഴിയുന്നത് വരെയോ, രണ്ടു ദിവസത്തെ മഴയുടെ ആകെ അളവ് 8 സെൻറിമീറ്ററിൽ കുറയുന്നത് വരെയോ സ്വീകരിക്കേണ്ട നടപടികൾ • **ജനങ്ങളോട്** വീടുകളിൽ തന്നെ കഴിയാനും മണ്ണിടിച്ചിൽ ഭീഷണിയുള്ള സ്ഥലത്തെ താമസക്കാരോട് സുരക്ഷിത സ്ഥലങ്ങളിലേക്ക് മാറാനും നിർദേശം നൽകുക. ആളുകൾ ഒത്തുചേരുന്ന പരിപാടികളും ആഘോഷങ്ങളും റദ്ദാക്കുക. • **സംസ്ഥാന-ജില്ലാ അധികൃതർ:** ജാഗ്രതാ നിർദ്ദേശമുള്ള സ്ഥലത്തെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അവധി പ്രഖ്യാപിക്കുക. • **സംസ്ഥാന അടിയന്തര പ്രവർത്തന കേന്ദ്രം:** അടിയന്തര പ്രവർത്തനങ്ങൾ ആരംഭിക്കുക.

മണ്ണിടിച്ചിൽ ജാഗ്രത	• **റവന്യു-പോലീസ് സംസ്ഥാന-ജില്ലാ-താലൂക്ക് കൺട്രോൾ റൂമുകൾ** 24 മണിക്കൂറും പ്രവർത്തിപ്പിക്കുക. • **ദേശീയ-സംസ്ഥാന ദുരന്ത നിവാരണ സേനകൾ** തയ്യാറായി നിൽക്കുക. • **കര-നാവിക-വ്യോമ സേനകൾ, സംസ്ഥാനത്തുള്ള മറ്റു കേന്ദ്ര സേനകൾ** തയ്യാറായി നിൽക്കുക. • **BSNL, പോലീസ്:** അടിയന്തര ആശയവിനിമയത്തിനുള്ള സൗകര്യങ്ങൾ ഒരുക്കാൻ തയ്യാറായിരിക്കുക. • **പോലീസ് :** വാഹനഗതാഗതം (പ്രത്യേകിച്ച് മലമ്പാതകളിലും ചുരങ്ങളിലും) നിയന്ത്രിക്കുക. • **ദുരന്ത സാധ്യതയുള്ള ജില്ലകളിലെ ആശുപത്രികൾ, സാമൂഹിക ആരോഗ്യ കേന്ദ്രങ്ങൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ:** 24 മണിക്കൂറും പ്രവർത്തിപ്പിക്കുക. ഫീൽഡ് തല ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്ക് മെഡിക്കൽ സംഘം തയ്യാറായിരിക്കുക. പകർച്ചവ്യാധി വ്യാപനം തടയാനുള്ള നടപടികളും സ്വീകരിക്കുക. • **തഹസിൽദാർ:** നിർദിഷ്ട അഭയകേന്ദ്രങ്ങളുടെ നിയന്ത്രണം ഏറ്റെടുക്കുക. ഖനന സ്ഥലങ്ങളിലെ സ്ഫോടനങ്ങൾ മഴ ശമിച്ച് 24 മണിക്കൂർ കഴിയുന്നത് വരെ നിരോധിക്കുക. • **തദ്ദേശ ഭരണകൂടം:** മലമ്പ്രദേശങ്ങളിൽ 20 ഡിഗ്രിയിൽ കൂടുതൽ ചെരിവോടെ ഒഴുകുന്ന അരുവികൾക്ക് സമീപം താമസിക്കുന്നവർക്ക് ജാഗ്രതാ നിർദേശം നൽകുക. • **ഗതാഗത വകുപ്പ്:** ജില്ലയിൽ ലഭ്യമായ ക്രെയിനുകളും മണ്ണ് മാന്തി യന്ത്രങ്ങളും തയ്യാറാക്കി നിർത്തുക. • **വൈദ്യുതി ബോർഡ്, പൊതുമരാമത്ത്, ആരോഗ്യം, ജലസേചനം, ഗതാഗതം** എന്നീ വകുപ്പുകളുടെ ജില്ലാ ഓഫിസർമാർ അതാതു ജില്ലാ കേന്ദ്രങ്ങളിൽ തയ്യാറായിരിക്കുക. • **വിനോദ സഞ്ചാര, വനം വകുപ്പുകൾ:** മലമ്പാതകളെ കടന്നുപോകുന്ന അരുവികളിലോ കുളിക്കടവുകളിലോ ഇറങ്ങരുത് എന്ന് സഞ്ചാരികൾക്ക് നിർദേശം നൽകുക.

4

നേരത്തെയുള്ള അപായ സൂചനയും, തയ്യാറെടുപ്പുകളും

തദ്ദേശ ഭരണകൂടം, പൗരന്മാർ, മാധ്യമങ്ങൾ : പങ്കും ഉത്തരവാദിത്തങ്ങളും

4.1 തയ്യാറെടുപ്പുകൾ നടത്തുന്നതിൽ വാർഡ് മെമ്പർമാരുടെ/ കൗൺസിലർമാരുടെ പങ്ക്

ദുരന്ത സാധ്യതയെക്കുറിച്ച് മനസ്സിലാക്കാനും കൃത്യസമയത്ത് അത് സംബന്ധിച്ച മുന്നറിപ്പ് ജനങ്ങളിലേക്കെത്തിക്കാനുമുള്ള സൗകര്യങ്ങളെ നേരത്തെയുള്ള തയ്യാറെടുപ്പ് സംവിധാനം എന്ന് നിർവചിക്കാം. വ്യക്തികളെയും സ്ഥാപനങ്ങളെയും സമൂഹത്തെയും യഥോചിതം പ്രവർത്തിക്കാൻ സഹായിക്കുകയും അതുവഴി ദുരന്ത ആഘാതം കുറക്കുക എന്നതുമാണ് നേരത്തെയുള്ള തയ്യാറെടുപ്പ് കൊണ്ട് ഉദ്ദേശിക്കുന്നത്.

ജനങ്ങളെ കേന്ദ്രീകരിച്ചുള്ള തയ്യാറെടുപ്പ് സംവിധാനം ദുരന്തം ഏറ്റവും ബാധിക്കാനിടയുള്ള ജനങ്ങളുടെ പങ്കാളിത്തത്തെ ആശ്രയിച്ചിരിക്കുന്നു. പ്രാദേശിക അധികൃതരുടെയും ഭീഷണി നേരിടുന്ന സമൂഹത്തിൻറെയും സഹകരണമില്ലാതെ സർക്കാർ നടപടികൾ ഫലപ്രദമാവില്ല.

പ്രാദേശിക സമൂഹത്തിൻറെ സജീവ പങ്കാളിത്തത്തോടെ ഏറ്റവും താഴെത്തട്ടിൽ നിന്നും മുകളിലേക്ക് എന്ന സമീപനമാണ് സ്വീകരിക്കേണ്ടത്. ഈ രീതിയിലൂടെ പ്രാദേശിക സമൂഹങ്ങൾ, പൗരസംഘടനകൾ, മറ്റ് പരമ്പരാഗത സംഘടനകൾ എന്നിവക്ക് ദുരന്ത ആഘാത ലഘൂകരണത്തിലും ശേഷി വർധിപ്പിക്കലിലും പങ്കാളികളാകാൻ കഴിയും.

എല്ലാത്തരം അപകട ഭീഷണികളും നേരിടാനായുള്ള തയാറെടുപ്പിൻറെ പത്ത് പൊതുവായ തത്വങ്ങൾ

1. ദേശീയ, പ്രാദേശിക ദുരന്ത നിവാരണ മാനേജ്മെൻറ് നയങ്ങൾ, ആസൂത്രണം, നിയമനിർമ്മാണം, ബജറ്റിംഗ് എന്നിവയിൽ പ്രതിഫലിക്കുന്ന ആദ്യകാല മുന്നറിയിപ്പ് സംവിധാനങ്ങളുടെ നേട്ടങ്ങൾക്ക് ശക്തമായ രാഷ്ട്രീയ അംഗീകാരമുണ്ട്.
2. ഫലപ്രദമായ ഒരു തയ്യാറെടുപ്പ് സംവിധാനത്തിന് നാലു ഭാഗങ്ങളാണുള്ളത്.
   i) അപകട ഭീഷണി തിരിച്ചറിയൽ, നിരീക്ഷിക്കൽ, പ്രവചിക്കൽ
   ii) അപകട സാധ്യതാ വിലയിരുത്തൽ, ആസൂത്രണത്തിൽ മുന്നറിയിപ്പിലെ വിവരങ്ങൾ ഉൾപ്പെടുത്തൽ
   iii) കൃത്യ സമയത്ത് ആധികാരികമായ മുന്നറിയിപ്പ് കൊടുക്കൽ
   iv) സാമൂഹിക ആസൂത്രണവും തയ്യാറെടുപ്പും

3. തയ്യാറെടുപ്പ് സംവിധാനത്തിൽ പങ്കാളികൾ ആകേണ്ടവർ ആരൊക്കെ എന്നും അവരുടെ ഉത്തരവാദിത്തങ്ങൾ എന്തൊക്കെ എന്നും തീരുമാനിക്കുകയും ദേശീയവും പ്രാദേശികവുമായ പദ്ധതികളിലും, നിയമ നിർമാണത്തിലും, നിർദേശങ്ങളിലും, ധാരണാപത്രങ്ങളിലും ഉൾപ്പെടുത്തുകയും ചെയ്യുന്നു.

4 മനുഷ്യവിഭവശേഷി, സാമ്പത്തിക സഹായം , ഉപകരണങ്ങൾ എന്നിവ നൽകി തയ്യാറെടുപ്പ് ശേഷിയെ പിന്തുണക്കുക.

5 അപകട ഭീഷണി സംബന്ധിച്ചുള്ള വിവരങ്ങൾ വിവിധ തലങ്ങളിലുള്ള ആഘാത വിലയിരുത്തലിനും മുന്നറിയിപ്പ് നൽകാനും ഉപയോഗിക്കുന്നു.

6 മുന്നറിയിപ്പ് സന്ദേശങ്ങൾ

- കൃത്യവും, സ്ഥിരതയാർന്നതും, അപകടഭീഷണി എന്താണെന്ന് ഉൾക്കൊള്ളുകയും വേണം.
- മുന്നറിയിപ്പ് സന്ദേശം നൽകാൻ സഹായിക്കുന്നതും (ഏതു നിറം, കൊടി തുടങ്ങിയ), തയ്യാറെടുപ്പുകളെയും അടിയന്തര പ്രവർത്തനങ്ങളെയും സഹായിക്കുന്ന രീതിയിലുള്ളതും, ജനങ്ങൾക്കും അധികൃതർക്കും എളുപ്പത്തിൽ മനസ്സിലാക്കാൻ കഴിയുന്നതുമായിരിക്കണം.
- അംഗീകൃതവും ആധികാരികവുമായ ഒരു സ്രോതസ്സിൽ നിന്നും മാത്രമായിരിക്കണം സന്ദേശം.

7 മുന്നറിയിപ്പ് സംവിധാനങ്ങൾ അധികൃതരിലേക്കും, തയ്യറെടുപ്പിൽ പങ്കാളികളാകേണ്ടവരിലേക്കും, ദുരന്ത ഭീഷണി നേരിടുന്നവരിലേക്കും യഥാസമയം എത്തണം.

8 അടിയന്തര പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുമ്പോൾ ദുരന്ത ഭീഷണി നേരിടുന്ന സമൂഹത്തിനുള്ള അപകടഭീഷണിയും, സവിശേഷതകളും പരിഗണിക്കണം.

9 ഔപചാരികവും അനൗപചാരികവുമായ പാഠ്യപദ്ധതികളിൽ ദുരന്ത നിവാരണ തയ്യാറെടുപ്പ് ഉൾപ്പെടുത്തുക, അടിയന്തര സാഹചര്യം നേരിടാൻ എത്രമാത്രം സജ്ജമാണ് എന്ന് പരിശോധിക്കാൻ മാതൃകാ പരിശീലനങ്ങൾ നടത്തുക.

10 തയ്യാറെടുപ്പ് സംവിധാനത്തിൻറെ എല്ലാ തലങ്ങളിലുമുള്ള പ്രതികരണങ്ങൾ വിലയിരുത്തി മെച്ചപ്പെടുത്താൻ സഹായിക്കുക.

പ്രാദേശിക പ്രളയ മുന്നറിയിപ്പ് സംവിധാനം (LFEWS)

പ്രാദേശിക പ്രളയത്തിൻറെ ആദ്യകാല മുന്നറിയിപ്പ് സംവിധാനം തദ്ദേശ ഭരണകൂടത്തിനും ദുരന്തം ബാധിച്ചേക്കാവുന്ന സമൂഹത്തിനും പരിപാലിക്കാവുന്ന ഒരു നീർത്തട അധിഷ്ഠിത സംവിധാനമാണ്.

ഇതിന് തിരുവനന്തപുരം കോർപ്പറേഷൻ 2016 ൽ ആസൂത്രണം ചെയ്തതുപോലെ ഒരു സംയോജിത ആശയവിനിമയ സംവിധാനം ഉണ്ടായിരിക്കും. ഇത് എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളിലും വിജയകരമായി നടപ്പാക്കാനും കഴിയും. മഴയുടെയും നദീജലനിരപ്പിൻറെയും വിവരങ്ങൾ നിരീക്ഷിക്കുന്നതിന് 24/7 പ്രവർത്തിക്കുന്ന ഒരു പ്രവർത്തന കേന്ദ്രം ഉണ്ടായിരിക്കുകയും സമൂഹത്തിന് വേണ്ടിയുള്ള ജാഗ്രതാ നിർദേശങ്ങൾ പുറപ്പെടുവിക്കുകയും വേണം. തദ്ദേശ ഭരണകൂടവുമായി സഹകരിച്ച് ശാക്തീകരണം നേടാൻ ഇത് സമൂഹത്തെ സഹായിക്കും. അപകട ഭീഷണി നേരിടുന്ന സമൂഹം ഈ സംവിധാനം പരിപാലിക്കുന്നതിൽ പങ്കുചേരുന്നു. ഉയർന്ന തലത്തിൽ നിന്നുള്ള മാർഗ്ഗനിർദ്ദേശമോ ഉപദേശമോ ലഭ്യമല്ലാത്ത സാഹചര്യങ്ങളിൽ തീരുമാനങ്ങൾ എടുക്കാൻ പ്രാദേശിക സർക്കാരുകളെ ഇത്തരത്തിലുള്ള മുന്നറിയിപ്പ് സംവിധാനം അധികാരപ്പെടുത്തുന്നു.

മുന്നറിയിപ്പ് സംബന്ധിച്ച ആശയവിനിമയം നടത്താൻ മൂന്ന് നിറങ്ങൾ ഉപയോഗിക്കാം:

ഒന്നാം തലം: മഞ്ഞ-തയ്യാറായിരിക്കുക

രണ്ടാം തലം: ഓറഞ്ച്- ഒരുക്കങ്ങൾ ആരംഭിക്കുക

മൂന്നാം തലം: ചുവപ്പ്-ഒഴിപ്പിക്കുക

ഒരു അടിയന്തര പ്രവർത്തന കേന്ദ്രം എല്ലാ തദ്ദേശ ഭരണകൂടങ്ങളിലും സ്ഥാപിക്കണം. അത് ജലനിരപ്പ്, മഴ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ സ്വീകരിക്കുന്നതിനും ജാഗ്രതാ നിർദേശങ്ങൾ പുറപ്പെടുവിക്കാനുമുള്ള ആശയവിനിമയ കേന്ദ്രമായി പ്രവർത്തിക്കണം. പ്രാദേശിക നിരീക്ഷകൻ മഴയും ജലനിരപ്പും സംബന്ധിച്ച ഏറ്റവും പുതിയ വിവരങ്ങൾ അടിയന്തര പ്രവർത്തന കേന്ദ്രത്തിലേക്ക് അയക്കുകയും പ്രവർത്തന കേന്ദ്രം ആ വിവരങ്ങൾ പരിശോധിച്ച് ഉചിതമായ ജാഗ്രതാ നിർദേശം മൊബൈൽ ഫോൺ, സൈറൺ, മെഗാ ഫോൺ, ഇലക്ട്രോണിക് ബോർഡുകൾ തുടങ്ങിയ മാർഗങ്ങളിലൂടെ അറിയിക്കുകയും ചെയ്യണം.

ഏറ്റവും സാധാരണയായി ഉപയോഗിക്കാവുന്ന മാധ്യമങ്ങൾ വെരി ഹൈ ഫ്രീക്വൻസി (VHF) ചാനലിൽ പ്രവർത്തിക്കുന്ന അമേച്വർ റേഡിയോയും മൊബൈൽ ഫോൺ ഉപയോഗിച്ചുള്ള എസ്എംഎസും ആണ്. മൊബൈൽ ഫോണും റേഡിയോയും ഉപയോഗിച്ച് ലക്ഷ്യം നേടാൻ കഴിയുന്നില്ലെങ്കിൽ

വിവരങ്ങൾ പ്രചരിപ്പിക്കുന്നതിന് ഉദ്യോഗസ്ഥർക്ക് വാർഡ് തലത്തിൽ മോട്ടോർ ബൈക്കുകൾ ഉപയോഗിക്കാം. സമൂഹതലത്തിൽ മണിമുഴക്കിയോ പരസ്പരം ആശയവിനിമയത്തിലൂടെയോ സന്ദേശങ്ങൾ കൈമാറാം.

മുന്നറിയിപ്പ് സംവിധാനത്തിൻറെ ചട്ടക്കൂടിലുള്ള സ്ഥാപനങ്ങളും ഏജൻസികളും

<table>
<tr><td>ദേശീയ ഏജൻസികൾ</td><td>സംസ്ഥാന അടിയന്തര പ്രവർത്തന കേന്ദ്രം</td><td>ജില്ലാ അടിയന്തര പ്രവർത്തന കേന്ദ്രം</td><td rowspan="2">കോർപ്പറേഷൻ/ മുനിസിപ്പാലിറ്റി/ പഞ്ചായത്ത് ദുരന്ത നിവാരണ സെല്ലുകൾ</td></tr>
<tr><td>വാർഡ് അംഗങ്ങൾ കൗൺസിലർമാർ</td><td>കമ്മ്യൂണിറ്റി ടാസ്ക് ഫോഴ്സ് അംഗങ്ങൾ</td><td>നഗര/ടൗൺ/ പഞ്ചായത്ത് തല പ്രതികരണ സംഘങ്ങൾ</td></tr>
</table>

4.2. പൗരൻറെ ഉത്തരവാദിത്തങ്ങൾ

- ബന്ധപ്പെട്ട അധികൃതർ പുറപ്പെടുവിക്കുന്ന മുന്നറിയിപ്പുകൾ എപ്പോഴും ശ്രദ്ധിക്കുക.
- അടിയന്തര സാഹചര്യം നേരിടാൻ തയ്യാറാകുക. ആദ്യ പ്രതികരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരുടെ നിർദ്ദേശങ്ങൾ പാലിക്കുക.
- നിങ്ങൾ താമസിക്കുന്ന സ്ഥലത്തെ അപകട സാധ്യതകളെക്കുറിച്ച് അറിഞ്ഞിരിക്കുക.
- കേട്ടുകേൾവികളും സ്ഥിരീകരിക്കാത്ത വാർത്തകളും പ്രചരിപ്പിക്കരുത്. വ്യാജ വാർത്തകൾ/അല്ലെങ്കിൽ കൃത്യമല്ലാത്ത വിവരങ്ങൾ ലോകത്തെവിടെയും ദുരന്ത നിവാരണ പ്രവർത്തകർക്കും അധികൃതർക്കും വെല്ലുവിളി ഉയർത്തുന്നു. ഈ കാര്യത്തിൽ കേരളവും വ്യത്യസ്തമല്ല.
- അടിയന്തര സമയങ്ങളിൽ ആരെയാണ് ബന്ധപ്പെടേണ്ടതെന്ന് അറിയുക (പേജ് ::: കാണുക).

- അത്യാവശ്യ മുൻകരുതലുകൾ എടുക്കാനും, മറ്റു വിവരങ്ങൾ അറിയാനുമായി ഇതുപോലുള്ള കൈപ്പുസ്തകങ്ങളും മാനുവലുകളും കൈയിൽ സൂക്ഷിക്കുക.

4.3. മാധ്യമങ്ങളുടെ പങ്കും ഉത്തരവാദിത്തങ്ങളും

- സാമൂഹിക പ്രതിരോധ പ്രവർത്തനങ്ങളിൽ മാധ്യമങ്ങൾ നിർണായക പങ്ക് വഹിക്കുന്നുണ്ട്.

- ദുരന്തമുണ്ടാകുമ്പോൾ പ്രാദേശിക ഭാഷയിലോ/ശൈലിയിലോ വിവരങ്ങൾ അടിയന്തരമായും കാര്യക്ഷമമായും ജനങ്ങളിലേക്കെത്തിക്കേണ്ടതുണ്ട്.

- ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ മാധ്യമപ്രവർത്തകർ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയാണ് ദുരന്തത്തിൻറെ വ്യാപ്തി സംബന്ധിച്ച ഔദ്യോഗിക വിവരങ്ങൾ ശേഖരിക്കുക എന്നത്. ദുരന്തസമയത്ത് മാധ്യമ പ്രവർത്തകർക്ക് കൃത്യവും സമയബന്ധിതവുമായ രീതിയിൽ വിവരങ്ങൾ കൈമാറുന്നതിന് വേണ്ട ഒരു സംവിധാനം സംസ്ഥാനം സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്.

- രക്ഷാപ്രവർത്തകരെയും പൊതുജനങ്ങളെയും തമ്മിൽ ബന്ധിപ്പിക്കുന്നതിലും മാധ്യമങ്ങൾ നിർണായക പങ്ക് വഹിക്കുക്കുന്നുണ്ട്. ദുരന്തബാധിത പ്രദേശങ്ങളിലേക്ക് സ്വമേധയാ പോകുന്ന മാധ്യമ പ്രവർത്തകരുടെ സുരക്ഷ ഉറപ്പാക്കേണ്ടത് അത്യാവശ്യമാണ്.

- അനൗപചാരിക മാർഗമായ സമൂഹ മാധ്യമങ്ങളിലൂടെ വ്യാപിക്കുന്ന തെറ്റായ വിവരങ്ങൾ ജങ്ങൾക്കിടയിൽ പരിഭ്രാന്തിയും അനാവശ്യ സമ്മർദ്ദവും സൃഷ്ടിക്കുമെന്ന് മാത്രമല്ല, അത് ദുരന്തബാധിതരെക്കൂടി ബാധിച്ചേക്കാം. ദുരന്തസമയത്ത് സമൂഹ മാധ്യമങ്ങളിൽ പ്രചരിക്കുന്ന വിവരങ്ങൾ പരിശോധിക്കുന്നതിനുള്ള ഒരു സംവിധാനം ഉണ്ടായിരിക്കണം. ആവശ്യാനുസരണം ഈ വിവരങ്ങൾ സമയബന്ധിതമായി തിരുത്താനുള്ള നടപടിക്രമങ്ങളും ഉണ്ടായിരിക്കണം.

5

ദുരന്തം നേരിടൽ (പ്രതികരണം)

ബന്ധപ്പെട്ട അധികൃതരിൽ നിന്ന് നേരത്തെ മുന്നറിയിപ്പ് ലഭിച്ചതിന് ശേഷമോ, അല്ലെങ്കിൽ ആസന്നമായ ഒരു ദുരന്തത്തെ പ്രതീക്ഷിച്ചോ, ഒരു മുന്നറിയിപ്പുമില്ലാതെ ഒരു ദുരന്തം സംഭവിച്ച ഉടനെയോ സ്വീകരിക്കുന്ന നടപടികളാണ് ദുരന്ത നേരിടൽ നടപടികൾ. ജീവൻ രക്ഷിക്കുക, സ്വത്തും പരിസ്ഥിതിയും സംരക്ഷിക്കുക, ദുരന്തത്തിനുശേഷം മനുഷ്യരുടെയും മറ്റ് ജീവികളുടെയും അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുക എന്നിവയാണ് ഈ പ്രതികരണ നടപടികളുടെ പ്രാഥമിക ലക്ഷ്യം.

ദുരന്ത സാധ്യത കുറയ്ക്കുന്നതിനുള്ള ഐക്യ രാഷ്ട്രസഭ ഏജൻസിയായ യുഎൻഡിആർആർ “നേരിടൽ” നിർവചിക്കുന്നത് ഇങ്ങനെയാണ്:

“ഒരു ദുരന്തസമയത്ത് ഉടൻ തന്നെ അടിയന്തര സേവനങ്ങളും പൊതു സഹായവും നൽകുന്നത് ദുരന്തബാധിതരായ ജനങ്ങളുടെ ജീവൻ രക്ഷിക്കുന്നതിനും ആരോഗ്യപരമായ പ്രത്യാഘാതങ്ങൾ കുറയ്ക്കുന്നതിനും പൊതുസുരക്ഷ ഉറപ്പുവരുത്തുന്നതിനും അടിസ്ഥാന ഉപജീവന ആവശ്യങ്ങൾ നിറവേറ്റുന്നതിനുമാണ്.”

ഒരു ദുരന്തമുണ്ടായാൽ സംസ്ഥാന സർക്കാർ പിന്തുണയോടെ ഉടനടി പ്രതികരിക്കുന്നത് തദ്ദേശ ഭരണകൂടമാണ്. സേവനങ്ങളും ഉപകരണങ്ങളും എത്തിച്ചുകൊടുക്കൽ, സാമ്പത്തിക സഹായം, ദേശീയ ദുരന്ത നിവാരണ സേന, സായുധ സേന, കേന്ദ്ര സായുധ പോലീസ് സേന, മറ്റ് പ്രത്യേക ഏജൻസികൾ എന്നിവയെ വിന്യസിക്കുന്നതിലൂടെയും കേന്ദ്ര സർക്കാറും ആ ശ്രമങ്ങളെ പിന്തുണക്കുന്നു. ഉദാഹരണത്തിന്, ഒരു രാസ, ജൈവ, റേഡിയോളജിക്കൽ ആണവ (CBRN) ദുരന്തം.

കടുത്ത ആഘാതമുണ്ടാക്കുന്ന പ്രകൃതിദത്തമോ മനുഷ്യപ്രേരിതമോ ആയ ദുരന്തങ്ങളിൽ സംസ്ഥാന സർക്കാരിൻറെ അഭ്യർഥനപ്രകാരം ആസൂത്രണത്തിനും നടപ്പാക്കലിനുമായി കേന്ദ്ര സർക്കാർ വിദഗ്ധരെ നിയോഗിക്കും.

5.1. ദുരന്തം നേരിടാനുള്ള (പ്രതികരണത്തിനുള്ള) സ്ഥാപനപരമായ ചട്ടക്കൂട്

പ്രതികരണ സംവിധാനത്തിനുള്ള സ്ഥാപന ക്രമീകരണങ്ങളിൽ താഴെ പറയുന്ന ഘടകങ്ങളാണുള്ളത്.

a) ദേശീയതല ഏകോപനത്തിനും ആവശ്യമായ വിഭവ സമാഹരണത്തിനും ദുരന്ത നിവാരണ ചുമതലയുള്ള നോഡൽ മന്ത്രാലയങ്ങൾ.

b) നേരത്തെയുള്ള മുന്നറിയിപ്പ് സംവിധാനങ്ങൾക്കും ജാഗ്രത മുന്നറിയിപ്പ് പുറപ്പെടുവിക്കാനും ചുമതലയുള്ള കേന്ദ്ര ഏജൻസികൾ

c) ദേശീയ ദുരന്ത നിവാരണ സേന (NDRF)

d) സംസ്ഥാന ദുരന്ത നിവാരണ സേന (SDRF)

5.2. പ്രധാന ചുമതലകളും ഉത്തരവാദിത്തങ്ങളും

ദുരന്താനന്തര നടപടികൾക്ക് നിർദ്ദിഷ്ട വശങ്ങളുണ്ടെങ്കിലും, അടിയന്തര പ്രവർത്തനങ്ങൾ എല്ലാ ദുരന്തങ്ങൾക്കും പൊതുവായതാണ്. അടിയന്തര സാഹചര്യങ്ങൾ നേരിടാനും നടപടികൾക്കും പ്രത്യേക മന്ത്രാലയങ്ങൾ/വകുപ്പുകൾ/ഏജൻസികൾ ഉണ്ട്. കൂടാതെ, മിക്കപ്പോഴും ഒരു വലിയ ദുരന്തത്തെ തുടർന്നുണ്ടാവുന്ന പലവിധ അപകട ഭീഷണികളും ദുരന്തങ്ങളും ഉണ്ട്. അതിനാൽ, ദുരന്ത നേരിടൽ നടപടികൾ ബഹുവിധ ദുരന്തങ്ങൾക്കും ബാധകമായ ഒരു സമീപനമാണ് പിന്തുടരുന്നത്. അതുകൊണ്ടു തന്നെ എല്ലാത്തരം ദുരന്തങ്ങൾക്കും ബാധകമായ രീതിയിൽ അതിനെ സംഗ്രഹിച്ചിരിക്കുന്നു. ഇതിൽ പ്രധാന വിഷയങ്ങളും, ഉത്തരവാദിത്തമുള്ള കേന്ദ്ര, സംസ്ഥാന സർക്കാർ ഏജൻസികൾ ഏതൊക്കെയെന്നും വ്യക്തമാക്കുന്നു.

ഉത്തരവാദിത്തമുള്ള എല്ലാ ഏജൻസികളും ദേശീയ ദുരന്ത നിവാരണ അതോറിറ്റിയുടെ (NDMA) ഇൻസിഡൻറ് റെസ്പോൺസ് സിസ്റ്റം (IRS) മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കണം. അത് ഉത്തരവാദിത്തങ്ങളുടെ ശരിയായ വിഭജനം ഉറപ്പാക്കാൻ സഹായിക്കുന്നു. വിവിധ മന്ത്രാലയങ്ങളും വകുപ്പുകളും ദുരന്ത നേരിടൽ പ്രവർത്തനങ്ങൾക്ക് പ്രത്യേക പിന്തുണ നൽകണം. കേന്ദ്രസർക്കാരിൻറെ ഏജൻസികൾ നേതൃപരമായ പങ്ക് വഹിക്കുമ്പോൾ മറ്റുള്ളവർ ആ നടപടികളെ പിന്തുണക്കുന്നു.

നേരിടൽ നടപടികളെ ഏകോപിപ്പിക്കുന്നതിനുള്ള സംസ്ഥാന തലത്തിലുള്ള നോഡൽ ഏജൻസിയാണ് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി (SDMA), ദുരിതാശ്വാസ കമ്മീഷണർ (CoR) അല്ലെങ്കിൽ റവന്യൂ വകുപ്പ്. ജില്ലാ തലത്തിൽ പ്രതികരണത്തെ ഏകോപിപ്പിക്കുന്നതിനുള്ള നോഡൽ ഏജൻസിയാണ് ജില്ലാ ദുരന്ത നിവാരണ അതോറിറ്റി (DDMA). വിവിധ കേന്ദ്ര മന്ത്രാലയങ്ങൾ, വകുപ്പുകൾ, ഏജൻസികൾ, സംസ്ഥാന സർക്കാരുകൾ എന്നിവ ദേശീയ ദുരന്ത നിവാരണ അതോറിറ്റിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടും ദേശീയ ദുരന്തനിവാരണ പദ്ധതിക്ക് (NDMP) അനുസൃതമായും തങ്ങളുടേതായ പദ്ധതികൾ തയ്യാറാക്കണം. മാതൃകാ പരിശീലനങ്ങൾ പതിവായി സംഘടിപ്പിക്കുകയും, ദുരന്ത നിവാരണത്തിന് എത്രമാത്രം സജ്ജരാണെന്ന് പരിശോധിച്ച് മന്ത്രാലയങ്ങൾ/വകുപ്പുകൾ, ദേശീയ ദുരന്ത നിവാരണ അതോറിറ്റി എന്നിവക്ക് റിപ്പോർട്ട് ചെയ്യണം.

പ്രധാന ചുമതലകൾ താഴെ നൽകിയിരിക്കുന്നു. വിശദാംശങ്ങൾ കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി പ്രസിദ്ധീകരിച്ച 'ഓറഞ്ച് ബുക്ക് ഓഫ് ഡിസാസ്റ്റർ മാനേജ്മെൻറ് 1-സ്റ്റാൻഡേർഡ് ഓപ്പറേഷൻ പ്രൊസീജേർസ് & എമർജൻസി സപ്പോർട്ട് ഫംഗ്ഷൻ പ്ലാൻ 2020' ൽ ലഭ്യമാണ്. https://sdma.kerala.gov.in/handbooks/

(1) കമാൻഡും നിയന്ത്രണവും

(2) ആശയവിനിമയം

(3) വൈദ്യപരിചരണവും പൊതുജനാരോഗ്യവും

(4) ശുചിത്വം/മലിനജലം നീക്കംചെയ്യൽ

(5) വൈദ്യുതി

(6) ഗതാഗതം

(7) തിരച്ചിലും രക്ഷപ്പെടുത്തലും

(8) പൊതുമരാമത്ത്, എഞ്ചിനീയറിംഗ്

(9) ദുരിതാശ്വാസ സാമഗ്രികളുടെ വിതരണം

(10) ഭക്ഷ്യവിതരണം

(11) കുടിവെള്ളം

(12) ദുരിതാശ്വാസ ക്യാമ്പുകൾ

(13) മാധ്യമങ്ങൾ

(14) ഹെൽപ്പ്ലൈനുകൾ

(15) മൃഗസംരക്ഷണം

(16) ക്രമസമാധാനവും ഗതാഗത മാനേജുമെൻറും

(17) മരങ്ങൾ നീക്കംചെയ്യൽ

(18) പ്രളയജല നിയന്ത്രണം

6

ദുരന്ത നിവാരണ ആശയവിനിമയവും ഇൻഫർമേഷൻ സിസ്റ്റവും

അടിയന്തര ആശയവിനിമയ ശൃംഖലയിലെ വിവരങ്ങൾ എങ്ങനെ കൈമാറപ്പെടുന്നു എന്നതിനെക്കുറിച്ച് പൗരന്മാർക്ക് പൊതുവായതും അടിസ്ഥാനപരവുമായ ധാരണ നൽകുക എന്നതാണ് ഈ അധ്യായം കൊണ്ട് ഉദ്ദേശിക്കുന്നത്. അടിയന്തര ആശയവിനിമയ ശൃംഖല പരിപാലിക്കേണ്ടത് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെയും ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെയും ഉത്തരവാദിത്തമാണെന്ന് 2005 ലെ ദുരന്ത നിവാരണ നിയമം അടിവരയിട്ടു പറയുന്നുണ്ട്. അതനുസരിച്ച്, അടിയന്തര ആശയവിനിമയ ശൃംഖലയുടെ ശരിയായ പ്രവർത്തനം ഉറപ്പാക്കുന്നതിന് ജില്ലാ, സംസ്ഥാന തലങ്ങളിൽ പല മാറ്റങ്ങളും ആവശ്യമാണ്. ഇത് എല്ലാ ജില്ലാ ദുരന്ത നിവാരണ അതോറിറ്റികളും കർശനമായി പാലിക്കേണ്ടതാണ്.

6.1. ദേശീയ-സംസ്ഥാന-ജില്ലാ അടിയന്തര പ്രവർത്തന കേന്ദ്രങ്ങൾ

ദുരന്തനിവാരണ ചക്രത്തിൻറെ (ചിത്രം 4) ഓരോ ഘട്ടത്തിലും അടിയന്തര പ്രവർത്തന കേന്ദ്രങ്ങൾക്ക് കൃത്യമായ പങ്കുണ്ട്. ദുരന്ത ഭീഷണി നേരിടുന്ന ജനങ്ങൾക്ക് മതിയായ മുന്നറിയിപ്പ് സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടത് സംസ്ഥാന സർക്കാരിൻറെ ഉത്തരവാദിത്തമാണ് എന്ന് 2005 ലെ ദുരന്തനിവാരണ നിയമത്തിലെ 38.2(എച്ച്) വകുപ്പ് പറയുന്നു. അടിയന്തര പ്രവർത്തന കേന്ദ്രത്തിൻറെ പ്രധാനപ്പെട്ട ഉത്തരവാദിത്തങ്ങളിൽ ഒന്നാണ് നേരത്തെയുള്ള മുന്നറിയിപ്പ് പ്രചരണം. സംസ്ഥാനത്ത് നേരത്തെയുള്ള മുന്നറിയിപ്പിൻറെ ഘട്ടങ്ങൾ ചിത്രം 4 കാണിക്കുന്നു. ദുരന്ത ഭീഷണി നേരിടുന്ന സമൂഹത്തിലേക്ക് നേരത്തെയുള്ള മുന്നറിയിപ്പ് കൈമാറുന്നതിന് ലഭ്യമായ എല്ലാ വിവര ആശയവിനിമയ സാങ്കേതികവിദ്യ ഉപകരണങ്ങളും അടിയന്തര പ്രവർത്തന കേന്ദ്രം ഉപയോഗിക്കുകയും, ദുരന്തനിവാരണ പ്രവർത്തകരെ പ്രവർത്തനക്ഷമമാക്കുകയും ചെയ്യുന്നു. സാധാരണ സമയങ്ങളിൽ, ലഭ്യമായ വിഭവങ്ങളുടെ ശേഖരം പ്രധാനപ്പെട്ട ഫോൺ നമ്പറുകൾ, പേരുകൾ, പ്രധാനപ്പെട്ട സർക്കാർ, സർക്കാരിതര ഉദ്യോഗസ്ഥർ, അന്താരാഷ്ട്ര സ്ഥാപനങ്ങൾ, സർക്കാരിതര സംഘടനകൾ (NGOs) എന്നിവയുടെ വിലാസങ്ങൾ ഇവിടെ പരിപാലിക്കപ്പെടുന്നു.

ഒരു പ്രതിസന്ധി ഘട്ടത്തിൽ തീരുമാനമെടുക്കുന്നതിനുള്ള കേന്ദ്രമായി ഇത് പ്രവർത്തിക്കുകയും സുഗമമായ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി വിവരങ്ങൾ ബന്ധപ്പെട്ട വകുപ്പുകളിലേക്കും ജില്ലകളിലേക്കും എത്തിക്കാൻ സഹായിക്കുകയും ചെയ്യേണ്ടതാണ്. അടിയന്തര പ്രവർത്തന കേന്ദ്രങ്ങളിൽ ഉത്തരവാദിത്തം, ശരിയായ വിവരങ്ങളുടെ സ്വാംശീകരണം, റെക്കോർഡ് സൂക്ഷിക്കൽ തുടങ്ങിയവ ഉറപ്പാക്കാനായി പ്രധാന ചുമതലകൾ അതാതു നോഡൽ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്ക് വിഭജിച്ചു നൽകിയിരിക്കും. സംസ്ഥാന ഇൻസിഡൻറ് കമാൻഡറുമായും ജില്ലാ ഇൻസിഡൻറ്

കമാൻഡറുമായും (DIC) എളുപ്പത്തിൽ നടപടികൾ ഏകോപിപ്പിക്കാനും റിപ്പോർട്ടുചെയ്യാനും ഇത് സഹായിക്കുന്നു.

അടിയന്തര പ്രവർത്തന കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളെ സാധാരണ സമയ പ്രവർത്തനങ്ങൾ, അടിയന്തര സമയ പ്രവർത്തനങ്ങൾ എന്നിങ്ങനെ തരംതിരിക്കാം. എന്നിരുന്നാലും, കമാൻഡിൻറെയും നിയന്ത്രണ ത്തിൻറെയും ശൃംഖല അടിയന്തര പ്രവർത്തന കേന്ദ്രങ്ങൾ വഴി നിലനിർത്തപ്പെടുകയും അത് തീരുമാനമെടുക്കാനുള്ള നാഡി കേന്ദ്രമായി തുടരുകയും ചെയ്യുന്നു. പുറപ്പെടുവിച്ച എല്ലാ നിർദ്ദേശങ്ങളും നടപടികളും അതത് അടിയന്തര പ്രവർത്തന കേന്ദ്രങ്ങൾ പ്രതിസന്ധി അവസാനിച്ചതിനു ശേഷം സമാഹരിക്കും. ഈ റിപ്പോർട്ടുകൾ അധികൃതർ ഉചിതമായ തലത്തിൽ രേഖപ്പെടുത്തുകയും അവലോകനം ചെയ്യുകയും ചെയ്യും. സംസ്ഥാന തലത്തിൽ സംസ്ഥാന നിർവാഹക സമിതിയും (SEC) ജില്ലാ തലത്തിൽ (DDMA) ജില്ലാ ദുരന്ത നിവാരണ അതോറിറ്റി (DDMA)യുമാണ് ഈ വിലയിരുത്തൽ നടത്തുന്നത്. സംസ്ഥാനത്തെ എല്ലാ അടിയന്തര പ്രവർത്തന കേന്ദ്രങ്ങൾക്കും സാധാരണ സമയ പ്രവർത്തനങ്ങൾ ഉണ്ട്.

ചിത്രം 4 നേരത്തെയുള്ള മുന്നറിയിപ്പ് പ്രചരണം-സംസ്ഥാനതലത്തിൽ



ദേശീയ അടിയന്തര പ്രവർത്തന കേന്ദ്രം (NEOC)

ഭാരത സർക്കാരിൻറെ ആഭ്യന്തര മന്ത്രാലയത്തിന് കീഴിൽ NEOC-1 എന്നറിയപ്പെടുന്ന ദേശീയ അടിയന്തര പ്രവർത്തന കേന്ദ്രവും ദേശീയ ദുരന്ത നിവാരണ അതോറിറ്റിയുടെ കീഴിൽ NEOC-2 ഉം ഉണ്ടാകും. ഈ രണ്ടു കേന്ദ്രങ്ങളും താഴെ പറയുന്ന കണ്ട്രോൾ റൂമുകളുമായി ബന്ധിപ്പിക്ക പ്പെട്ടിട്ടുണ്ട്.

അപകടകരമായ സംഭവങ്ങളെക്കുറിച്ച് നേരത്തെയുള്ള മുന്നറിയിപ്പ് വിവരങ്ങൾ നൽകുന്നതിന് നിയുക്തമാക്കിയ എല്ലാ ഏജൻസികളും

- സംസ്ഥാന അടിയന്തര പ്രവർത്തന കേന്ദ്രം
- ജില്ലാ അടിയന്തര പ്രവർത്തന കേന്ദ്രം
- ദേശീയ ദുരന്ത പ്രതികരണ സേന
- സംയോജിത പ്രതിരോധ സ്റ്റാഫ്
- വിദേശകാര്യ മന്ത്രാലയം
- കേന്ദ്ര സായുധ പോലീസ് സേന

സംസ്ഥാന അടിയന്തര പ്രവർത്തന കേന്ദ്രം (SEOC)

സംസ്ഥാന അടിയന്തര പ്രവർത്തന കേന്ദ്രം പ്രവർത്തിക്കുന്നത് കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ആസ്ഥാനത്തു നിന്നുമാണ്.

വിലാസം: ഒബ്സർവേറ്ററി ഹിൽസ്, വികാസ് ഭവൻ, പി.ഒ. തിരുവനന്തപുരം – 695033.

ദേശീയ ദുരന്ത നിവാരണ മാർഗരേഖ-ദേശീയ ദുരന്ത നിവാരണ ആശയ വിനിമയ സംവിധാനം, 2012 (National Disaster Management Guidelines - National Disaster Management Information and Communication System, 2012) എന്നതിൽ നിർദ്ദേശിച്ചിരിക്കുന്നതുപോലെ സംസ്ഥാന അടിയന്തര പ്രവർത്തന കേന്ദ്രത്തിൻറെ തലവൻ ദുരന്ത നിവാരണ പ്രിൻസിപ്പൽ സെക്രട്ടറി കൂടിയായ സംസ്ഥാന റിലീഫ് കമ്മിഷണർ ആണ്. ഭരണപരവും സാമ്പത്തികവുമായ ചുമതലകൾ സംസ്ഥാന ദുരന്ത നിവാരണ പ്രിൻസിപ്പൽ സെക്രട്ടറി വഴി സംസ്ഥാന നിർവാഹക സമിതി നിയന്ത്രിക്കുന്നു. ദുരന്ത സമയങ്ങളിൽ സംസ്ഥാന ഇൻസിഡൻറ് കമാൻഡർ ഈ ചുമതല വഹിക്കും. അടിയന്തര പ്രവർത്തന കേന്ദ്രത്തിൻറെ ദൈനംദിന പ്രവർത്തനം നിയന്ത്രിക്കുന്നത് ഒരു മേധാവി, ഹസാർഡ് റിസ്ക് അനലിസ്റ്റ്, പരിശീലനം ലഭിച്ച ഹസാർഡ് അനലിസ്റ്റുകൾ എന്നിവരാണ്. സമാധാനകാലത്ത് ഉദ്യോഗസ്ഥർ സാധാരണ പ്രവർത്തികളിലും, അടിയന്തര സാഹചര്യങ്ങളിൽ അടിയന്തര പ്രവർത്തികളിലും ഏർപ്പെടുന്നു.

സംസ്ഥാന അടിയന്തര പ്രവർത്തന കേന്ദ്രം അടിസ്ഥാനവിവരങ്ങൾ സംയോജിപ്പിക്കുന്ന ഒരു കേന്ദ്രം കൂടിയാണ്. ഉയർന്ന നിലവാരമുള്ള ജിയോഗ്രാഫിക് ഇൻഫർമേഷൻ സിസ്റ്റം, ഉപഗ്രഹ ചിത്ര പ്രോസസ്സിംഗ് സൗകര്യങ്ങൾ, ഉപഗ്രഹം വഴിയുള്ള ആശയവിനിമയം, സാറ്റലൈറ്റ്

ഫോണുകൾ, ജിഎസ്എം, 4 ജി, ബ്രോഡ്ബാൻഡ് എന്നിവയുൾപ്പെടെയുള്ള പലവിധ ആധുനിക ആശയവിനിമയ സംവിധാനങ്ങൾ, ഇൻറർനെറ്റ് കണക്റ്റിവിറ്റി തുടങ്ങിയ സൗകര്യങ്ങൾ ഇവിടെയുണ്ട്. സംസ്ഥാന ദുരന്ത നിവാരണ കൺട്രോൾ റൂം 24 മണിക്കൂറും പ്രവർത്തിക്കുകയും, താഴെ പറയുന്ന പ്രവർത്തനങ്ങളിൽ വ്യാപൃതരാവുകയും ചെയ്യുന്നു:

- ബന്ധപ്പെട്ട ഏജൻസികൾ സംസ്ഥാന പോലീസ് കൺട്രോൾ റൂമിലേക്ക് നൽകിയ മുന്നറിയിപ്പുകളുടെ ആശയവിനിമയം.
- ബന്ധപ്പെട്ട ഏജൻസികൾ റവന്യൂ, ദുരന്ത നിവാരണ ജില്ലാ കൺട്രോൾ റൂമുകൾക്ക് ഇമെയിൽ, ടെലിഫോൺ, ഫാക്സ്, കൂടാതെ എസ്എംഎസ് വഴിയും പോലീസിന് നൽകിയ മുന്നറിയിപ്പുകളുടെ ആശയവിനിമയം.
- ജില്ലകളിൽ നിന്നുള്ള പ്രതിദിന ദുരന്ത റിപ്പോർട്ടുകളുടെ സമാഹരണം, ഇമെയിൽ വഴി ദേശീയ അടിയന്തര പ്രവർത്തന കേന്ദ്രവുമായി ആശയവിനിമയം നടത്തുക.
- ജില്ലാ കൺട്രോൾ റൂമുകളിലേക്ക് സംസ്ഥാന അടിയന്തര പ്രവർത്തന കേന്ദ്രം നൽകിയ നിർദ്ദേശങ്ങളുടെ ആശയവിനിമയം.

ജില്ലാ അടിയന്തര പ്രവർത്തന കേന്ദ്രം (DEOC)

ജില്ലാ അടിയന്തര പ്രവർത്തന കേന്ദ്രങ്ങൾ ജില്ലാ ഇൻസിഡൻറ് കമാൻഡറുടെ നേരിട്ടുള്ള നിയന്ത്രണത്തിലാണ്. കേന്ദ്രത്തിൻറെ ദൈനംദിന ഭരണം തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ ഡെപ്യൂട്ടി കളക്ടർ (ദുരന്ത നിവാരണം) വഹിക്കുന്നു. കൊല്ലം, കോട്ടയം, ഇടുക്കി, പാലക്കാട്, വയനാട്, കാസറഗോഡ് ജില്ലകളിൽ അഡിഷണൽ ജില്ലാ മജിസ്ട്രേറ്റിനാണ് ചുമതല നൽകിയിരിക്കുന്നത്.

സ്ഥാനം: എല്ലാ അടിയന്തര പ്രവർത്തന കേന്ദ്രങ്ങളും ജില്ലാ കളക്ടറേറ്റുകൾക്കുള്ളിലും ജില്ലാ കളക്ടറുടെ ഓഫീസിന് സമീപത്തുമായിരിക്കണം.

കോർപ്പറേഷൻ/മുനിസിപ്പാലിറ്റി/പഞ്ചായത്ത് തലങ്ങളിലെ ദുരന്ത നിവാരണ സമിതികൾ

കേരളത്തിലെ ചില തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രാദേശിക തലത്തിൽ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായി ദുരന്തനിവാരണ കമ്മിറ്റികൾ/സെല്ലുകൾ രൂപീകരിച്ചിട്ടുണ്ട്. പ്രാദേശിക തലത്തിലുള്ള ദുരന്തനിവാരണ സമിതികൾക്കായി നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന ചില ഉത്തരവാദിത്തങ്ങൾ താഴെ പറയുന്നവയാണ്.

1) പ്രാദേശിക തലത്തിൽ ദുരന്ത നിവാരണ പദ്ധതികളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, മേൽനോട്ടം വഹിക്കുക, നിരീക്ഷിക്കുക.

2) അടിയന്തര പ്രവർത്തനത്തിനുള്ള സംഘങ്ങൾ രൂപീകരിക്കുന്നതിനും അവരുടെ പരിശീലനം ഏകോപിപ്പിക്കുന്നതിനും എൻജിഒകളെ സഹായിക്കുക.

3) ദുരന്ത സാധ്യത കുറയ്ക്കുന്നതിനുള്ള (DRR) പരിപാടികൾക്കായി പ്രാദേശിക സമൂഹത്തെ അണിനിരത്തുന്നതിന് എൻജിഒകളെ പിന്തുണയ്ക്കുക.

4) തദ്ദേശഭരണ തലത്തിലുള്ള ദുരന്ത നിവാരണ ലോക്കൽ സെൽഫ് ഗവൺമെൻറ് പദ്ധതികൾ തയ്യാറാക്കാൻ എൻജിഒകളെ സഹായിക്കുകയും പിന്തുണയ്ക്കുകയും ചെയ്യുക.

5) ദുരന്ത നിവാരണ പദ്ധതി അംഗീകാരത്തിനായി തദ്ദേശ ഭരണകൂട കൗൺസിലിൽ അവതരിപ്പിക്കുക.

6) ദുരന്ത നിവാരണ പദ്ധതി എല്ലാ വർഷവും പുതിയ വിവരങ്ങൾ ചേർത്ത് പുതുക്കുക.

7) ദുരന്ത പ്രതികരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുക.

8) അടിയന്തര പ്രവർത്തന സംഘങ്ങളുടെ പ്രവർത്തനം വിലയിരുത്തുക.

9) വികസന പ്രവർത്തനങ്ങൾ അപകടസാധ്യത കുറയ്ക്കുന്നതിനുള്ള പദ്ധതികളുമായി സംയോജിപ്പിക്കുക.

10) ദുരന്ത നിവാരണ പരിപാടിയുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിന് ആനുകാലിക യോഗങ്ങൾ നടത്തുക.

11) ഒരു ദുരന്തത്തിന് മുമ്പും ശേഷവും ആരോഗ്യം, റവന്യൂ വകുപ്പുകൾ, പോലീസ്, അഗ്നിശമനസേന, മറ്റ് ഏജൻസികൾ എന്നിവയുൾപ്പെടെയുള്ള സർക്കാർ സംവിധാനങ്ങളുമായി ചേർന്ന് പ്രവർത്തിക്കുക.

12) ആളുകൾ ദുരിതാശ്വാസ അപേക്ഷകൾ/അഭ്യർത്ഥനകൾ സർക്കാരിന് സമർപ്പിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക, അവർക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുക.

13) തദ്ദേശ ഭരണതലത്തിൽ ദുരന്ത സാധ്യത കുറക്കാനുള്ള മറ്റെല്ലാ പ്രവർത്തനങ്ങളും കൈകാര്യം ചെയ്യുക.

7

ദുരന്തമുക്തിയും പുനരധിവാസവും

ആഗോളതലത്തിൽ, ദുരന്താനന്തരം പൂർവ സ്ഥിതി കൈവരിക്കുക എന്നത് മെച്ചപ്പെട്ട പുനർനിർമാണം എന്ന ആശയത്തിലേക്ക് മാറിയിട്ടുണ്ട്. ദുരന്തങ്ങൾ സാധാരണ ജീവിതത്തെ വലിയ തോതിൽ ബാധിക്കുമ്പോൾ ആഗോള ശ്രമങ്ങൾ ദുരന്തമുക്തി, പുനരധിവാസം, പുനർനിർമ്മാണഘട്ടം എന്നിവയെ "ബിൽഡ് ബാക്ക് ബെറ്റർ" (BBB) അല്ലെങ്കിൽ മെച്ചപ്പെട്ട പുനർനിർമാണം എന്നതിനും, അതോടൊപ്പം ദുരന്ത സാധ്യത കുറയ്ക്കൽ വികസന നടപടികളിലേക്ക് സമന്വയിപ്പിക്കാനും, സമൂഹങ്ങളെ ദുരന്തങ്ങളോട് പ്രതിരോധിക്കാൻ പ്രാപ്തരാക്കാനുള്ള അവസരമായും കണക്കാക്കുന്നു.

2015-ന് ശേഷമുള്ള വികസന അജണ്ടയുടെ പശ്ചാത്തലത്തിൽ അംഗീകരിച്ച ആദ്യത്തെ അന്താരാഷ്ട്ര കരാറാണ് സെൻഡായ് ഫ്രെയിംവർക്ക് (Sendai Framework). ദുരന്ത സാധ്യത കുറയ്ക്കുന്നതിനുള്ള സെൻഡായ് ഫ്രെയിംവർക്ക് 2015-2030 ജപ്പാനിലെ സെൻഡായിയിൽ നടന്ന ഐക്യരാഷ്ട്ര സഭയുടെ മൂന്നാം ലോക സമ്മേളനത്തിൽ (UNISDR) ഹ്യോഗോ ഫ്രെയിംവർക്ക് ഫോർ ആക്ഷൻ 2005-2015 ന്റെ തുടർച്ച എന്ന നിലയിൽ അംഗീകരിച്ചു.

സെൻഡായ് ഫ്രെയിംവർക്കിന് കീഴിലുള്ള പ്രവർത്തനത്തിന് നാല് മുൻഗണനകൾ ആണുള്ളത്:

- ദുരന്ത സാധ്യത മനസിലാക്കുക
- ദുരന്ത സാധ്യത നിയന്ത്രിക്കുന്നതിന് ദുരന്തസാധ്യതാ ഭരണനിർവഹണം ശക്തിപ്പെടുത്തുക
- ദുരന്ത സാധ്യത കുറയ്ക്കുന്നതിന് നിക്ഷേപം നടത്തുക
- ഫലപ്രദമായ ദുരന്ത നേരിടലിനും, ദുരന്ത മുക്തിക്കും, പുനരധിവാസം, പുനർനിർമ്മാണം എന്നിവ മികച്ച രീതിയിൽ നടപ്പാക്കാനും ദുരന്ത തയ്യാറെടുപ്പ് വർദ്ധിപ്പിക്കുക.

ഒരു ദുരന്തത്തിന് ശേഷം ബന്ധപ്പെട്ടവർ മെച്ചപ്പെട്ട പുനർനിർമാണത്തിനായി തയ്യാറാകുമെന്ന് സെൻഡായ് ഫ്രെയിംവർക്ക് വിഭാവനം ചെയ്യുന്നു. ഫലപ്രദമായ പിന്തുണ നൽകുന്നതിനും മികച്ച രീതിയിൽ നടപ്പാക്കാനും നിലവിലുള്ള സംവിധാനങ്ങൾ ശക്തിപ്പെടുത്തേണ്ടതായി വന്നേക്കാം. ദുരന്തമുക്തി വളരെ ബുദ്ധിമുട്ടുള്ളതും ദൈർഘ്യമേറിയതുമാണ്. യഥാർത്ഥ ദുരന്തം, സ്ഥാനം, ദുരന്തത്തിന് മുമ്പുള്ള അവസ്ഥകൾ, ആ സമയത്ത് ഉയർന്നുവരുന്ന സാധ്യതകൾ എന്നിവയെ ആശ്രയിച്ച് അന്തിമ പുനർനിർമ്മാണം വ്യത്യാസപ്പെടും. മെച്ചപ്പെട്ട

പുനർനിർമ്മാണത്തിൻറെ എല്ലാ ഘടകങ്ങളും മുൻകൂട്ടി അറിയാൻ കഴിയാത്തതിനാൽ ദേശീയ ദുരന്തനിവാരണ പദ്ധതി വീണ്ടെടുക്കലിനായി പൊതുവായ ചട്ടക്കൂട് നിർദേശിക്കുന്നു.

7.1 ദുരന്തമുക്തി പ്രക്രിയ

ഒരു സമൂഹം നേരിട്ട ദുരന്തത്തിൻറെ ആഘാതം മൂലമുണ്ടായ ചിട്ടയായ പ്രവർത്തനങ്ങളുടെ ഒരു കൂട്ടമല്ല ദുരന്തമുക്തി പ്രക്രിയ. അത് താഴെ പറയുന്ന നിരവധി അനുബന്ധ പ്രവർത്തനങ്ങൾ ഉൾപ്പെടുന്നതാണ്.

- നാശനഷ്ടങ്ങളുടെ വിലയിരുത്തലുകൾ
- അവശിഷ്ടങ്ങൾ പരിസ്ഥിതിക്ക് കേടുകൂടാതെ സുരക്ഷിതമായി നീക്കം ചെയ്യൽ
- ആശയ വിനിമയ ശൃംഖല പുനഃസ്ഥാപിക്കുകയും ആവശ്യമെങ്കിൽ നവീകരിക്കുകയും ചെയ്യൽ
- ഗതാഗത പുനഃസ്ഥാപനം
- താൽക്കാലിക പാർപ്പിടം നിർമിക്കൽ
- വിശദമായ കെട്ടിട പരിശോധന
- പുനർവികസന ആസൂത്രണം
- പരിസ്ഥിതി വിലയിരുത്തലുകൾ
- പൊളിക്കൽ
- പുനർനിർമാണം
- വിവിധ വികസന പദ്ധതികളിലേക്ക് ദുരന്ത നിവാരണവും പുനരധിവാസ വും സംയോജിപ്പിക്കുക
- സാമ്പത്തിക മാനേജ്മെൻറ്
- സാമ്പത്തിക ആഘാത വിലയിരുത്തലുകൾ

ഐക്യരാഷ്ട്രസഭയുടെ ദുരന്ത സാധ്യത കുറയ്ക്കുന്നതിനുള്ള ഓഫീസ് [UNISDR (ഇപ്പോൾ UNDRR)] (2009) പറയുന്നത് ദുരന്തമുക്തി എന്നാൽ ബാധിക്കപ്പെട്ട സമൂഹങ്ങളുടെ സൗകര്യങ്ങൾ, ഉപജീവനമാർഗങ്ങൾ, ജീവിത സാഹചര്യങ്ങൾ എന്നിവ പുനഃസ്ഥാപിക്കുകയും മെച്ചപ്പെടുത്തു

കയും ചെയ്യുക എന്നാണ്. ദുരന്ത സാധ്യത കുറക്കുന്നത്തിനുള്ള ശ്രമങ്ങളും ഇതിൽപ്പെടുന്നു. പൊതുജന അവബോധത്തിലും ഇടപഴകലിലുമൂന്നിയ ദുരന്തമുക്തി നടപടികൾ, ദുരന്ത സാധ്യത കുറയ്ക്കുന്നതിനുള്ള നടപടികൾ വികസിപ്പിക്കുന്നതിനും, നടപ്പിലാക്കുന്നതിനും, 'ബിൽഡ് ബാക്ക് ബെറ്റർ' എന്ന ആശയം പ്രയോഗിക്കുന്നതിനുമുള്ള അവസരം കൂടിയാണെന്നും UNDRR നിരീക്ഷിക്കുന്നു. ഇത് ദുരന്തസാധ്യത കുറക്കാനുള്ള ശ്രമങ്ങളുടെ ഒരു പ്രധാന ഘടകമാണ്. ചിട്ടയോടെ നടപ്പിലാക്കുകയാണെങ്കിൽ ദുരന്തമുക്തി പ്രക്രിയ ദുരന്ത ബാധിത സമൂഹത്തെ കൂടുതൽ ദാരിദ്ര്യത്തിലേക്ക് നയിക്കുന്നത് തടയാൻ സഹായിക്കുന്നു. പുനരധിവാസ, പുനർനിർമ്മാണ പ്രവർത്തനങ്ങൾ നിർബന്ധമായും നടത്തണമെന്ന് 2005-ലെ ദുരന്തനിവാരണ നിയമത്തിൽ നിഷ്കർഷിക്കുന്നുണ്ടെങ്കിലും, ദുരന്തമുക്തി ദുരന്ത നിവാരണത്തിൻെറ ഭാഗമായി ഉപയോഗിക്കേണ്ട ഒരു ഘടകമാണെന്ന് വ്യക്തമായി പരാമർശിക്കുന്നില്ല. എന്നിരുന്നാലും, 2009 ലെ ദേശീയ ദുരന്ത നിവാരണത്തിനായുള്ള നയം ദുരന്തമുക്തിയെ ദുരന്തനിവാരണത്തിൻെറ തുടർച്ചയിലെ ആറ് ഘടകങ്ങളിൽ ഒന്നായി അംഗീകരിക്കുകയും സുരക്ഷിതമായ വികസനത്തിൻെറ മൊത്തത്തിലുള്ള പശ്ചാത്തലത്തിൽ ഭൗതിക, സാമൂഹിക, സാമ്പത്തിക ആസ്തികളുമായി ബന്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. തുടർച്ചയും, മുൻഗണനയും, എല്ലാ മേഘലകളെയും ഒരുപോലെ പരിഗണിക്കേണ്ടതുകൊണ്ടും ദുരന്ത നിവാരണ പരിപാടികൾ സാധാരണയായി മൂന്ന് വ്യത്യസ്ത ഘട്ടങ്ങളിലായാണ് പുരോഗമിക്കുന്നത്.

ദുരന്തമുക്തി ചട്ടക്കൂടിൻെറ പ്രധാന വ്യവസ്ഥകളിൽ ഇവ ഉൾപ്പെടുന്നു:

(1) സ്ഥാപനപരമായ ക്രമീകരണങ്ങൾ: ദുരന്ത മുക്തി സംബന്ധിച്ച ചുമതലകളും ഉത്തരവാദിത്തങ്ങളും വ്യക്തമായി നിർവചിക്കുന്ന സ്ഥാപനപരമായ സംവിധാനങ്ങൾ ദേശീയ, സംസ്ഥാന, ജില്ല, പ്രാദേശിക (നഗര, ഗ്രാമീണ) തലങ്ങളിൽ ഉറപ്പാക്കുക.

(2) ഏകോപനം: ദുരന്ത മുക്തി, വിവിധ ഏജൻസികൾ തമ്മിലുള്ള ഏകോപനം എന്നിവയുടെ ലക്ഷ്യങ്ങൾ യാഥാർഥ്യമാക്കുന്നതിൽ സർക്കാർ, അന്താരാഷ്ട്ര ഏജൻസികൾ, സ്വകാര്യ മേഖല, സാമൂഹിക സംഘടനകൾ എന്നിവ തമ്മിൽ പരസ്പരാശ്രിതത്വമുണ്ട്.

(3) പൊതു-സ്വകാര്യ പങ്കാളിത്തം (PPP): സ്വകാര്യമേഖലയുടെ പങ്കാളിത്തം പൊതുനന്മയ്ക്കായി പ്രയോജനപ്പെടുത്തേണ്ടതുണ്ട്. കൂടാതെ ദുരന്ത മുക്തിയിൽ സ്വകാര്യമേഖലയുടെ പങ്കാളിത്തം സുഗമമാക്കുന്നതിനുള്ള ഒരു ഫലപ്രദമായ മാർഗമാണ് PPP പദ്ധതികൾ.

4) ഇൻഫർമേഷൻ ആൻറ് കമ്മ്യൂണിക്കേഷൻ ടെക്നോളജി (ICT): ബന്ധപ്പെട്ട എല്ലാവർക്കുമിടയിൽ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിനും ദുരന്തമുക്തി പരിപാടികളുടെ വിവിധ വശങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ പങ്കുവെക്കുന്നതിനും കഇഠ യുടെ ഫലപ്രദമായ ഉപയോഗം.

(5) ഡിസിഷൻ സപ്പോർട്ട് സിസ്റ്റം (DSS): മാനേജ്മെൻറ് ഇൻഫർമേഷൻ സിസ്റ്റം (MIS), ഡാറ്റാബേസുകൾ, സ്പേഷ്യൽ ഡാറ്റ മാനേജുമെൻറ് സാങ്കേതികവിദ്യകളുടെ വിന്യാസം എന്നിവ ഉൾപ്പെടുന്ന മതിയായ ഒരു സംവിധാനം സജ്ജമാക്കുന്നു.

(6) വിദഗ്ധരുടെ പങ്ക്: പ്രൊഫഷണൽ വൈദഗ്ധ്യവും വിവിധ മേഖലകളിലെ വൈദഗ്ധ്യവും ഉറപ്പാക്കുക.

(7) സാമൂഹിക പങ്കാളിത്തം: സമൂഹത്തിൻറെ സജീവമായ പങ്കാളിത്തം ഉറപ്പാക്കുക, ശരിയായ രീതിയിൽ അവരിലേക്കെത്തൽ, ശാക്തീകരണം, പരിപാടികളുടെ രൂപീകരണത്തിലും നടപ്പാക്കലിലും ലിംഗസമത്വം ഉറപ്പാക്കുക.

(8) മോണിറ്ററിംഗ് ആൻഡ് ഇവാലുവേഷൻ (M&E): ദുരന്തമുക്തി പ്രക്രിയകളിൽ സുതാര്യത പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ ഒരു പ്രധാന ഘടകമാണ് മോണിറ്ററിംഗ് ആൻഡ് ഇവാലുവേഷൻ, അതിൽ സാങ്കേതികവും സാമൂഹികവുമായ പരിശോധനകൾ ഉൾപ്പെടുത്തണം.

7.2 പുനരധിവാസം

ദുരന്ത ബാധിത ജനങ്ങൾക്ക് വേണ്ടി രാഷ്ട്രീയ, സാമൂഹിക, സാമ്പത്തിക മേഖലകളിൽ നടപ്പാക്കുന്ന സ്ഥാപന പരിഷ്കരണം, ശക്തിപ്പെടുത്തൽ, അടിസ്ഥാന സൗകര്യങ്ങളുടെയും സേവനങ്ങളുടെയും മെച്ചപ്പെടുത്തൽ എന്നിവയെ പുനരധിവാസം എന്ന് നിർവചിക്കാം. സുസ്ഥിര വികസനത്തിൻറെ ആവർത്തനവും ഇതിൽ ഉൾപ്പെടുന്നു. സാധാരണയായി പുനരധിവാസ പാക്കേജുകളിൽ ബാധിത പ്രദേശത്തെ ജനങ്ങളുടെ സാമ്പത്തികവും സാമൂഹികവുമായ പുനരധിവാസത്തോടൊപ്പം ശാരീരികവും മാനസികവുമായ അടിസ്ഥാന സൗകര്യങ്ങളുടെ പുനർനിർമ്മാണവും ഉൾപ്പെടുന്നു.

പുനരധിവാസം ഇങ്ങനെ തരം തിരിച്ചിരിക്കുന്നു:

(1) ശാരീരിക പുനരധിവാസം

(2) സാമൂഹിക പുനരധിവാസം

(3) സാമ്പത്തിക പുനരധിവാസം

(4) മാനസിക പുനരധിവാസം

(1) ശാരീരിക പുനരധിവാസം

പുനരധിവാസത്തിൻറെ വളരെ പ്രധാനപ്പെട്ട ഒരു വശമാണ് ശാരീരിക പുനരധിവാസം. അതിൽ താഴെ പറയുന്നവ ഉൾപ്പെടുന്നു:

- വീടുകൾ, കെട്ടിടങ്ങൾ, റെയിൽവേ, റോഡുകൾ, ആശയവിനിമയ ശൃംഖല, ജലവിതരണം, വൈദ്യുതി തുടങ്ങിയവ ഉൾപ്പെടെയുള്ള ഭൗതിക അടിസ്ഥാന സൗകര്യങ്ങളുടെ പുനർനിർമ്മാണം.

- നീർത്തട പരിപാലനം, കനാൽ ജലസേചനം, സാമൂഹിക വനവൽക്കരണം, വിള സ്ഥിരത, ബദൽ വിള രീതികൾ, തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, പരിസ്ഥിതി സംരക്ഷണം എന്നിവയ്ക്കുള്ള ഹ്രസ്വകാല-ദീർഘകാല പദ്ധതികൾ

- കൃഷി, കരകൗശല ജോലികൾ, മൃഗസംരക്ഷണം എന്നിവയുടെ പുനരധിവാസം

- സബ്സിഡികൾ, കാർഷികോപകരണങ്ങൾ, ദുരന്ത ബാധിതരെ മാറ്റിപാർപ്പിക്കാനുള്ള സ്ഥലം ഏറ്റെടുക്കൽ, ഭൂവിനിയോഗ ആസൂത്രണം പാലിക്കൽ, വെള്ളപ്പൊക്ക സാധ്യതാ മേഖലയെ വേർതിരിക്കൽ, കേടുപാടുകൾ സംഭവിക്കാത്ത വീടുകളുടെ പുനർനിർമ്മാണം/ശക്തിപ്പെടുത്തൽ, മാതൃകാ വീടുകളുടെ നിർമ്മാണം എന്നിവയ്ക്ക് വേണ്ടിയുള്ള മതിയായ വ്യവസ്ഥ.

ശാരീരിക പുനരധിവാസ പ്രക്രിയയുടെ വളരെ പ്രധാനപ്പെട്ട ഭാഗമാണ് ദുരന്ത ബാധിതരെ മാറ്റിപാർപ്പിക്കൽ.

ആവശ്യകത അടിസ്ഥാനമാക്കിയുള്ള പരിഗണനകൾ മാത്രമാണ് മാറ്റിപാർപ്പിക്കൽ (പുനഃസ്ഥാപന) നയത്തെ സ്വാധീനിക്കുന്നതെന്ന് ഉറപ്പാക്കണം. ദുരന്തത്തിൻറെ സ്വഭാവവും നാശനഷ്ടത്തിൻറെ വ്യാപ്തിയും സംബന്ധിച്ച മാനദണ്ഡങ്ങൾ കണക്കിലെടുത്ത് പ്രാദേശിക അധികൃതർ ദുരിതബാധിതരുമായി കൂടിയാലോചിച്ച് സംസ്ഥാന സർക്കാരിൻറെ മാർഗനിർദേശപ്രകാരം സ്ഥലംമാറ്റ ആവശ്യങ്ങൾ നിർണ്ണയിക്കണം.

(2) സാമൂഹിക പുനരധിവാസം

സാമൂഹിക പുനരധിവാസവും ദുരന്ത പുനരധിവാസത്തിൻറെ ഒരു പ്രധാന ഭാഗമാണ്. കരകൗശലത്തൊഴിലാളികൾ, പ്രായമായവർ, അനാഥർ, അവിവാഹിതരായ സ്ത്രീകൾ, കുട്ടികൾ തുടങ്ങിയ ദുർബല വിഭാഗങ്ങൾക്ക് ദുരന്തം ഏല്പിച്ച ആഘാതത്തെ അതിജീവിക്കാൻ പ്രത്യേക സാമൂഹിക പിന്തുണ കൂടിയേ തീരൂ. ദുരന്തത്തിൻറെ കെടുതികൾ അനുഭവിച്ച ദുർബല

വിഭാഗങ്ങൾ അവർക്ക് പൂർണ്ണമായും അപരിചിതമായ ഒരു സാമൂഹിക ചുറ്റുപാടിൽ പുനർ-സാമൂഹ്യവൽക്കരണത്തിൻറെ മുഴുവൻ പ്രക്രിയകൾക്കും വിധേയരാകേണ്ടിവരുമെന്ന വസ്തുത കൂടി സാമൂഹിക പുനരധിവാസത്തിനുള്ള പദ്ധതി തയ്യാറാക്കുമ്പോൾ പരിഗണിക്കണം.

ഇത്തരത്തിലുള്ള പുനരധിവാസത്തിൽ താഴെ പറയുന്ന പ്രവർത്തനങ്ങൾ ഉൾപ്പെടുന്നു.

- വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ പുനരുജ്ജീവനം

  ഒരു വലിയ ദുരന്തമുണ്ടാകുമ്പോൾ അത് വിദ്യാഭ്യാസ സൗകര്യങ്ങളെ വലിയ തോതിൽ ബാധിച്ചേക്കാം. അതിൻറെ സമ്മർദ്ദം കുട്ടികളിലും ഉണ്ടായേക്കാം. ഇത്തരം സാഹചര്യങ്ങളെ നേരിടാനും, മുക്തി നേടാനും, വീണ്ടെടുക്കാനും താഴെ പറയുന്ന കാര്യങ്ങൾ കുട്ടികളെ സഹായിക്കും.

- അധ്യാപകർക്കും കുട്ടികൾക്കും പതിവായി കൗൺസിലിംഗ് നൽകുക.
- പതിവായി സ്കൂളിൽ പോകാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക.
- കുട്ടികൾക്ക് എഴുത്ത് ഉപകരണങ്ങളും വർക്ക്ബുക്കുകളും നൽകുക.
- സ്കൂളിൻറെ പുനരുത്ഥാനവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളിലും കുട്ടികളെ പങ്കെടുപ്പിക്കുക.
- സ്വയം വികസനത്തിൽ നല്ല പങ്കുവഹിക്കാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നതിനായി അനുകൂലമായ മനോഭാവങ്ങൾ വളർത്തിയെടുക്കുക.
- ഗ്രാമതല വിദ്യാഭ്യാസ സമിതികൾ രൂപീകരിക്കുക.
- പ്രാദേശിക തലത്തിൽ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടത്താൻ കഴിയുന്ന പ്രാദേശിക ഗ്രൂപ്പുകളെ കണ്ടെത്തുക.

ദുർബല വിഭാഗങ്ങളുടെ പുനരധിവാസം (സ്ത്രീകൾ, പ്രായമായവർ, കുട്ടികൾ, പ്രത്യേക ആവശ്യങ്ങളുള്ള ആളുകൾ മുതലായവർ)

ഒരു വലിയ ദുരന്തത്തിന് ശേഷം പ്രായമായവരും സ്ത്രീകളും കുട്ടികളും കൂടുതൽ ദുർബലരായിരിക്കും. അതിനാൽ, താഴെപ്പറയുന്ന നടപടികൾ അവരുടെ പുനരധിവാസത്തിന് സഹായിക്കും.

- പ്രായമായവരെയും സ്ത്രീകളെയും കുട്ടികളെയും പുനരധിവസിപ്പിക്കുന്നതിന് പരിചിതമായ ചുറ്റുപാടുകൾ കണ്ടെത്തുക.

- നിരാലംബരായ വിധവകളെയും അനാഥരെയും അവരുടെ കുടുംബാംഗങ്ങളുമായി ബന്ധിപ്പിക്കാൻ ശ്രമിക്കുക; സാധ്യമല്ലെങ്കിൽ, അവർക്കു ആശ്രയിക്കാവുന്ന കുടുംബങ്ങളെ കണ്ടെത്തുക.

- സ്ത്രീകളുടെയും കുട്ടികളുടെയും മാനസികാരോഗ്യം മെച്ചപ്പെടുത്തുന്നതിന് പതിവായി കൗൺസിലിംഗ് നൽകുക .

- സ്ത്രീകളെ സാമ്പത്തികമായി സ്വയംപര്യാപ്തമാക്കുന്നതിന് വിവിധ പരിശീലന പരിപാടികൾ ആരംഭിക്കുക.

- സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള ദീർഘകാല പുനരധിവാസ പാക്കേജിൽ ആരോഗ്യം, പോഷകാഹാരം, ശുചിത്വം എന്നിവക്ക് മുൻഗണന നൽകുക.

- അംഗൻവാടികളും വൃദ്ധസദനങ്ങളും ചുരുങ്ങിയ സമയത്തിനുള്ളിൽ പ്രവർത്തനക്ഷമമാക്കുക.

- ഓരോ ഗ്രാമത്തിലും ഒരു വിവിധോദ്ദേശ്യ കമ്മ്യൂണിറ്റി സെൻറർ എങ്കിലും സ്ഥാപിക്കുക.

- ബ്ലോക്ക് തലത്തിൽ പെൺകുട്ടികളുടെ റെസിഡൻഷ്യൽഹോം നിർമിക്കുക.

- അനാഥരുടെയും കുട്ടികളുടെയും കഴിവുകൾ മെച്ചപ്പെടുത്തുന്നതിനായി തൊഴിൽ പരിശീലന ക്യാമ്പുകൾ സ്ഥാപിക്കുക.

- സ്വയംസഹായ ഗ്രൂപ്പുകൾ പ്രോത്സാഹിപ്പിക്കുക.

(3) സാമ്പത്തിക പുനരധിവാസം

ഉപജീവനമാർഗങ്ങൾ പുനഃസ്ഥാപിക്കലും, ബിസിനസുകൾ, വ്യാപാരം, വാണിജ്യം എന്നിവയുടെ തുടർച്ച ഉറപ്പാക്കലുമാണ് സാമ്പത്തിക പുനരധിവാസത്തിൻറെ പ്രധാന ഘടകങ്ങൾ. ദുരന്തബാധിത സമൂഹങ്ങൾക്ക് തൊഴിലവസരങ്ങളും വരുമാനമുണ്ടാക്കുന്ന അവസരങ്ങളും പുനഃസ്ഥാപിക്കുക എന്നത് പുനർനിർമ്മാണത്തിൻറെ ഒരു പ്രധാന ഘടകമാണ്. ദുരന്തത്തിൽ സ്വത്തുക്കളുടെ നാശനഷ്ടം സംഭവിക്കുന്നത് കാരണം ഉപജീവന അവസരങ്ങൾ തടസ്സപ്പെടുന്നു, തൽഫലമായി വരുമാനം ഉണ്ടാക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ ആളുകൾക്ക് കഴിയാതിരിക്കുന്നത് ആളുകളെ നിരാശരാക്കുകയും മറ്റുള്ളവരുടെ സഹായത്തെ ആശ്രയിക്കേണ്ടി വരികയും ചെയ്യും.

സാമ്പത്തിക പുനരുദ്ധാരണം താഴെ പറയുന്നവ അടിസ്ഥാനമാക്കിയുള്ളതായിരിക്കണം:

- നിലവിലുള്ള ഉപജീവന മാർഗങ്ങളും ബിസിനസുകളുടെ സുസ്ഥിരതയെക്കുറിച്ചും വിശകലനം
- നിലവിലുള്ളതും ഭാവിയിലുമുള്ള അപകടസാധ്യതകളുടെ സമഗ്ര വിശകലനം
- ദുരന്ത ബാധിത കുടുംബങ്ങളുടെ ദൗർബല്യങ്ങൾ
- കഴിവുകളും അറിവും ഉൾപ്പെടെ പുറത്തു നിന്ന് സ്വാധീനിക്കുന്ന ഘടകങ്ങൾ പ്രാപ്യമാക്കൽ
- പ്രവർത്തിക്കുന്ന മാർക്കറ്റുകളിലേക്കുള്ള പ്രവേശനം

ദുരന്തനിവാരണത്തിനായുള്ള 2009 ലെ ദേശീയനയത്തിൻറെ ഖണ്ഡിക 9.5.1 അനുസരിച്ച് ദുരന്തം മൂലം ദുരിതമനുഭവിക്കുന്നവരുടെ സ്ഥിരമായ ഉപജീവനമാർഗം പുനഃസ്ഥാപിക്കുന്നതിന് സംസ്ഥാന സർക്കാരുകൾ മുൻഗണന നൽകേണ്ടതും, സ്ത്രീകളുടെ നേതൃത്വത്തിലുള്ള കുടുംബങ്ങൾ, കരകൗശലത്തൊഴിലാളികൾ, കൃഷിക്കാർ, എന്നീ പാർശ്വവത്കരിക്കപ്പെട്ട ദുർബല വിഭാഗങ്ങൾക്ക് പ്രത്യേക ശ്രദ്ധ നൽകേണ്ടതുമാണ്.

(4) മാനസിക പുനരധിവാസം

ദുരന്ത പുനരധിവാസത്തിൻറെ മറ്റൊരു നിർണായക തലമാണ് മനസിക പുനരധിവാസം. ദുരന്ത ആഘാതം നേരിട്ട ആളുകളുടെ മനശാസ്ത്രവുമായി ഇടപെടുന്നത് വളരെയധികം ജാഗ്രതയോടും ആശങ്കയോടും കൂടി കൈകാര്യം ചെയ്യേണ്ടതാണ്. ബന്ധുക്കളെയും സുഹൃത്തുക്കളെയും നഷ്ടപ്പെടുന്നതുപോലുള്ള മാനസിക ആഘാതവും, ദുരന്ത സംഭവങ്ങളുടെ ആഘാതവും സുഖപ്പെടുത്താൻ ചിലപ്പോൾ പ്രതീക്ഷിക്കുന്നതിനേക്കാൾ കൂടുതൽ സമയമെടുത്തേക്കാം. അത് കൊണ്ട് തന്നെ മാനസിക സമ്മർദം നിയന്ത്രിക്കുന്നതിനായി കൗൺസിലിംഗ് ദുരന്ത പുനരധിവാസ പദ്ധതിയുടെ ഭാഗമാക്കണം.

താഴെ പറയുന്ന കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ ശ്രമിക്കണം:

- സൈക്കോതെറാപ്യൂട്ടിക് ഹെൽത്ത് പ്രോഗ്രാമുകൾ
- ഒക്യുപേഷണൽ തെറാപ്പി
- ഡീബ്രീഫിംഗും ട്രോമ കെയറും
- ദുരന്തബാധിതരുടെ പാരമ്പര്യം, മൂല്യങ്ങൾ, മാനദണ്ഡങ്ങൾ, വിശ്വാസങ്ങൾ, സമ്പ്രദായങ്ങൾ

8

പ്രതിരോധവും ലഘൂകരണവും: പൗരന്മാർക്കുള്ള അവബോധം

മുൻകാലങ്ങളിൽ ദുരന്തനിവരണത്തോടുള്ള സമീപനം പ്രാഥമികമായി പ്രതിപ്രവർത്തനപരവും ദുരിതാശ്വാസ കേന്ദ്രീകൃതവുമായിരുന്നു. പിന്നീട് അതിൽ നിന്നും വ്യത്യസ്തമായി ദുരന്തം തടയൽ, ആഘാത ലഘൂകരണം, തയ്യാറെടുപ്പ് തുടങ്ങിയ ഘടകങ്ങൾ കൂടി ഉൾപ്പെടുത്തിക്കൊണ്ട് സമഗ്രവും സംയോജിതവുമായ ഒരു സമീപനത്തിലേക്ക് ദേശീയതലത്തിൽ ഒരു മാറ്റമുണ്ടായി. വികസന നേട്ടങ്ങൾ സംരക്ഷിക്കുന്നതിനും, ജീവനും, ഉപജീവനത്തിനും, സ്വത്തിനും ഉണ്ടാകുന്ന നഷ്ടം ലഘൂകരിക്കുന്നതും ലക്ഷ്യമാക്കുന്നതാണ് ഈ ശ്രമങ്ങൾ. പ്രതിരോധവും ലഘൂകരണവും സുരക്ഷ ശാശ്വതമായി മെച്ചപ്പെടാൻ കാരണമാകുന്നു.

ദുരന്തസാധ്യതാ വിലയിരുത്തലും മാപ്പിംഗും

ജിയോഗ്രാഫിക് ഇൻഫർമേഷൻ സിസ്റ്റവും റിമോട്ട് സെൻസിംഗ് ഡാറ്റയും ഉപയോഗിച്ച് അപകടസാധ്യതാ സോണേഷൻ, മാപ്പിംഗ്, ദുർബലത വിശകലനം എന്നിവ നടത്താം. ഈ പ്രക്രിയയ്ക്ക് ഒരു പശ്ചാത്തല പരിശോധന ഘടകം നിർബന്ധമായും ഉൾപ്പെടുത്തേണ്ടതുണ്ട്. രാസാപകട സാധ്യതയുള്ള എല്ലാ ജില്ലകൾക്കും ജിഐഎസ് പ്ലാറ്റ്ഫോമുകളിൽ അപകടവും പരിണതഫലവും സംബന്ധിച്ച മാപ്പിംഗ് തയ്യാറാക്കണം.

അടിസ്ഥാനസൗകര്യ നിരീക്ഷണം

അണക്കെട്ടുകൾ, റോഡുകൾ, പാലങ്ങൾ, ഫ്ളൈഓവറുകൾ, റെയിൽ പാതകൾ, പവർ സ്റ്റേഷനുകൾ, വാട്ടർ സ്റ്റോറേജ് ടവറുകൾ, ജലസേചന കനാലുകൾ, ഡെൽറ്റ ജല വിതരണ ശൃംഖലകൾ, നദി, തീരദേശ കായലുകൾ, തുറമുഖങ്ങൾ എന്നിവ ഉൾപ്പെടെയുള്ള നിർണായകമായ അടിസ്ഥാന സൗകര്യങ്ങൾ സുരക്ഷയ്ക്കായി നിരന്തരം നിരീക്ഷിക്കുന്നത് വളരെ പ്രധാനമാണ്. ഇവ ലോകമെമ്പാടുമുള്ള സുരക്ഷാ മാനദണ്ഡങ്ങളുമായി പൊരുത്തപ്പെടുന്നതും, അല്ലാത്തപക്ഷം ശക്തിപ്പെടുത്തേണ്ടതുമാണ്.

പാരിസ്ഥിതികമായ സുസ്ഥിര വികസനം

സുസ്ഥിരത ഉറപ്പുവരുത്തുന്നതിനായി പാരിസ്ഥിതിക പരിഗണനകളും വികസന ശ്രമങ്ങളും യോജിപ്പിച്ച് കൊണ്ടുപോകേണ്ടത് അത്യാവശ്യമാണ്. പാരിസ്ഥിതിക സന്തുലിതാവസ്ഥ പുനഃസ്ഥാപിക്കുന്നതിനും സുസ്ഥിര വികസനത്തിനുമായി വനങ്ങൾ, ദ്വീപുകൾ, തീരപ്രദേശങ്ങൾ, നദികൾ, കാർഷിക, നഗര, വ്യാവസായിക പരിസ്ഥിതി എന്നിവയുടെ പാരിസ്ഥിതിക വ്യവസ്ഥകൾ കൂടി പരിഗണിക്കേണ്ടതുണ്ട്. മേഖലാ ചട്ടങ്ങൾ ആവാസ വ്യവസ്ഥയുടെ സംരക്ഷണം ഉറപ്പാക്കണം.

ഭൂവിനിയോഗ ആസൂത്രണം

മുൻഗണനാക്രമത്തിൽ മാസ്റ്റർ പ്ലാനുകൾ അവലോകനം ചെയ്യുകയും, അവ പാലിക്കപ്പെടുന്നു എന്നുറപ്പാക്കേണ്ടതും അനിവാര്യമാണ്. അത് സംസ്ഥാനങ്ങളുടെയും കേന്ദ്രഭരണ പ്രദേശങ്ങളുടെയും പരമമായ ഉത്തര വാദിത്തമായും കണക്കാക്കണം. വിശാല തലത്തിൽ, വിവിധ ഉപയോഗങ്ങ ളുടെ ആസ്തിവിവരപ്പട്ടികയുടെ അടിസ്ഥാനത്തിൽ ഭൂവിനിയോഗ ആസൂത്ര ണം തയ്യാറാക്കണം. നഗരങ്ങളിൽ വികസനത്തിൻറെ തീവ്രത കണക്കിലെ ടുത്ത് ഭാവിയിലെ ഭൂവിനിയോഗം വിലയിരുത്തണം.

സുരക്ഷിതമായ നിർമ്മാണ രീതികൾ

ഭൂകമ്പങ്ങളും ചുഴലിക്കാറ്റുകളും ഉൾപ്പെടെയുള്ള അപകടങ്ങൾ ആളുക ളെ കൊല്ലുന്നില്ലെങ്കിലും, അപര്യാപ്തമായി രൂപകൽപ്പന ചെയ്തതും മോശമായി നിർമ്മിച്ചതുമായ കെട്ടിടങ്ങൾ ആളുകളുടെ ജീവൻ നഷ്ടപ്പെടാൻ കാരണമാകുന്നു. ദേശീയ ദുരന്ത നിവാരണ അതോറിറ്റിയുടെ ഭൂകമ്പ മാർഗ്ഗ രേഖയിൽ പറഞ്ഞിരിക്കുന്നതുപോലെ പുതിയ കെട്ടിടങ്ങളുടെ സുരക്ഷിത മായ നിർമ്മാണവും, തിരഞ്ഞെടുത്ത ലൈഫ്‌ലൈൻ കെട്ടിടങ്ങളുടെ പുനർ നിർമ്മാണവും ഉറപ്പാക്കുന്നത് ഭൂകമ്പ ആഘാതം ലഘൂകരിക്കുന്നതിനുള്ള സുപ്രധാന നീക്കമാണ്. കെട്ടിട നിർമാണ ചട്ടങ്ങൾ നിർബന്ധമായും കാലാനുസൃത പുതുക്കലിന് വിധേയമാക്കുകയും, പൊതുമണ്ഡലത്തിൽ ലഭ്യമാക്കുകയും വേണം. എല്ലാ സംസ്ഥാന/മുനിസിപ്പൽ കെട്ടിട നിയമങ്ങളി ലും ദേശീയ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കൽ നിർബന്ധമാക്കണം.

അനുബന്ധം

A1. അടിയന്തര സാഹചര്യങ്ങളിൽ ഉപയോഗിക്കാവുന്ന പ്രധാനപ്പെട്ട ഫോൺ നമ്പറുകൾ

നാഷണൽ എമർജൻസി നമ്പർ	112
ഏറ്റവും അടുത്ത പോലീസ് സ്റ്റേഷൻ	100
ഏറ്റവും അടുത്ത അഗ്നിശമന നിലയം (ഫയർ ആൻഡ് റെസ്ക്യൂ)	101
ആംബുലൻസ് സർവീസ്	108
പോലീസ് ഹെല്പ് ലൈൻ	0471 324 3000/4000/5000
പോലീസ് മെസ്സേജ് സെൻറർ	9497 900 000
പോലീസ് ഹൈവേ ഹെല്പ് ലൈൻ	9846 100 100
റെയിൽവേ ഹെല്പ് ലൈൻ	9846 200 100
ക്രൈം സ്റ്റോപ്പർ	1090
വുമൺ ഹെല്പ് ലൈൻ	1091/181
നിർഭയ ടോൾ ഫ്രീ നമ്പർ	1800 425 1400
ചൈൽഡ് ഹെല്പ് ലൈൻ	1098
ട്രാഫിക് ഹെല്പ് ലൈൻ	1099
കേരള കോസ്റ്റൽ പോലീസ് ഹെല്പ് ലൈൻ	1093
ഇന്ത്യൻ കോസ്റ്റ് ഗാർഡ് ഹെല്പ് ലൈൻ	1554
കെഎസ്ഇബി	1912
ഇന്ത്യൻ റെയിൽവേ കോൾ സെൻറർ	139
കേരള ഗവണ്മെൻറ് കോൾ സെൻറർ	155 300/0471155300 / 0471 2335523
ദിശ ഹെൽത്ത് ഹെല്പ് ലൈൻ	1056
ജില്ലാ ദുരന്ത കണ്ട്രോൾ റൂം	1077
കെഎസ് ഡിഎംഎ കണ്ട്രോൾ റൂം	1070/0471 2331639
എൻഡിഎംഎ കണ്ട്രോൾ റൂം	011 1078

സ്രോതസ്സ്: https://kerala.gov.in/helpline (Accessed on June 1, 2020)

A2. ദേശീയ-സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റികൾ സമൂഹമാധ്യമങ്ങളിൽ

ദേശീയ ദുരന്ത നിവാരണ അതോറിറ്റി (NDMA)
വെബ്സൈറ്റ്: https://ndma.gov.in/en/
ഫേസ്ബുക്ക്: https://www.facebook.com/NDMA.in/
ട്വിറ്റർ :@ndmaindia

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി (KSDMA)
വെബ്സൈറ്റ്: https://sdma.kerala.gov.in/
ഫേസ്ബുക്ക്: https://www.facebook.com/KeralaStateDisasterManagementAuthorityksdma/
ട്വിറ്റർ: @KeralaSDMA
വാട്സാപ്പ് നമ്പറുകൾ : +91 (0) 9446568222, 9446580222

A3. ജില്ലാ അടിയന്തര പ്രവർത്തന കേന്ദ്രങ്ങൾ

ജില്ല	ഫോൺ നമ്പർ	മൊബൈൽ നമ്പർ
തിരുവനന്തപുരം	0471 2730045	94977 11281
കൊല്ലം	0474 2794004	94476 77800
പത്തനംതിട്ട	0468 2222515	85476 10039*
ആലപ്പുഴ	0477 2238630	94950 03640
കോട്ടയം	0481 2304800	94465 62236
ഇടുക്കി	04862 232242	94463 03036*
എറണാകുളം	0484 2423001	85476 10077*
തൃശൂർ	0487 2362424	94470 74424
പാലക്കാട്	0491 2505309	85476 10093*
മലപ്പുറം	0483 2736320	94476 78662*
കോഴിക്കോട്	0495 2371002	94465 38900
വയനാട്	04936 204151	80784 09770
കണ്ണൂർ	0497 2713266	85476 16034*
കാസർഗോഡ്	04994 257700	94466 01700

സ്രോതസ്സ്: കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ജില്ലാ കളക്ടറേറ്റുകളുടെ വെബ്സൈറ്റുകൾ

A4. ജില്ലാ കളക്ടർ, ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ ഫയർ ആൻഡ് റെസ്ക്യൂ ഓഫീസർ എന്നിവരുടെ ഫോൺ നമ്പറുകൾ

ജില്ല	ജില്ലാ കളക്ടർ	മെഡിക്കൽ ഓഫീസർ (ഹെൽത്ത്)	ഫയർ ആൻഡ് റെസ്ക്യൂ ഓഫീസർ
തിരുവനന്തപുരം	0471 2731177	0471 2473257	0471 2333109
കൊല്ലം	0474 2794900	0474 2797609	0474 2748101
പത്തനംതിട്ട	0468 2222505	0468 2228220	0468 2222001
ആലപ്പുഴ	0477 2251720	0477 2252329	0477 2251211
കോട്ടയം	0481 2562001	0481 2562778	0481 2567442
ഇടുക്കി	04862 233101	04862 233030	0486 2236100
എറണാകുളം	0484 2372902	0484 2369567	0484 2206131
തൃശൂർ	0487 2361020	0487 2333242	0487 2420183
പാലക്കാട്	0491 2505266	0491 2505264	0491 2505702
മലപ്പുറം	0483 2734355	0483 2737857	0483 2734788
കോഴിക്കോട്	0495 2371400	0495 2370494	0495 2322101
വയനാട്	04936 202230	04935 240390	04936 203101
കണ്ണൂർ	0497 2700243	0497 2700194	0497 2701092
കാസർഗോഡ്	04994 256400	04672 209433	0499 4231101

സ്രോതസ്സ്: ജില്ലാ കളക്ടറേറ്റുകളുടെ വെബ്സൈറ്റുകൾ

A5. ജില്ലാ പോലീസ് മേധാവികളുടെ ഫോൺ നമ്പറുകൾ

ജില്ല	ഓഫീസ് നമ്പർ	മൊബൈൽ നമ്പർ
തിരുവനന്തപുരം (സിറ്റി)	0471 2320579	94979 96991
തിരുവനന്തപുരം (റൂറൽ)	0471 2300303	94979 96985
കൊല്ലം (സിറ്റി)	0474 2764422	94979 96984
കൊല്ലം (റൂറൽ)	0474 2450168	94979 96908
പത്തനംതിട്ട	0468 2222636	94979 96983
ആലപ്പുഴ	0477 2239326	94979 96982
കോട്ടയം	0481 2564700	94979 96980
ഇടുക്കി	04862 233006	94979 96981
എറണാകുളം (കൊച്ചി-സിറ്റി)	0484 2385000	94979 96990
എറണാകുളം (റൂറൽ)	0484 2623550	94979 96979
തൃശൂർ (സിറ്റി)	0487 2423511	94979 96909
തൃശൂർ (റൂറൽ)	0487 2361000	94979 96978
പാലക്കാട്	0491 2534011	94979 96977
മലപ്പുറം	0483 2734377	94979 96976
കോഴിക്കോട് (സിറ്റി)	0495 2722911	94979 96989
കോഴിക്കോട് (റൂറൽ)	0496 2523100	94979 96975
വയനാട്	04936 202525	94979 96974
കണ്ണൂർ	0497 2763330	94979 96973
കാസർഗോഡ്	04994 257401	94979 96972

A6. ജില്ലാ സാമൂഹിക നീതി വകുപ്പ് ഓഫീസുകൾ

ജില്ല	ഫോൺ നമ്പർ	ഇമെയിൽ
തിരുവനന്തപുരം	0471 2343241	dswotvmswd@gmail.com
കൊല്ലം	0474 2790971	dsjosjdklm@gmail.com
പത്തനംതിട്ട	0468 2325168	dsjopta@gmail.com
ആലപ്പുഴ	0477 2253870	dswoalpy@gmail.com
കോട്ടയം	0481 2563980	dsjoktm@gmail.com
ഇടുക്കി	0486 2228160	dswoidkswd@gmail.com
എറണാകുളം	0484 2425377	dsjoekm@gmail.com
തൃശൂർ	0487 2321702	dswotsrswd@gmail.com
മലപ്പുറം	0483 2735324	dsjompm@gmail.com
പാലക്കാട്	0491 2505791	dswopkdswd@gmail.com
കോഴിക്കോട്	0495 2371911	dsjokkd@gmail.com
വയനാട്	04936 205307	dsjowyd@gmail.com
കണ്ണൂർ	0497 2712255	dswoknrswd@gmail.com
കാസർഗോഡ്	0499 4255074	dswokgdswd@gmail.com

ഇത് ഭിന്നശേഷിയുള്ളവർ, പ്രായംചെന്നവർ എന്നിവർക്ക് ഉപകാരപ്രദമാണ്.

സ്രോതസ്സ്: http://swd.kerala.gov.in (Accessed June 30, 2020)

A7. ഇന്ത്യയിലെ ദുരന്ത നിവാരണ സംവിധാനത്തിന്റെ ഘടന



സ്രോതസ്സ്: കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി

A8. കേരളത്തിലെ ദുരന്ത നിവാരണ സംവിധാനത്തിൻറെ ഘടന



സ്രോതസ്സ്: കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി

ചുരുക്കെഴുത്ത്

BSNL	:	ഭാരത് സഞ്ചാർ നിഗം ലിമിറ്റഡ്
CAPFs	:	സെൻട്രൽ ആംഡ് പോലീസ് ഫോഴ്സസ്
CBRN	:	കെമിക്കൽ ബയോളജിക്കൽ റേഡിയോളജിക്കൽ ആൻഡ് നുക്ലീർ
CHC	:	കമ്മ്യൂണിറ്റി ഹെൽത്ത് സെൻറർ
CCS	:	ക്യാബിനറ്റ് കമ്മിറ്റി ഓൺ സെക്യൂരിറ്റി
CoR	:	കമ്മിഷണർ ഓഫ് റിലീഫ്
CWC	:	സെൻട്രൽ വാട്ടർ കമ്മീഷൻ
DDMA	:	ഡിസ്ട്രിക്ട് ഡിസാസ്റ്റർ മാനേജ്മെൻറ് അതോറിറ്റി
DEOC	:	ഡിസ്ട്രിക്ട് എമർജൻസി ഓപ്പറേഷൻസ് സെൻറർ
DIC	:	ഡിസ്ട്രിക്ട് ഇൻസിഡൻറ് കമ്മാൻഡർ
DRR	:	ഡിസാസ്റ്റർ റിസ്ക് റിഡക്ഷൻ
DSS	:	ഡിസിഷൻ സപ്പോർട്ട് സിസ്റ്റം
EWS	:	ഏർലി വാണിംഗ് സിസ്റ്റം
GIS	:	ജോഗ്രഫിക് ഇൻഫർമേഷൻ സിസ്റ്റം
GSI	:	ജിയോളോജിക്കൽ സർവ്വേ ഓഫ് ഇന്ത്യ
ICT	:	ഇൻഫർമേഷൻ ആൻഡ് കമ്മ്യൂണിക്കേഷൻ ടെക്നോളജി
IMD	:	ഇന്ത്യ മെറ്റിയോറോളജിക്കൽ ഡിപ്പാർട്മെൻറ്
INCOIS	:	ഇന്ത്യ നാഷണൽ സെൻറർ ഫോർ ഓഷിയാനിക്ക് ഇൻഫർമേഷൻ സർവീസ്
IRS	:	ഇൻസിഡൻറ് റെസ്പോൺസ് സിസ്റ്റം
KSEB	:	കേരള സ്റ്റേറ്റ് എലക്ട്രിസിറ്റി ബോർഡ്
MIS	:	മാനേജ്മെൻറ് ഇൻഫർമേഷൻ സിസ്റ്റം
MoAFW	:	മിനിസ്ട്രി ഓഫ് അഗ്രിക്കൾച്ചർ ആൻഡ് ഫാർമേഴ്സ് വെൽഫെയർ

NCESS	:	നാഷണൽ സെൻറർ ഫോർ എർത് സയൻസ് സ്റ്റഡീസ്
NCMC	:	നാഷണൽ ക്രൈസിസ് മാനേജ്മെൻറ് കമ്മിറ്റി
NDMA	:	നാഷണൽ ഡിസാസ്റ്റർ മാനേജ്മെൻറ് അതോറിറ്റി
NDMP	:	നാഷണൽ ഡിസാസ്റ്റർ മാനേജ്മെൻറ് പ്ലാൻ
NDRF	:	നാഷണൽ ഡിസാസ്റ്റർ റെസ്പോൺസ് ഫോഴ്സ്
NEC	:	നാഷണൽ എക്സിക്യൂട്ടീവ് കമ്മിറ്റി
NEOC	:	നാഷണൽ എമർജൻസി ഓപ്പറേഷൻസ് സെൻറർ
NGO	:	നോൺ-ഗവൺമെൻറൽ ഓർഗനൈസേഷൻ
NIDM	:	നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസാസ്റ്റർ മാനേജ്മെൻറ്
PHC	:	പബ്ലിക് ഹെൽത്ത് സെൻറർ
PPP	:	പബ്ലിക്ക് പ്രൈവറ്റ് പാർട്ണർഷിപ്പ്
PWD	:	പബ്ലിക്ക് വർക്സ് ഡിപ്പാർട്ട്മെൻറ്
SASE	:	സ്നോ ആൻഡ് അവലാഞ്ച് സ്റ്റഡി എസ്റ്റാബ്ലിഷ്മെൻറ്
SDMA	:	സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെൻറ് അതോറിറ്റി
SDRF	:	സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫോഴ്സ്
SEC	:	സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി
SEOC	:	സ്റ്റേറ്റ് എമർജൻസി ഓപ്പറേഷൻസ് സെൻറർ
SIC	:	സ്റ്റേറ്റ് ഇൻസിഡൻറ് കമ്മാൻഡർ
UNISDR	:	യുഎൻഓഫീസ് ഫോർ ഡിസാസ്റ്റർ റിസ്ക് റിഡക്ഷൻ (ഇപ്പോൾ യുഎൻഡിആർആർ)
VHF	:	വെരി ഹൈ ഫ്രീക്വൻസി

സഹകരണം
യുഎസ് കോൺസുലേറ്റ് ജനറൽ, ചെന്നൈ

തയ്യാറാക്കിയത്
സെന്റർ ഫോർ പബ്ലിക് പോളിസി റിസർച്ച്